# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;**
**അവിടുന്ന് നിങ്ങളോടും**
**ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)**

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.

**വാല്യം 10 ഓഗസ്റ്റ് - 2019 ലക്കം 08**

| ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ |
|---|---|

# ഉള്ളടക്കം


സർക്കുലർ (തടവറ പ്രേഷിതത്വം) ............................... 05
പുരോഹിതനും വിശ്വാസ പരിശീലനവും .................. 11
രൂപതാകച്ചേരി വാർത്തകൾ ...................................... 18
പൊതുപിരിവുകൾ ................................................... 20
വൈദികരുടെ മാസധ്യാനം ......................................... 29
കുടുംബകൂട്ടായ്മ ....................................................... 31
മതബോധനരംഗം ..................................................... 32
ചെറുപുഷ്പ മിഷൻലീഗ് ............................................ 35
*Department of Youth Ministry* ............................................ 42
കെ.സി.വൈ.എം. ..................................................... 44
കുടുംബപ്രേഷിതത്വം ................................................ 52
സീയോൻ വാർത്തകൾ ............................................. 58
വിൻസെന്റ് ഡി പോൾ സൊസൈറ്റി ........................ 60
ജീസസ് യൂത്ത് ......................................................... 64
സാമൂഹ്യ സേവനരംഗം (WSSS) ................................ 67
ബയോവിൻ അഗ്രോ റിസർച്ച് ..................................... 71
കത്തോലിക്കാ കോൺഗ്രസ്സ് ........................................ 75
റേഡിയോ മാറ്റൊലി ................................................... 79
ജയിൽ മിനിസ്ട്രി ........................................................ 85
*Mary Matha Arts & Science College* ........................... 86
വിദ്യാഭ്യാസ മേഖല ...................................................... 89
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ....................................... 91
ബിഷപ്സ് പ്രോഗ്രാം ..................................................... 92

Ref: 3209/K-5/KCBC/OL/DS

# തടവറ പ്രേഷിതദിനം

**2019 ആഗസ്റ്റ് 11, ഞായർ**

**കെ. സി. ബി. സി. ജസ്റ്റിസ് പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷന്റെ ഭാഗമായ ജീസസ് ഫ്രട്ടേണിറ്റി നടത്തുന്ന തടവറ പ്രേഷിത പ്രവർത്തനങ്ങളിൽ സഭാമക്കളുടെ പങ്കിനെപ്പറ്റിപ്രതിപാദിക്കുന്ന സർക്കുലർ**

കർത്താവിൽ പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ,

1887 മാർച്ച് 17 ന് പാരീസുകാരിയായ മരീ റെഗ്നോൾട്ട് അവളുടെ മുറിയിൽ മരിച്ചു കിടക്കുന്നതായി കാണപ്പെട്ടു. അവളുടെ കഴുത്ത് മുറിക്കപെട്ടിരുന്നു. വാതിലിനടുത്ത് അവളുടെ വേലക്കാരിയായ അനീറ്റയുടെ മൃതദേഹം കിടന്നിരുന്നു. അവളുടെ കഴുത്തിനും മുറിവുണ്ടായിരുന്നു. അവളുടെ കിടക്കയിൽ വേലക്കാരിയുടെ മകൾ മരീയും മരിച്ചു കിടന്നിരുന്നു. ആഭരണങ്ങൾ മോഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ ക്രൂരത കാണിച്ചതെന്ന് ന്യൂയോർക്ക് ടൈംസ് എന്ന പത്രം റിപ്പോർട്ട് ചെയ്തു. ഒരാഴ്ചക്കുള്ളിൽ പോലീസ് കുറ്റവാളിയായ ഫ്രാൻസീനിയെ പിടികൂടി. അയാൾക്കു മൂന്നു കൊലപാതക കുറ്റങ്ങൾക്കുള്ള വധശിക്ഷ വിധിക്കപ്പെട്ടു.

ഈ സംഭവം നടക്കുമ്പോൾ ലിസ്യൂവിലെ കൊച്ചുത്രേസ്യായ്ക്ക് പതിനാല് വയസേ ഉണ്ടായിരുന്നുള്ളു. എന്നാലും അതിൽ ഇടപെടാൻ താൻ നിർബന്ധിക്കപ്പെടുന്നതായി അവൾക്കു തോന്നി, “ഒരാത്മാവിന്റെ കഥ” എന്ന ആത്മകഥയിൽ അവൾ ഇതിനെക്കുറിച്ച് എഴുതിയിട്ടുണ്ട്. ഫ്രാൻസീനി മനസ്തപിക്കാതെ മരിക്കുമെന്ന് അവൾക്കു തോന്നി. അയാളെ നരകത്തിൽ വീഴാതെ എന്തു വിലകൊടുത്തും രക്ഷിക്കണമെന്ന് അവൾ ആഗ്രഹിച്ചു. ഫ്രാൻസീനിയെ രക്ഷിക്കാൻ വേണ്ടി നമ്മുടെ കർത്താവിന്റെ അനന്ത യോഗ്യതകൾ അവൾ ദൈവത്തിനു കാഴ്ചവെച്ചു. വിശുദ്ധ കുർബാനകൾ കാഴ്ചവെച്ചു, പരിത്യാഗങ്ങൾ അനുഷ്ഠിച്ചു. 1887 സെപ്റ്റംബർ 1–ാം തീയതി പത്രത്തിൽ ഇങ്ങനെ വായിച്ചു. ഫ്രാൻസീനിയുടെ തല വധ യന്ത്രത്തിൽ വയ്ക്കാൻ തുടങ്ങിയപ്പോൾ അയാൾ തിരിഞ്ഞ് പുരോഹിതൻ നീട്ടിപിടിച്ച ക്രൂശിത രൂപത്തിൽ പിടിച്ച് തിരുമുറിവുകളെ മൂന്ന് പ്രാവശ്യം ചുംബിച്ചു. “അനുതാപം ആവശ്യമില്ലാത്ത 99 നീതിമാന്മാരെക്കുറിച്ച് എന്നതിനേക്കൾ അനുതപിക്കുന്ന

ഒരു പാപിയെ കുറിച്ച് സ്വർഗ്ഗത്തിൽ കൂടുതൽ സന്തോഷമുണ്ടാകും" (ലൂക്ക 15:7). എന്ന് പ്രഖ്യാപിക്കുന്ന യേശുവിന്റെ കരുണാപൂർവ്വകമായ വചനം കേട്ട് അയാൾ ലോകം വിട്ട് പോയി.

തടവുകാരെ നിത്യനാശത്തിൽനിന്നും സ്വതന്ത്രരാക്കാൻ കത്തോലിക്കരായ നമുക്ക് വിശുദ്ധ കൊച്ചുത്രേസ്യായ്ക്ക് എന്നതു പോലെ വലിയ ഉത്തരവാദിത്വമുണ്ട്. തടവുകാരുടെ ദയനീയ സ്ഥിതിയെപ്പറ്റി നാം ചിന്തിച്ചിട്ടുണ്ടോ? അവരുട സഹനം? അപമാനം? പ്രതീക്ഷയില്ലായ്മ? നിസഹായ മനോഭാവം? മനുഷ്യത്വത്തിന് യോജിക്കാത്ത അവസ്ഥകൾ? അവരുടെ കുടുംബങ്ങൾ? ഇരകളാക്കപ്പെട്ടവരും അവരുടെ കുടുംബങ്ങളും? മിക്കപ്പോഴും തടവറകൾ തിങ്ങിഞ്ഞെരുങ്ങിയതും വേണ്ടത്ര ഉദ്യോഗസ്ഥരിലില്ലാത്തവരും അനാരോഗ്യപരവും സാമ്പത്തിക പരിമിതികളാൽ ശോചനീയവുമായി കാണപ്പെടാറുണ്ട്. നാം എന്നെങ്കിലും അവർക്കുവേണ്ടി പ്രാർത്ഥിച്ചിട്ടുണ്ടോ: അവർക്ക് ഒരു എഴുത്ത് അയച്ചിട്ടുണ്ടോ? അവരെ സന്ദർശിച്ചിട്ടുണ്ടോ? ഇത് കർത്താവ് തന്നെ പറഞ്ഞതാണ്: "ഞാൻ കാരാഗ്രഹത്തിലായിരുന്നു; നിങ്ങളെന്നെ സന്ദർശിച്ചോ?" സുപ്രധാനമായ ഈ ദൗത്യം നമ്മെ ഓർമ്മിപ്പിക്കുന്നതിനുവേണ്ടി ഭാരത കത്തോലിക്കാ സഭ തടവറ പ്രേഷിതിപ്രവർത്തനങ്ങളുടെ മധ്യസ്ഥനായ വി. മാക്സ്മില്യൻ മരിയ കോൾബെയുടെ തിരുനാൾ ദിനമായ ആഗസ്റ്റ് 14 നു മുമ്പ് വരുന്ന ഞായറാഴ്ച തടവുകാർക്കുവേണ്ടി മാറ്റി വച്ചിരിക്കുകയാണ്. യേശു സാഹോദര്യ ശുശ്രൂഷാ ഞായർ എന്നാണ് അത് അറിയപ്പെടുന്നത്.

ക്രിമിനൽ പോളിസി ഇൻസ്റ്റിസ്റ്റ്യൂട്ടിന്റെ (ICPR) റിപ്പോർട്ട് അനുസരിച്ച് 2018 സെപ്റ്റംബർ 30 ന് ലോകത്തിൽ ഒരുകോടി എഴുലക്ഷത്തിനാൽപ്പത്തിമൂവായിരത്തി അറുനൂറ്റി പത്തൊമ്പത് തടവുകാരുണ്ട്. ഇന്ത്യയിൽ നാലു ലക്ഷത്തി പത്തൊമ്പതിനായിരത്തി അറുനൂറ്റി ഇരുപത്തി മൂന്ന് സഹോദരങ്ങൾ തടവറകളിലുണ്ട്. അവർക്കുവേണ്ടി പ്രാർത്ഥിക്കാനും അവരെ സന്ദർശിക്കാനും അവരുടെ മോചനത്തിനുവേണ്ടിയുള്ള നിയമാനുസൃതമായ പ്രക്രിയയിൽ സഹായിക്കാനും അവരുടെ ജീവിത നവീകരണം പുനരധിവാസം അവരുടെ കുടുംബങ്ങൾ എന്നീ മേഖലകളിൽ ശ്രദ്ധ പതിപ്പിക്കാനും നമുക്ക് കടമയുണ്ട്; എന്തെന്നാൽ തടവറക്കാർ നമ്മുടെ സഹോദരങ്ങളാണ്. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവർ (ഉൽപ. 1:27). കുറ്റക്കാരെ കർശനമായി നേരിടണമെന്നും അവർക്ക് കഠിനമായ ശിക്ഷ നൽകണമെന്നും ചിന്തിക്കുന്നവരാണ് നമ്മിൽ ഭൂരിഭാഗം ആളുകളും. അതു കുറേയൊക്കെ സാധൂകരിക്കാവുന്നതുമാണ്. കുറ്റങ്ങൾ കുറക്കാൻ അത്

സഹായകരമാണെന്നു പൊതുവേ കരുതപ്പെടുന്നു. പ്രത്യേകിച്ച് ആക്രമണത്തിന് വിധേയരായവരുടെ അവകാശങ്ങളോടുള്ള താൽപര്യവും അവരോടുള്ള അനുകമ്പയും കുറ്റവാളികളോട് ഒരു പ്രതി കാര മനോഭാവം ഉണർത്തുവാൻ ഇടയാക്കുന്നു എന്ന് സമ്മതിക്കണം. ഈ സാഹചര്യത്തിൽ കുറ്റം ചെയ്യുന്നവരോടുള്ള കത്തോലിക്കരുടെ പ്രതികരണം എന്തായിരിക്കണം? സുവിശേഷമൂല്യങ്ങളാൽ നയിക്കപ്പെട്ട് അവരെ മാനസാന്തരത്തിലേക്ക് നയിക്കണമെന്ന് തിരുസഭ സഭാ മക്കളെ ഓർപ്പിക്കുന്ന ദിനമാണിന്ന്.

യേശു പ്രത്യേകമായ വിധത്തിൽ തടവറക്കാരെയും വേശ്യ കളെയും ചുങ്കംപിരിക്കുന്നവരേയും കുറ്റവാളികളേയും സ്നേഹിക്കു കയും അവരെ രക്ഷിക്കാൻ തന്റെ രക്തം ചിന്തുകയും ചെയ്തു. അവി ടുന്ന് പറഞ്ഞു: “ചുങ്കക്കാരും വേശ്യകളുമായിരിക്കും നിങ്ങൾക്കുമുമ്പേ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുക” (മത്താ.21:31). അവിടുന്ന് മത്തായി യുടെ ചുങ്കപ്പിരിവ് കേന്ദ്രം സന്ദർശിക്കുകയും അദ്ദേഹത്തെ തന്റെ ശിഷ്യ നാക്കുകയും ചെയ്തു. പാപികളുടെയും ചുങ്കക്കാരുടെയും കൂടെ ഇരുന്ന് ഭക്ഷണം കഴിച്ചപ്പോൾ യേശുപറഞ്ഞു, താൻ നീതിമാന്മാരെ വിളിക്കാ നല്ല പാപികളെ അനുതാപത്തിലേക്ക് വിളിക്കാനാണ് വന്നതെന്ന് (ലൂക്ക.5:32). നസ്രത്തിലെ സിനഗോഗിൽ വെച്ച് യേശു “ബന്ധനസ്ഥർക്ക് മോചനം പ്രഖ്യാപിക്കാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു” എന്നും (ലൂക്ക.4:18). താൻ വിശക്കുന്നവരിലും ദാഹിക്കുന്നവരിലും വിജാതിയ രിലും ദരിദ്രരിലും രോഗികളിലും ബന്ധനസ്ഥരിലും ജീവിക്കുന്നു എന്നും വെളിപ്പെടുത്തിയിരിക്കുന്നു (മത്താ.25:31-46).

തടവറ ശുശ്രൂഷാ ഞായറാഴ്ചയുടെ രണ്ടായിരത്തി പത്തൊമ്പ തിലെ പ്രമേയം “ഭിത്തികൾ തടവറകൾ സൃഷ്ടിക്കുന്നില്ല എന്നതാണ്”. റിച്ചാർഡ് പോളിന്റെ ‘തടവറയിൽ നിന്ന് അൾത്താരയിലേക്ക്’ (From Prison to the Altar) എന്ന് പേരുള്ള കവിതയിൽ നിന്നാണ് ഈ ആപ്ത വാക്യം എടുത്തിട്ടുള്ളത്. വെസ്റ്റ് മിനിസ്റ്റർ ആബിയുടെ അടുത്തുള്ള ഗെയ്റ്റ് ഹൗസ് പ്രിസൺ എന്ന ജയിലിൽ തടങ്കൽ വാസമനുഭവിക്കു മ്പോഴാണ് ഈ കവിത അദ്ദേഹം എഴുതിയത്. കരിങ്കൽ ഭിത്തികളും ഇരുമ്പഴികളും സ്വതന്ത്രമായ ശാരീരീക ചലനത്തിൽ നിന്ന് വ്യക്തി കളെ തടയുന്നു. പക്ഷേ, ഇനിയും സ്വതന്ത്രമായി സ്നേഹിക്കാൻ കഴിയുമെങ്കിൽ അവരുടെ ചിന്തകൾ സ്വതന്ത്രമായി പറക്കുന്നു. അപ്പോൾ അവർ ഹൃദയത്തിലും മനസിലും ആത്മാവിലും സ്വതന്ത്ര രാണ്. ജയിൽ വാസം ഒരുവന്റെ ചിന്തകളേയും ഭാവനയേയും സ്വപ്ന ങ്ങളേയും കാഴ്ചകളേയും, ഉൾക്കാഴ്ചകളേയും പദ്ധതികളേയും

തടയുന്നില്ല. നിങ്ങൾക്ക് മനസിന്റെ ശരിയായ ചട്ടക്കൂടുണ്ടെങ്കിൽ, നിങ്ങളുടെ മനസ് നിഷ്കളങ്കവും പ്രശാന്തവുമാണെങ്കിൽ മറ്റുള്ളവർ തടവറയായി കാണുന്നതിനെ അഭയകേന്ദ്രമായി, ആശ്രയമായി കാണാനാവും. അവിടെ പരിഷ്ക്കാരങ്ങളും ജീവിതനവീകരണങ്ങളും ഉണ്ടാകും. എന്തെന്നാൽ, "ദൈവത്തിന് ഒന്നും അസാധ്യമല്ല" (ലൂക്ക. 1:37). പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപാപ്പ 2019 ജനുവരി 25 ന് പനാമയിലെ ലാസ് ഗർസാസ് ദെപക്കോറ എന്ന സ്ഥലത്ത് പ്രായപൂർത്തിയാവാത്തവരെ തടവിൽ പാർപ്പിക്കുന്ന കേന്ദ്രത്തിൽ നടത്തിയ അനുതാപ ലിറ്റർജിയിൽ പാപികളേയും കുറ്റക്കാരേയും അകറ്റി നിർത്താൻ വേണ്ടി സമൂഹം അദൃശ്യ ഭിത്തികൾ നിർമ്മിക്കുന്നതിനെ അപലപിച്ചു. അദ്ദേഹം പ്രഭാഷണത്തിൽ ഇങ്ങനെ ആഹ്വാനം ചെയ്തു: "തിന്മയെ നന്മകൊണ്ടും ദ്രോഹത്തെ ക്ഷമകൊണ്ടും കീഴടക്കാനും എല്ലാവരോടും സമാധാനത്തിൽ ജീവിക്കാനും വേണ്ടി ഭിത്തികൾ നിർമ്മിക്കാതെ പാലങ്ങൾ നിർമ്മിക്കാൻ ഞാൻ നിങ്ങളെ ക്ഷണിക്കുന്നു". ലോകത്തിലെല്ലാം വധശിക്ഷ ഇല്ലാതാക്കാൻ ഫ്രാൻസീസ് പാപ്പ പരിശ്രമിക്കുന്നു. നമുക്ക് അദ്ദേഹത്തോട് ചേർന്ന് നിൽക്കാം. കാരണം, വധശിക്ഷ മനുഷ്യത്വത്തെ ആക്രമിക്കലാണ്. ഇത്തരുണത്തിൽ ഭാരതത്തിൽ ഈ അടുത്തയിടെ പാസാക്കിയ വധശിക്ഷാ നിയമം-കുഞ്ഞുങ്ങളെ ലൈംഗികമായി പീഡിപ്പിക്കുന്നവർക്കുള്ള വധശിക്ഷാ നിയമം-ഏറെ വേദനയോടെയാണ് കാണുന്നത്. കുഞ്ഞുങ്ങൾക്കും വെല്ലുവിളികൾ നേരിടുന്നവർക്കും എതിരേ നടക്കുന്ന ഇത്തരത്തിലുള്ള അതിക്രമങ്ങൾ തീർത്തും അപലനീയവും ഗൗരവുമായ കുറ്റവുമാണ്. എന്നാൽ അതിന്റെ പേരിൽ കുറ്റക്കാരെ വധിക്കുന്ന നിയമം വീണ്ടും അപകടകരവും മനുഷ്യത്വഹീനവുമാണ്. ജീവൻ ദൈവത്തിന്റെ ദാനമാണ്. അത് പരിപോഷിപ്പിക്കപ്പെടുകതന്നെവേണം.

യേശു സാഹോദര്യ കൂട്ടായ്മയുടെ അഥവാ തടവറ പ്രേഷിത കൂട്ടായ്മയുടെ പ്രസക്തി ഇന്ന് എന്നത്തേതിനേയുംകാൾ വലുതാണ്. ജീസസ്സ് ഫ്രട്ടേണിറ്റി, തടവറകളിൽ ശുശ്രൂഷ ചെയ്യുന്ന ഒരു കൂട്ടായ്മയാണ്. കഴിഞ്ഞ 33 വർഷങ്ങളായി കേരളത്തിലെ 55-ഓളം വരുന്ന ജയിലുകൾ സന്ദർശിക്കുകയും തടവറയിലെ സഹോദരങ്ങൾക്ക് ഭാവാത്മകമായ ചിന്തകളിലൂടെയും ക്ലാസ്സുകളിലൂടേയും കൗൺസലിംഗുകളിലൂടെയും ക്രൈസ്തവരായവർക്ക് പരിശുദ്ധ കുർബാനയും കുമ്പസാരവും പരികർമ്മം ചെയ്യുന്നതിലൂടെയും ശരിയായ ജീവിതദർശനം പകർന്നു നൽകി നല്ല ചിന്തകളാൽ അവരുടെ മനസിനെ നിറയ്ക്കുകയും ചെയ്യുന്നതിൽ ഈ കൂട്ടായ്മ അങ്ങേയറ്റം ശ്രദ്ധിക്കുന്നു. കേരള

കത്തോലിക്കാ മെത്രാൻ സമിതിയുടെ ജസ്റ്റിസ് പീസ് ആന്റ് ഡവലപ്പ്മെന്റ് എന്ന കമ്മീഷന്റെ കീഴിൽ ഒരു വിഭാഗമായി ജീസസ്സ് ഫ്രട്ടേണിറ്റി പ്രവർത്തിക്കുന്നു. ജയിലുകൾ മാത്രമല്ല, തടവറയിലെ സഹോദരങ്ങളേയും കുറ്റകൃത്യങ്ങൾക്ക് ഇരയായവരുടേയും ഭവനങ്ങൾ സന്ദർശിക്കുകയും കുടുംബങ്ങൾക്ക് ആശ്വാസം നൽകുകയും ജയിൽ മോചിതരായവരേയും അവരുടെ മക്കളേയും ജീസസ്സ് ഫ്രട്ടേണിറ്റി പുനരധിവാസ കേന്ദ്രങ്ങളിൽ താമസിപ്പിച്ച് പഠിപ്പിക്കുകയും വിവാഹ പ്രായം എത്തിയവരെ വിവാഹം കഴിപ്പിച്ച് അയക്കാൻ സഹായിക്കുകയും ചെയ്യുക എന്നതെല്ലാം ഈ കൂട്ടായ്മ കഴിഞ്ഞ 33 വർഷമായി ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങളാണ്.

പതിനൊന്ന് പുനരധിവാസ കേന്ദ്രങ്ങൾ ജീസസ്സ് ഫ്രട്ടേണിറ്റി നടത്തുന്നു. മൂന്ന് എണ്ണം വീതം പുരുഷന്മാർക്കും സ്ത്രീകൾക്കും ബാക്കി കുട്ടികൾക്കും വേണ്ടിയുമാണ് നിജപ്പെടുത്തിയിരിക്കുന്നത്. തടവറയിൽ നിന്ന് ഇറങ്ങുന്നവരെ പുനരധിവസിപ്പിക്കാനുള്ള കേന്ദ്രങ്ങൾ ഇന്ത്യയിൽ തന്നെ യേശു സാഹോദര്യ കൂട്ടായ്മയ്ക്ക് മാത്രമാണുള്ളത്. 2550–ൽ പരം തടവറക്കാരെ പുനരധിവസിപ്പിക്കാനും സാധാരണ ജീവിതത്തിലേക്ക് കൊണ്ടുവരാനും യേശു സാഹോദര്യ കൂട്ടായ്മയ്ക്ക് സാധിച്ചിട്ടുണ്ട്. തൃശൂർ വെട്ടുക്കാട്ടിൽ പുരുഷന്മാർക്കുള്ള കേന്ദ്രവും തിരുവനന്തപുരം മൺവിളയിൽ സ്ത്രീകൾക്കുള്ള കേന്ദ്രവും യേശു സാഹോദര്യത്തിന്റെ നേരിട്ടുള്ള സംരക്ഷണയിലും നിയന്ത്രണത്തിലുമാണ്. 1990–ൽ ആരംഭിച്ച ഈ പുനരധിവാസ കേന്ദ്രങ്ങളിൽ നിന്ന് നൂറിലധികം പെൺകുട്ടികളെ നാളിതുവരെ വിവാഹം കഴിപ്പിച്ച് അയച്ചിട്ടുണ്ട്. 500–ൽ പരം കുടുംബങ്ങൾ പുനരധിവസിപ്പിക്കപ്പെട്ടു. അവരുടെ കൂട്ടായ്മകൾ വിളിച്ചു ചേർക്കുകയും അവരുടെ മക്കൾക്കായി എല്ലാ വർഷവും ക്യാമ്പുകൾ സംഘടിപ്പിച്ച് പഠനോപകരണങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. കേരളത്തിലെ തടവറകളിൽ ജീസസ്സ് ഫ്രട്ടേണിറ്റി നടത്തുന്ന പ്രവർത്തനങ്ങൾക്ക് അംഗീകാരമെന്നോണം ജയിൽ വകുപ്പ് എല്ലാ ജയിലുകളും സന്ദർശിക്കാൻ ഈ കൂട്ടായ്മയ്ക്ക് മാത്രം ഒരു പൊതു അംഗീകാരം നൽകിയിട്ടുണ്ട്.

കേരളത്തിലെ 33 രൂപതകളിലും ഡയറക്ടറച്ചന്മാരുടെ നേതൃത്വത്തിൽ 46–ഓളം യൂണിറ്റുകളിലായി 1000 ത്തിൽ പരം വോളണ്ടിയർമാർ പ്രത്യക്ഷമായും പരോക്ഷമായും ഈ ശുശ്രൂഷയിൽ പങ്കുചേരുന്നു. കേരളത്തിലെ എല്ലാ രൂപതകളിലും കൂടുതൽ ആളുകൾ ഈ രംഗത്തേയ്ക്ക് കടന്നുവരണമെന്ന് അഭ്യർത്ഥിക്കുന്നു. കേരളത്തിലെ 9 മേജർ സെമിനാരികളിലും ജീസസ്സ് ഫ്രട്ടേണിറ്റി യൂണിറ്റുകൾ ഭംഗിയായി

പ്രവർത്തിക്കുന്നുണ്ട്. സെമിനാരിക്കാർ ഈ രംഗത്ത് ചെയ്യുന്ന ശുശ്രൂഷ സ്തുത്യർഹമാണ്. അനേകം അൽമായരും സിസ്റ്റേഴ്സും ഈ പ്രവർത്തനത്തിൽ പങ്കുചേരുന്നു. അവർക്കെല്ലാം ഹൃദയപൂർവ്വകമായ അനുമോദനങ്ങളും നന്ദിയും അർപ്പിക്കട്ടെ. തടവറ പ്രേഷിതദിനത്തിൽ ഇടവകയിൽ ശേഖരിക്കുന്ന പിരിവുകൊണ്ടാണ് ജീസസ്സ് ഫ്രട്ടേണിറ്റി യുടെ ബഹുമുഖ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നത്. ഈ വർഷവും ആ പിരിവ് നടത്തി പി.ഒ.സി. യിൽ പ്രവർത്തിക്കുന്ന ജീസസ്സ് ഫ്രട്ടേണിറ്റിയുടെ സംസ്ഥാന ഓഫീസിലേയ്ക്ക് അയച്ചുകൊടുക്കണ മെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. എല്ലാവരുടേയും ഔദാര്യപൂർവ്വ മായ സഹകരണം ഇക്കാര്യത്തിൽ ഉണ്ടാകുമല്ലോ.

ജീസസ്സ് ഫ്രട്ടേണിറ്റിയ്ക്ക് എല്ലാവിധ നന്മകളും നേരുന്നതോ ടൊപ്പം ആഗതമാകുന്ന ഭാരത സ്വാതന്ത്ര്യദിനം നമ്മെ യഥാർത്ഥ സ്വാത ന്ത്ര്യത്തിലേയ്ക്കും നന്മയിലേയ്ക്കും നയിക്കട്ടെ എന്നു പ്രാർത്ഥിക്കു കയും ചെയ്യുന്നു. ദൈവാനുഗ്രഹം നേർന്നുകൊണ്ട്,

ജീസസ്സ് ഫ്രട്ടേണിറ്റിക്കുവേണ്ടി,

**ആർച്ചുബിഷപ് തോമസ് മാർ കൂറിലോസ്**
ചെയർമാൻ, കെ.സി.ബി.സി. ജസ്റ്റീസ് പീസ് ആൻഡ്
ഡെവലപ്പ്മെന്റ് കമ്മീഷൻ
**ആർച്ചുബിഷപ്പ് ജോസഫ് കളത്തിപ്പറമ്പിൽ**
വൈസ് ചെയർമാൻ, കെ.സി.ബി.സി. ജസ്റ്റീസ് പീസ് ആൻഡ്
ഡെവലപ്പ്മെന്റ് കമ്മീഷൻ
**ബിഷപ്പ് മാർ ജോസ് പൊരുന്നേടം**
വൈസ് ചെയർമാൻ, കെ.സി.ബി.സി. ജസ്റ്റീസ് പീസ് ആൻഡ്
ഡെവലപ്പ്മെന്റ് കമ്മീഷൻ

---

**NB:- ഈ സർക്കുലർ 2019 ഓഗസ്റ്റ് മാസം 11-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീ കരിച്ച് കൊടുക്കുകയോ ചെയ്യേണ്ടതാണ്.**

# പുരോഹിതനും വിശ്വാസപരിശീലനവും

**മല്പാൻ മാത്യു വെള്ളാനിക്കൽ**

**(തിരുവചനഭാഗം: ശ്ലീഹ 19,1-41)**

പൗലോസ് ശ്ലീഹായുടെ മൂന്നാം പ്രേഷിതയാത്രയിൽ ശുശ്രൂഷ നിർവഹിച്ച പ്രധാനപ്പെട്ട നഗരങ്ങളിലൊന്നായ എഫേസോസിലെ ശുശ്രൂഷയുടെ വിശദാംശങ്ങളാണ് ശ്ലീഹ 19-ാം അദ്ധ്യായത്തിന്റെ ഉള്ളടക്കം. എഫേസോസിലെ സുവിശേഷശുശ്രൂഷയിൽ പൗലോസ്ശ്ലീഹായ്ക്കുണ്ടായ അനുഭവങ്ങൾ, ഒരു പുരോഹിതന് തന്റെ ശുശ്രൂഷയിൽ നേരിടേണ്ടി വരാവുന്ന ചില പ്രത്യേക സാഹചര്യങ്ങളെക്കുറിച്ച് ചിന്തിക്കുവാനും അവയെ എങ്ങനെ നേരിടണമെന്നു മനസ്സിലാക്കുവാനും സഹായകരമാണ്. ഈ അദ്ധ്യായം താഴെപ്പറയുംവിധം നമുക്കു വിഭജിക്കാം.

1. പൗലോസ് വീണ്ടും എഫേസോസിൽ (19,1-7)
2. പൗലോസിന്റെ എഫേസോസിലെ ശുശ്രൂഷ (19,8-10)
3. പൗലോസിന്റെ അടയാളങ്ങളും സ്കേവായുടെ പുത്രന്മാരും (19,11-16)
4. അന്ധവിശ്വാസനാശവും വചനപ്രചാരണവും (19,17-22)
5. വെള്ളിപ്പണിക്കാരുടെ ലഹള (19,23-41)

**1. പുരോഹിതൻ: തുടർപരിശീലകൻ**

"അപ്പോൾ പൗലോസ് പറഞ്ഞു: യോഹന്നാൻ തനിക്കു പിന്നാലെ വരുന്നവനിൽ, അതായത്, ഈശോയിൽ വിശ്വസിക്കണമെന്ന് ജനങ്ങളെ ഉദ്ബോധിപ്പിച്ചുകൊണ്ട് അനുതാപത്തിന്റെ സ്നാനമാണ് നല്കിയത്. അവർ ഇതുകേട്ട് കർത്താവായ ഈശോയുടെ നാമത്തിൽ സ്നാനം സ്വീകരിച്ചു. പൗലോസ് അവരുടെമേൽ കൈകൾ വച്ചപ്പോൾ പരിശുദ്ധാത്മാവ് അവരുടെമേൽ വന്നു. അവർ അന്യഭാഷകളിൽ സംസാരിക്കുകയും പ്രവചിക്കുകയും ചെയ്തു. അവർ ഏകദേശം പന്ത്രണ്ടു പേരുണ്ടായിരുന്നു" (19,4-7).

എഫേസോസിൽവച്ച് പൗലോസ് പന്ത്രണ്ടു ശിഷ്യന്മാരെ കാണുകയുണ്ടായി. 'ശിഷ്യൻ' എന്ന പദം മിശിഹായിൽ വിശ്വസിക്കുന്നവരെ ഉദ്ദേശിച്ച് സാധാരണ ഉപയോഗിച്ചു വന്നിരുന്നതാണ്. എന്നാൽ അവർ അപ്പോളോസിനെപ്പോലെ, യോഹന്നാന്റെ സ്നാപനം മാത്രമേ അറിഞ്ഞിരുന്നുള്ളു. പരിശുദ്ധാത്മദാനം ലഭിക്കാത്ത, പന്തക്കുസ്താനുഭവത്തിനു മുമ്പുള്ള അവസ്ഥയെ ചൂണ്ടിക്കാണിക്കുന്നതാണ് യോഹന്നാന്റെ സ്നാപനം. അപ്പോളോസും എഫേസോസിലെ ശിഷ്യരും യോഹന്നാന്റെ

സ്നാപനമേ സ്വീകരിച്ചിരുന്നുള്ളു. അതുകൊണ്ട് എഫേസോസിലെ ശിഷ്യന്മാർക്ക് പൗലോസ് ഈശോമിശിഹായുടെ നാമത്തിലുള്ള മാമ്മോദീസാ നല്കി. മാത്രമല്ല, പൗലോസ് അവരുടെമേൽ കൈകൾവച്ച് പരിശുദ്ധാത്മാവിനെ നല്കുകയും ചെയ്തു. അതായത്, അവരെ ക്രിസ്തീയവിശ്വാസത്തിലേക്ക് പൂർണ്ണമായി പ്രവേശിപ്പിച്ചു. അതിനുശേഷം ദൈവരാജ്യത്തെക്കുറിച്ച് ധൈര്യപൂർവ്വം പ്രസംഗിച്ചു എന്നുംകൂടി അവിടെ പറയുന്നു.

ഈ സംഭവം ശ്ലീഹ 8,17 ൽ മിശിഹായിൽ വിശ്വാസം സ്വീകരിച്ച സമറിയാക്കാരുടെമേൽ പത്രോസ് കൈകൾവച്ച സംഭവവുമായി താരതമ്യപ്പെടുത്താവുന്നതാണ്. അതായത്, അവരെ പ്രവേശനകൂദാശകൾ നല്കി പൂർണ്ണമായ വിശ്വാസത്തിലേക്കു പ്രവേശിപ്പിച്ചു. 'ഈശോയുടെ നാമത്തിൽ' എന്നിവിടെ വിശേഷിപ്പിച്ചിരിക്കുന്നത് 'പരിശുദ്ധ ത്രിത്വത്തിന്റെ നാമത്തിൽ'തന്നെയായിരിക്കാനാണ് സാധ്യത. മറ്റു സ്നാനങ്ങളിൽനിന്നും തിരിച്ചറിയുവാൻവേണ്ടി 'ഈശോയുടെ നാമത്തിൽ' എന്നു പറയുന്നതാവാം. അതുകൊണ്ട് ക്രിസ്തീയവിശ്വാസത്തിന്റെ പൂർണ്ണതയിലേക്ക് അവരെ പ്രവേശിപ്പിച്ചുകൊണ്ട് പൗലോസ് അവരെ പഠിപ്പിച്ചു എന്നുവേണം നാം മനസ്സിലാക്കുവാൻ. മിശിഹാശിഷ്യത്വം, പ്രവേശനകൂദാശാസ്വീകരണവും തുടർന്നുള്ള വിശ്വാസപരിശീലനവും ആവശ്യപ്പെടുന്നു എന്ന് ഈ സംഭവം നമ്മെ ഓർമ്മിപ്പിക്കുന്നു. മാമ്മോദീസാ നല്കി പഠിപ്പിച്ച് ശിഷ്യരാക്കുവാനാണല്ലോ ഈശോ ശ്ലീഹന്മാരോട് ആവശ്യപ്പെട്ടത് (മത്താ 28,19). അതുകൊണ്ട് പുരോഹിതർ കൂദാശാശുശ്രൂഷകൊണ്ടുമാത്രം തൃപ്തിപ്പെടാതെ വിശ്വാസത്തിലുള്ള തുടർപരിശീലനത്തിലും പ്രബോധനത്തിലും പ്രത്യേകം ശ്രദ്ധിക്കണം.

**2. പുരോഹിതൻ: വിശ്വാസപ്രബോധകൻ**

"അവർ സിനഗോഗിൽ പ്രവേശിച്ച് ധൈര്യപൂർവ്വം ദൈവരാജ്യത്തെക്കുറിച്ച് മൂന്നു മാസം പ്രസംഗിക്കുകയും വാദപ്രതിവാദത്തിൽ ഏർപ്പെടുകയും ചെയ്തു. എന്നാൽ ദുർവാശിക്കാരായ ചിലർ വിശ്വസിക്കാൻ വിസമ്മതിക്കുകയും സമൂഹത്തിന്റെ മുമ്പിൽ ക്രിസ്തുമാർഗ്ഗത്തെ ദുഷിക്കുകയും ചെയ്തു. അതിനാൽ അവൻ അവരെ വിട്ട് ശിഷ്യരെയുംകൂട്ടി ടിറാനോസിന്റെ പ്രസംഗശാലയിൽപോയി എല്ലാ ദിവസവും വിവാദത്തിൽ ഏർപ്പെട്ടുപോന്നു" (19,8-9).

എഫേസോസിൽ പതിവുപോലെ സിനഗോഗു കേന്ദ്രീകരിച്ചാണ് പൗലോസ് തന്റെ പ്രസംഗവും പ്രബോധനവും നല്കിയത്. അവിടെ ധൈര്യപൂർവ്വം ദൈവരാജ്യത്തെക്കുറിച്ച് പ്രസംഗിക്കുകയും വാദപ്രതിവാദത്തിലേർപ്പെടുകയും ചെയ്തു. പ്രസംഗിക്കുക മാത്രമല്ല, വാദപ്രതി

വാദത്തിലേർപ്പെടുകയും ചെയ്തുവെന്ന് പ്രത്യേകം എടുത്തു പറയുന്നു. ഇത് പ്രവേശനകൂദാശകൾ സ്വീകരിച്ചതിനുശേഷമുള്ള വിശ്വാസ പ്രബോധനത്തെയാണ് സൂചിപ്പിക്കുന്നത്. മനുഷ്യൻ ക്രിസ്തീയവിശ്വാസം സ്വീകരിച്ചതുകൊണ്ടുമാത്രം ക്രിസ്തീയജീവിതം നയിക്കുന്നവനാകുകയില്ല. അവൻ ബുദ്ധിജീവിയായതുകൊണ്ട് വിശ്വാസത്തെ ചോദ്യംചെയ്യുന്ന പല ചോദ്യങ്ങളും അവന്റെ മനസ്സിലുയരുക സ്വാഭാവികമാണ്. ആ ചോദ്യങ്ങൾക്ക് മറുപടി കൊടുക്കുവാൻ വിശ്വാസപരിശീലകർ തയ്യാറായിരിക്കണം. ദൈവശാസ്ത്രപഠനങ്ങളെല്ലാം വിശ്വാസത്തെ മനസ്സിലാക്കുവാനുള്ള പരിശ്രമങ്ങളായിട്ടു നാം കാണണം. അപ്രകാരമുള്ള വിശ്വാസപ്രബോധനം പുരോഹിതശുശ്രൂഷയുടെ ഒരു അവശ്യഘടകമാണ്.

പല സ്ഥലങ്ങളിലുമുണ്ടായ അനുഭവം പൗലോസിന് എഫേസോസിലുമുണ്ടായി. സിനഗോഗിലെ ഒരു വിഭാഗം ആളുകൾ പൗലോസിനോടു ചേർന്നുവെങ്കിലും, മറ്റൊരു കൂട്ടർ അദ്ദേഹത്തെ എതിർത്തു. അതുമൂലം കോറിന്തോസിൽവച്ചു ചെയ്തതുപോലെ വിശ്വാസികളുടെ സമൂഹത്തെ എതിരാളികളിൽനിന്നും അദ്ദേഹം വേർതിരിച്ചു. അതിനുള്ള സൗകര്യം അവിടെ പൗലോസിനു ലഭിക്കുകയും ചെയ്തു. എഫേസോസിലെ ടിറാനോസിന്റെ പേരിൽ ഒരു വിദ്യാലയമുണ്ടായിരുന്നു. സ്കൂളിലെ അദ്ധ്യാപനം രാവിലെ 11 മണികൊണ്ട് അവസാനിക്കുകയും, പിന്നീട് മദ്ധ്യാഹ്നശേഷം 4 മണിക്കു പുനരാരംഭിക്കുകയുമാണ് ചെയ്തിരുന്നത്. അതുകൊണ്ട് രാവിലെ 11 മുതൽ ഉച്ചകഴിഞ്ഞ് 4 വരെയുള്ള സമയം വിശ്വാസികൾക്കു കൂടിച്ചേരാൻ ആ വിദ്യാലയം സൗകര്യപ്രദമായി ലഭിച്ചു. ഇങ്ങനെ രണ്ടു വർഷക്കാലം പൗലോസ് ആ സ്ഥലം കേന്ദ്രമാക്കി സുവിശേഷപ്രബോധനം നടത്തുകയും സഭയെ ബലപ്പെടുത്തുകയും ചെയ്തു. തുടർവിശ്വാസപ്രബോധനത്തിലൂടെ സഭയെ വളർത്തുവാൻ പുരോഹിതൻ നിരന്തരമായി ശ്രദ്ധിക്കണം.

**3. പുരോഹിതൻ: അടയാളങ്ങളോടുകൂടെ പ്രബോധിപ്പിക്കുന്നവൻ**

"പൗലോസിന്റെ കരങ്ങൾവഴി ദൈവം അസാധാരണമായ അത്ഭുതങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നു. അവന്റെ ശരീരസ്പർശനമേറ്റ തൂവാലകളും അംഗവസ്ത്രങ്ങളും അവർ രോഗികളുടെ അടുത്തുകൊണ്ടുവന്നു. അപ്പോൾ രോഗം അവരെ വിട്ടുമാറുകയും അശുദ്ധാത്മാക്കൾ അവരിൽനിന്നു പുറത്തുവരികയും ചെയ്തിരുന്നു. പിശാചുബാധ ഒഴിപ്പിച്ചിരുന്ന ചില യഹൂദർ പൗലോസ് പ്രസംഗിക്കുന്ന ഈശോയുടെ നാമത്തിൽ നിന്നോടു ഞാൻ കല്പിക്കുന്നു എന്നു

പറഞ്ഞുകൊണ്ട് അശുദ്ധാത്മാക്കളുടെമേൽ കർത്താവായ ഈശോയുടെ നാമം പ്രയോഗിച്ചുനോക്കി" (19,11-13).

പൗലോസിന്റെ സുവിശേഷപ്രഘോഷണത്തിനും പ്രബോധനത്തിനും അകമ്പടിയായി അത്ഭുതങ്ങൾ ഉണ്ടായിരുന്നു എന്ന് ഇവിടെ എടുത്തുപറയുന്നു. സുവിശേഷപ്രഘോഷണത്തോടൊപ്പം അടയാളങ്ങളുണ്ടാകുമെന്ന് ഈശോ വാഗ്ദാനം ചെയ്തിട്ടുള്ളതാണ് (മർക്കോ 16,17 -18). ഇവിടെ എടുത്തുപറയുന്ന അത്ഭുതപ്രവൃത്തികൾ ഈശോയെപ്പറ്റി മർക്കോസ് 5,27 മുതലും 6,56 മുതലും പറയുന്ന കാര്യങ്ങളോട് ചേർന്നുപോകുന്നതാണ്. നടപടിഗ്രന്ഥത്തിൽത്തന്നെ പത്രോസിന്റെ സുവിശേഷപ്രഘോഷണത്തിനും അപ്രകാരം സംഭവിക്കുന്നതായി കാണുന്നുണ്ട് (ശ്ലീഹ 5,15). സുവിശേഷപ്രഘോഷണത്തിന്റെയും പ്രബോധനത്തിന്റെയും ഭാഗമായി അത്ഭുതകരമായ അടയാളങ്ങളുണ്ടാകും - ഉണ്ടാവണം - എന്നതിനു സംശയമില്ല. അതുകൊണ്ട് പുരോഹിതന്റെ സുവിശേഷപ്രഘോഷണത്തിന്റെയും പ്രബോധനത്തിന്റെയും ശുശ്രൂഷകളോടനുബന്ധിച്ച് അപ്രകാരമുള്ള അടയാളങ്ങൾ ഉണ്ടാകുന്നതിനെ ഭാവാത്മകമായിത്തന്നെയാണ് നാം കാണേണ്ടത്.

അതേസമയം അവയോടുള്ള വിശ്വാസികളുടെ സമീപനത്തിലും സുവിശേഷപ്രഘോഷകർ അത് ഉപയോഗപ്പെടുത്തുന്ന രീതിയിലും ആഭിമുഖ്യഭ്രംശമുണ്ടാകാമെന്നതും ശ്രദ്ധിക്കപ്പെടേണ്ടതാണ്. പൗലോസിന്റെ സുവിശേഷപ്രഘോഷണത്തോടനുബന്ധിച്ചുണ്ടായ അത്ഭുതങ്ങൾ കണ്ട യഹൂദമന്ത്രവാദികളും സ്കേവായുടെ പുത്രന്മാരും പൗലോസ് പ്രസംഗിച്ച ഈശോയുടെ നാമം തങ്ങളുടെ മന്ത്രപ്രയോഗത്തിനു സഹായകമായി ഉപയോഗിക്കുവാൻ ശ്രമിച്ചു (19,13-14). അവരുടെ ശ്രമത്തെ ഒരു പിശാചുബാധിതനെ ആവേശിച്ചിരുന്ന അശുദ്ധാത്മാവ് പരാജയപ്പെടുത്തി. മന്ത്രവാദികൾ അപകടത്തിലുമായി (19,15-16). അതിന്റെ ഫലമായി പലരും മന്ത്രവാദത്തിൽനിന്നും പിന്മാറിയെങ്കിലും, എപ്പോഴും അതുപോലെ സംഭവിക്കണമെന്നില്ല. സുവിശേഷപ്രഘോഷണത്തോടനുബന്ധിച്ചുണ്ടാകുന്ന അടയാളങ്ങൾ ദുരുപയോഗിക്കപ്പെടുന്ന സാഹചര്യങ്ങൾ ഇന്നുമുണ്ടാകുന്നുണ്ട്. അത്ഭുതകരമായ അടയാളങ്ങളെ പലപ്പോഴും മാന്ത്രികമായി കാണുകയും കൈകാര്യം ചെയ്യുകയും ചെയ്യുന്നതായി നമുക്കറിയാം. ഇത് നാം ശ്രദ്ധിക്കേണ്ട ഒന്നാണ്. ജനങ്ങളെ ശരിയായ വിശ്വാസത്തിൽനിന്നും അകറ്റുകയും കേവലം കാര്യസാധ്യത്തിനുള്ള മാന്ത്രിക ഉപാധികളായി അത്ഭുതങ്ങളെ കാണുകയും കൈകാര്യം ചെയ്യുകയും ചെയ്യുന്നത് ഒഴിവാക്കുവാൻ എല്ലാവരും ശ്രദ്ധിക്കണം.

**4. പുരോഹിതൻ: അന്ധവിശ്വാസമകറ്റുന്ന സുവിശേഷപ്രബോധകൻ**

"കൂടാതെ, വിശ്വാസം സ്വീകരിച്ച പലരും വന്ന്, തങ്ങളുടെ ദുർന ടപടികൾ ഏറ്റുപറഞ്ഞ്, കുറ്റം സമ്മതിച്ചു. ക്ഷുദ്രപ്രയോഗം നടത്തിയി രുന്ന അനേകം ആളുകൾ തങ്ങളുടെ ഗ്രന്ഥച്ചുരുളുകൾ കൊണ്ടുവന്ന് എല്ലാവരും കാൺകെ അഗ്നിക്കിരയാക്കി. അവയുടെ ആകെ വില കണ ക്കാക്കിയപ്പോൾ അമ്പതിനായിരം വെള്ളിനാണയങ്ങൾ വരുമെന്നു കണ്ടു. അങ്ങനെ കർത്താവിന്റെ വചനം വിപുലമായി പ്രചരിക്കുകയും അതിന്റെ ശക്തി വെളിപ്പെടുകയും ചെയ്തു" (19,18-20).

പൗലോസ് എഫേസോസിൽ ചെയ്ത ശുശ്രൂഷ വളരെ വിജയ പ്രദമായിരുന്നു. അതിന്റെ ഫലമായി ഏഷ്യാസംസ്ഥാനത്തിൽ സഭ വിസ്മനീയമാംവിധം പ്രചരിച്ചുവളർന്നു. എന്നാൽ അത് പൗലോസിനെ സംബന്ധിച്ചിടത്തോളം ആപൽക്കരമായ അനേകം അനുഭവങ്ങളിൽക്കൂ ടിയാണ് പരിശുദ്ധാത്മാവ് സാധിച്ചത്. അവയെപ്പറ്റിയുള്ള ഒരു സൂചന പിന്നീട് പൗലോസ് തന്നെ നല്കുന്നുണ്ട്: "പൂർണ്ണവിനയത്തോടും കണ്ണു നീരോടും, യഹൂദന്മാരുടെ ഗൂഢാലോചനയാൽ എനിക്കുണ്ടായ പരീ ക്ഷണങ്ങളോടുംകൂടി ഞാൻ കർത്താവിനു ശുശ്രൂഷ ചെയ്തു. നിങ്ങ ളുടെ നന്മയ്ക്കുതകുന്ന ഏതെങ്കിലും കാര്യം നിങ്ങൾക്കു പറഞ്ഞുത രാൻ ഞാൻ മടി കാണിച്ചിട്ടില്ല. പൊതുസ്ഥലത്തുവച്ചും വീടുതോറും വന്നും ഞാൻ നിങ്ങളെ പഠിപ്പിച്ചു" (ശ്ലീഹ 20,19). പൗലോസിന്റെ ത്യാഗോ ജ്ജ്വലമായ പ്രബോധനശുശ്രൂഷയാണ് സഭയുടെ ഈ വളർച്ചയ്ക്ക് പരി ശുദ്ധാത്മാവ് ഉപകരണമാക്കിയത്.

ഈ പ്രബോധനം പ്രധാനമായും അന്ധവിശ്വാസത്തെ അകറ്റി ശരിയായ വിശ്വാസജീവിതത്തിലേക്ക് ജനങ്ങളെ കൊണ്ടുവരുന്ന പ്രബോ ധനശുശ്രൂഷയായിരുന്നുവെന്ന് വ്യക്തമാക്കുന്ന ഒരു വിവരണമാണ് ഈ ഭാഗത്തു കാണുന്നത്: "വിശ്വാസം സ്വീകരിച്ച പലരുംവന്ന് തങ്ങളുടെ ദുർനടപടികൾ ഏറ്റുപറഞ്ഞ് കുറ്റം സമ്മതിച്ചു. ക്ഷുദ്രപ്രയോഗം നട ത്തിയിരുന്ന അനേകമാളുകൾ തങ്ങളുടെ ഗ്രന്ഥച്ചുരുളുകൾ കൊണ്ടു വന്ന് എല്ലാവരും കാൺകെ അഗ്നിക്കിരയാക്കി. അവയുടെ ആകെ വില കണക്കാക്കിയപ്പോൾ അമ്പതിനായിരം വെള്ളിനാണയങ്ങൾ വരുമെന്നു കണ്ടു. അങ്ങനെ കർത്താവിന്റെ വചനം വിപുലമായി പ്രചരിക്കുകയും അതിന്റെ ശക്തി വെളിപ്പെടുകയും ചെയ്തു" (19,18-20). ഇന്നും ക്രൈസ്തവസമൂഹത്തിൽ ഒത്തിരി അന്ധവിശ്വാസങ്ങൾ നിലവിലുണ്ട്. അവയെ നിർമ്മാർജ്ജനം ചെയ്യുവാൻ തക്കവിധം വിശ്വാസപ്രബോധനം നല്കുവാൻ സാധിച്ചെങ്കിലേ ജനങ്ങൾ യഥാർത്ഥ വിശ്വാസത്തിൽ വളരു കയുള്ളു.

**5. പുരോഹിതൻ: ജീവിതപിൻബലത്തോടെ പ്രബോധിപ്പിക്കുന്നവൻ**

"ആയിടെ ക്രിസ്തുമാർഗ്ഗത്തെ സംബന്ധിച്ചു വലിയ ഒച്ചപ്പാടുണ്ടായി. അർത്തേമിസ് ദേവിയുടെ ക്ഷേത്രത്തിന്റെ വെള്ളിമാതൃകകൾ ഉണ്ടാക്കിക്കൊണ്ടിരുന്ന വെള്ളിപ്പണിക്കാരനായ ദമേത്രിയോസ് ശില്പവേലക്കാർക്കു വലിയ തോതിൽ തൊഴിലുണ്ടാക്കിക്കൊടുത്തുപോന്നു. ഇവരെയും ഇതേ തൊഴിലിലേർപ്പെട്ടിരുന്ന മറ്റുള്ളവരെയും വിളിച്ചുകൂട്ടി അവൻ പറഞ്ഞു: മാന്യരേ, നമ്മുടെ സമ്പത്തുമുഴുവൻ ഈ തൊഴിലിൽനിന്നാണെന്ന് നിങ്ങൾക്കറിയാമല്ലോ. എന്നാൽ കൈകൊണ്ടുണ്ടാക്കിയ ദൈവങ്ങൾ ദൈവങ്ങളേയല്ല എന്നു പ്രഖ്യാപിച്ചുകൊണ്ട് പൗലോസ് എന്ന ഈ മനുഷ്യൻ എഫേസോസിൽമാത്രമല്ല, ഏഷ്യയിലാകെ വളരെപ്പേരെ വഴിതെറ്റിക്കുന്നത് നിങ്ങൾ കാണുകയും കേൾക്കുകയും ചെയ്യുന്നുണ്ടല്ലോ" (19,23-26).

എഫേസോസിൽവച്ച് പൗലോസിന് വിജാതീയരുമായി ഏറ്റുമുട്ടേണ്ടി വന്നു. മനുഷ്യന്റെ ധനസമ്പാദനാസക്തിയെ മതവികാരങ്ങളുമായി ചേർത്തിണക്കി രൂപംകൊടുത്ത സംസ്കാരങ്ങൾ ചരിത്രത്തിലെ ഒരു വലിയ യാഥാർത്ഥ്യമാണ്. അർത്തേമീസ് മഹാദേവിയെ കേന്ദ്രമാക്കി എഫേസോസിൽ അത്തരമൊരു സംസ്കാരം നിലവിൽ വന്നിരുന്നു. പൗലോസോ സഹപ്രവർത്തകരോ അതിനെ ചോദ്യം ചെയ്തില്ല. എന്നാൽ ദൈവത്തെ അരൂപിയായി ഉദ്ഘോഷിക്കുന്ന ക്രൈസ്തവരുടെ സുവിശേഷപ്രസംഗം ആ മതസംവിധാനത്തെ നിരാകരിക്കുവാൻ അനേകരെ പ്രോത്സാഹിപ്പിക്കുമെന്ന്, ആ സംസ്കാരത്തെ നിലനിർത്തിയിരുന്നവർ ന്യായമായി ഭയപ്പെട്ടു. പ്രായോഗികമായി അത് അവരുടെ ധനാഗമമാർഗ്ഗത്തെ ഇല്ലാതാക്കുമെന്ന് അവർ മനസ്സിലാക്കി. ആ അടിസ്ഥാനത്തിലാണ് ദമേത്രിയോസും സഹപ്രവർത്തകരും, അതിനോട് അനുഭാവമുള്ളവരും ബഹളമുണ്ടാക്കിയത് (19,28-34).

എഫേസോസിലെ 'ജനപ്രമുഖന്മാരിൽ' ചിലരുമായി സുഹൃത്ബന്ധം സ്ഥാപിക്കുവാൻ പൗലോസിന് ഇതിനകം കഴിഞ്ഞിരുന്നു. അവരും എഫേസോസിലെ വിശ്വാസികളും തടഞ്ഞിരുന്നില്ലെങ്കിൽ, ഈ സാഹചര്യത്തിൽ പൗലോസ് ജനസമൂഹത്തെ നേരിട്ട് അഭിമുഖീകരിക്കുമായിരുന്നു (19,30-31). ആ സാഹസത്തിനു ശ്ലീഹാ മുതിർന്നിരുന്നുവെങ്കിൽ എന്തു സംഭവിക്കുമായിരുന്നു എന്ന് നമുക്ക് ഊഹിക്കാവുന്നതല്ല. ഏതായാലും അതു സംഭവിച്ചില്ല; നഗരാധിപൻ വന്ന് ജനസമൂഹത്തെ നിശബ്ദരാക്കുകയും ന്യായമായ രീതിയിൽ കാര്യങ്ങൾ മനസ്സിലാക്കിക്കൊടുത്ത് ജനക്കൂട്ടത്തെ പിരിച്ചുവിടുകയും ചെയ്തു.

ഇവിടെ 'മിശിഹാമാർഗ്ഗം' എന്നാണ് ക്രിസ്തീയവിശ്വാസത്തെ വിശേഷിപ്പിച്ചിരിക്കുന്നത് (19,23). വിശ്വാസജീവിതം ഒരു ജീവിതശൈലിയായിട്ടാണ് അറിയപ്പെട്ടിരുന്നതും ജനങ്ങൾ മനസ്സിലാക്കിയിരുന്നതും. അതു പൊതുവേ ജനങ്ങൾക്ക് സ്വീകാര്യവുമായിരുന്നു. അതുകൊണ്ടാണ് ജനപ്രമുഖന്മാരും നഗരാധിപനും ഇടപെട്ട്, ബഹളംവച്ച ജനക്കൂട്ടത്തെ ശാന്തമാക്കിയത്. നമ്മുടെ വിശ്വാസപ്രസംഗവും പ്രബോധനവും ജീവിതത്തിന്റെ പിൻബലത്തോടെ ആയിരിക്കണമെന്ന് ഇതു നമ്മെ അനുസ്മരിപ്പിക്കുന്നു.

**ജീവിതസൂചിക**

1. മുതിർന്നവരുടെ വിശ്വാസത്തിലുള്ള തുടർപരിശീലനത്തിന് ഞാൻ എത്രമാത്രം പ്രാധാന്യം നല്കുന്നുണ്ട്?
2. സഭയുടെ വിശ്വാസം പഠിച്ചും യുക്തിസഹജമായവിധം ന്യായീകരിച്ചും വിശ്വാസപരിശീലനം നല്കുവാൻ ഞാൻ ശ്രമിക്കുന്നുണ്ടോ?
3. സത്യവിശ്വാസത്തിന് അനുയോജ്യമായ അടയാളങ്ങളോടുകൂടെ വിശ്വാസപരിശീലനം നല്കാൻ എനിക്കു കഴിയുന്നുണ്ടോ?
4. അന്ധവിശ്വാസത്തെ ദൂരീകരിക്കത്തക്കവിധമുള്ള വിശ്വാസപ്രബോധനമാണോ ഞാൻ നല്കുന്നത്?
5. ജീവിതത്തിന്റെ പിൻബലത്തോടെ വിശ്വാസപ്രബോധനം നല്കുവാൻ ഞാൻ ശ്രമിക്കുന്നുണ്ടോ?

# രൂപതാകച്ചേരി വാർത്തകൾ

**അനുസ്മരണം**

ബഹു. ജോസഫ് മഴുവഞ്ചേരി അച്ചന്റേയും ബഹു. സെബാസ്റ്റ്യൻ പാലക്കീൽ അച്ചന്റേയും ചരമവാർഷികം സെപ്റ്റംബർ 2-നാണ്. ഈ രണ്ട് വൈദികരെയും നമ്മുടെ പ്രാർത്ഥനകളിൽ പ്രത്യേകം അനുസ്മരിക്കാം.

**ബഹു. വൈദികരുടെ വാർഷിക ധ്യാനം**

ഈ വർഷത്തെ വൈദികരുടെ വാർഷികധ്യാനം സെപ്റ്റംബർ 15-ാം തീയതി ഞായറാഴ്ച വൈകുന്നേരം മുതൽ 20-ാം തീയതി വെള്ളിയാഴ്ച വരെയും സെപ്റ്റംബർ 22-ാം തീയതി ഞായറാഴ്ച വൈകുന്നേരം മുതൽ 27-ാം തീയതി വെള്ളിയാഴ്ച വരെയുമായിരിക്കും. അദിലാബാദ് രൂപതാ വൈദികനായ ബഹു. ജോർജ്ജ് കാരാംവേലിൽ അച്ചനാണ് ധ്യാനം നയിക്കുന്നത്. ബഹു. വൈദികർ ഈ തീയതികൾ ശ്രദ്ധിച്ച് മുടക്കം കൂടാതെ ധ്യാനത്തിൽ പങ്കെടുക്കുവാൻ വേണ്ട ക്രമീകരണങ്ങൾ മുൻകൂട്ടി ചെയ്യുമല്ലോ. ഏതെങ്കിലും തക്കതായ കാരണത്താൽ ധ്യാനത്തിന്റെ ബാച്ച് മാറുന്ന വൈദികർ പകരക്കാരെ സ്വന്തമായി കണ്ടെത്തി വിവരം ബഹു. ജനറാളച്ചനെ മുൻകൂട്ടി അറിയിക്കേണ്ടതാണ്. ധ്യാനത്തിന് വരുമ്പോൾ കുർബാന കണക്ക് കൊണ്ടുവരുന്ന കാര്യം ഓർക്കുമല്ലോ.

**ജീസസ് ഫ്രട്ടേണിറ്റി ഞായർ - ഓഗസ്റ്റ് 11**

ഓഗസ്റ്റ് 11-ാം തീയതി ജീസസ് ഫ്രട്ടേണിറ്റി ഞായർ ആയി ആഘോഷിക്കുകയും കെ.സി.ബി.സി. നിർദ്ദേശപ്രകാരമുള്ള പ്രത്യേക സ്തോത്രക്കാഴ്ച സ്വീകരിച്ച് ജീസസ് ഫ്രട്ടേണിറ്റിയുടെ പ്രവർത്തനങ്ങൾക്കായി രൂപതാ കേന്ദ്രത്തിൽ എത്തിച്ചു തരികയും ചെയ്യുമല്ലോ.

**ജെസ്റ്റീസ് സൺഡേ - ഓഗസ്റ്റ് 18**

ക്രിസ്തുമതം സ്വീകരിച്ചതിന്റെ പേരിൽ മനുഷ്യാവകാശവും പൗരാവകാശവും നിഷേധിക്കപ്പെട്ട ദളിത് ക്രിസ്ത്യൻ സഹോദരങ്ങളെ സ്മരിക്കുന്നതിനും അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനും അവർക്ക് നീതി ലഭ്യമാക്കുന്നതിനുമായിട്ടാണല്ലോ ജെസ്റ്റീസ് സൺഡേ ആചരിക്കുന്നത്. ദളിത് ക്രൈസ്തവ സഹോദരങ്ങൾക്ക് വേണ്ടിയുള്ള

പ്രവർത്തനങ്ങളിൽ നമുക്കും പങ്കാളികളാകാം. ഓഗസ്റ്റ് 18 ന് വി.കുർബാന മധ്യേ നടത്തുന്ന സ്തോത്രക്കാഴ്ച ദളിത് സഹോദരങ്ങളുടെ ഉന്നമനത്തിനായി അയച്ചു കൊടുക്കുവാൻ രൂപതാ കേന്ദ്രത്തിൽ എത്തിക്കുമല്ലോ.

## New Address:

**Fr. Jithin Peechattu**
Paurasthya Vidya Pitham
St. Thomas Apostolic Seminary
Vadavathoor, Kottayam - 656 010

**Fr. Aneesh Kattath**
Assumption Forane Church
S. Bathery - 673 592

**മോൺ. അബ്രാഹം നെല്ലിക്കൽ**
പ്രോട്ടോ സിഞ്ചെല്ലൂസ്

# General Collection from 1- 06 - 2018 to 30 - 06 - 2019

| Parishes | Jesus Fra-ternity | Bible Sun-day | Educa-tion Aid | Good Fri-day | Holy Child hood | Justice Sun day | Mission Sun day | Priest Wel-fare (Pesaha) | Semin-ary For-mation | Syro Mal. Day | Syro Mi Su nday | Peter's Pence | Cat. Sun-day | Commu nication Media | Anti Alcho holic | Youth Day | Sneha nidhi | Mutual Aid Fund | P.P.F |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| **CHUNGAKUNNU** | | | | | | | | | | | | | | | | | | | |
| Adakkathode | 800 | 1000 | | | 1000 | 1000 | 1500 | | 2000 | 1200 | 1200 | 1300 | 2000 | 1000 | | 1000 | 20000 | 100000 | 19000 |
| Ambayathode | 500 | 400 | 4000 | | 400 | 400 | 1000 | | | 500 | 700 | 400 | 1000 | 400 | | 800 | | | |
| Chungakkunnu | 7500 | 6500 | 9000 | 8000 | 8000 | 5000 | 10000 | 25000 | 17500 | 6000 | 6000 | 5000 | 9500 | 3000 | 5000 | 7000 | 55000 | 275000 | 32000 |
| Kelakam | 5370 | 8350 | 5000 | 12670 | | 7330 | 5010 | 5500 | 2870 | 2695 | | | | 5720 | 4720 | 5180 | | 30000 | 15000 |
| Kottiyoor | 10805 | 12838 | 12671 | | 11920 | 11655 | 11160 | | 23500 | 11544 | 5100 | 13745 | 12678 | 11627 | 9741 | 5133 | | 100000 | 32000 |
| Nelliyodi | 950 | 850 | 1100 | 1500 | 975 | 800 | 900 | 950 | 950 | 750 | 850 | 850 | 1100 | 900 | 850 | 950 | 5000 | 15000 | 15000 |
| Ottaplavu | 500 | 500 | 2000 | 1000 | 500 | 600 | 600 | 1000 | 2000 | 600 | 600 | 700 | 800 | 400 | 400 | 500 | | 5000 | 10000 |
| Palchuram | | | | | | | | | | | | | | | | | | | |
| Santhigiri | 400 | 400 | 500 | | 400 | 400 | 800 | | 1000 | 750 | 400 | 400 | 400 | 400 | 400 | 400 | 5300 | 12000 | 15000 |
| Velloonny | 250 | 250 | | | 250 | 200 | 500 | | | 350 | 250 | 250 | 400 | 200 | | 200 | | | |
| **DWARAKA** | | | | | | | | | | | | | | | | | | | |
| Chulliyana | 1800 | 2500 | | 5000 | 3100 | 1700 | 2750 | 3000 | | 1000 | | 2000 | 2500 | 2100 | 2400 | 2000 | 12000 | 30000 | 17000 |
| Dwaraka | 750 | 1000 | 2000 | | 500 | 750 | 2250 | | 1250 | 1850 | 500 | 2000 | 1500 | 1900 | 500 | 1500 | 10230 | 60000 | 17000 |
| Karackamala | | 1500 | 5000 | | 1300 | | 2700 | | | 1300 | 1300 | 1500 | 2100 | 1200 | 1200 | 1150 | 11000 | 50000 | |
| Kommayad | 250 | 300 | | | 250 | 250 | 500 | | 2500 | | 250 | 500 | 500 | 250 | 300 | 500 | 5000 | 25000 | 17000 |
| Mangalassery | 1475 | 1798 | 1891 | 2096 | 1820 | 1532 | 1448 | 2797 | 2940 | 1251 | 1564 | 2000 | 1532 | 2121 | 1831 | 1540 | 5000 | 21790 | 13000 |
| Mothakara | 300 | 300 | 200 | 500 | 250 | 300 | 300 | 500 | | 400 | 250 | 400 | 300 | 300 | 250 | 500 | 4000 | 20000 | 13000 |
| Thonichal | 500 | 5071 | 5371 | 10500 | 2860 | 500 | 6523 | 9500 | 5000 | 1042 | 3975 | 6445 | 6430 | 1500 | 2055 | 1500 | 25000 | 90000 | 17000 |

| Parishes | Jesus Frater-nity | Bible Sun-day | Educ a-tion Aid | Good Fri-day | Holy Child hood | Justice Sun day | Mission Sun day | Priest Wel-fare (Pesaha) | Semin-ary For-mation | Syro Mal. Day | Syro Mi Su nday | Peter's Pence | Cat. Sun-day | Commu nication Media | Anti Alcho holic | Youth Day | Sneha nidhi | Mutual Aid Fund | P.P.F |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| Vellamunda | | 800 | 5000 | 6000 | 600 | 750 | 1800 | 1500 | | 2000 | 1000 | 1000 | 1000 | 600 | 750 | 800 | 5500 | 30000 | 13500 |
| Vilambukandam | 1500 | 1500 | 3000 | | 1000 | 1500 | 2500 | | 3500 | 1500 | 1500 | 1000 | 2500 | 1500 | 500 | 1500 | 2500 | 40000 | 15000 |
| **KALLODY** | | | | | | | | | | | | | | | | | | | |
| Deepthigiri | 1850 | | | | | | | | | 1285 | | 1165 | | 1237 | | 1320 | | 30000 | 17000 |
| Jude's Mount | 1000 | 1500 | 5000 | | 800 | 1000 | 1500 | | 2000 | 1000 | 1200 | 1000 | 1200 | 1200 | 1000 | 1200 | 10440 | 36200 | 15000 |
| Kallody | 2000 | 2345 | 11500 | 14040 | 3045 | 3265 | 4265 | 2795 | | 2950 | 3150 | 3150 | 6700 | 2910 | 2730 | 4150 | 59700 | | 32000 |
| Karimbil | 150 | 150 | 500 | | 150 | 150 | 150 | | 1000 | 200 | 200 | 200 | 200 | 200 | 100 | 250 | | 15000 | 15000 |
| Kunjhome | 970 | 1100 | 3000 | 3450 | 950 | 930 | 2480 | 3500 | 2000 | 2020 | 1200 | 1060 | 1030 | 1040 | 1030 | 1010 | 5600 | 15486 | 15000 |
| Makkiyad | 275 | 300 | 5130 | 2814 | 200 | 225 | 400 | 2127 | 500 | 350 | 250 | 1300 | 1300 | 300 | 450 | 600 | 5110 | 86400 | 15000 |
| Niravilpuzha | 350 | 300 | 800 | | 500 | 350 | 600 | | | 350 | 350 | 750 | 350 | 225 | 600 | 200 | 5570 | 21700 | |
| Puthussery | 450 | | 3015 | | 610 | 780 | 430 | 2232 | | 985 | 567 | 835 | 566 | 550 | | 705 | 4597 | 25000 | 15000 |
| Puthiyidomkunnu | 300 | 200 | 400 | 300 | 200 | 200 | 200 | 200 | 2000 | 200 | 200 | 200 | 200 | 300 | 300 | 300 | 5000 | 51200 | 15000 |
| Vanjode | 400 | | 1500 | 4000 | | 400 | 1003 | 4000 | 2000 | 300 | | 500 | | 550 | 640 | 800 | 6000 | 10000 | 17000 |
| Valery | 1160 | 800 | 3500 | 1500 | 600 | 1020 | 2500 | 2500 | 3000 | 1170 | 2500 | 1000 | 867 | 785 | 620 | 700 | 9550 | 25000 | 13000 |
| **KALPETTA** | | | | | | | | | | | | | | | | | | | |
| Charity | 200 | 100 | 500 | 2000 | 100 | 100 | 500 | 1000 | 1000 | 500 | 2500 | 1000 | 750 | 100 | 100 | 250 | 4500 | 20000 | |
| Edapetty | 2100 | 2000 | 3000 | 3000 | | 1800 | 2100 | | 1700 | 1437 | 2100 | | | 1900 | 1500 | 2500 | 7500 | 10000 | 11000 |
| Kalpetta | 1000 | 1000 | 5000 | | 1000 | 1000 | 2000 | | | 1000 | 1000 | 1000 | 2000 | 1000 | | | | 48000 | 21000 |
| Kolavayal | 750 | 900 | 11670 | 3800 | 500 | 750 | 1000 | 2540 | 10000 | 1100 | 1750 | 800 | 750 | 650 | 750 | 725 | 10650 | 31547 | 15000 |

| Parishes | Jesus Frater-nity | Bible Sun-day | Educ a-tion Aid | Good Fri-day | Holy Child hood | Justice Sun day | Mission Sun day | Priest Wel-fare (Pesaha) | Semin-ary For-mation | Syro Mal. Day | Syro Mi Su nday | Peter's Pence | Cat. Sun-day | Commu nication Media | Anti Alcho holic | Youth Day | Sneha nidhi | Mutual Aid Fund | P.P.F |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| Lakkidi | 100 | 200 | 500 | | | 250 | 250 | | 200 | 350 | 200 | 200 | 300 | 200 | | | 5000 | 7000 | |
| Nedumpala | 500 | 500 | 17000 | | 500 | 500 | 500 | | 2000 | | 500 | 500 | 500 | | | | | | 17000 |
| Olivmala | | 200 | 200 | 200 | 200 | 200 | 1000 | 200 | | 200 | 500 | 200 | 200 | 200 | | 500 | 1000 | 14500 | |
| Puzhamudi | 275 | 375 | 1000 | 500 | 300 | 400 | 400 | 1500 | 550 | 350 | 750 | 350 | 300 | 325 | 300 | 400 | 2000 | 12500 | 11000 |
| Rippon | 1783 | 2000 | 5720 | 3972 | 1292 | 1384 | 1659 | 3960 | 5100 | 1156 | 1436 | 1130 | 1752 | 1345 | 2322 | 853 | 11650 | 5681 | 17000 |
| Theneri | 1000 | 1000 | 4000 | | 1000 | 1000 | 1000 | | 5000 | 500 | 1000 | 500 | 1000 | 500 | 1000 | 1000 | | 25000 | 19000 |
| Vazhavatta | 1500 | 1800 | 10000 | 4000 | 1500 | 1600 | 2000 | 3000 | 20000 | 1600 | 1400 | 1800 | 2500 | 2000 | 1200 | 2500 | 9000 | 100000 | 21000 |
| Vythiri | 275 | 300 | 2500 | | 200 | 250 | 400 | | 3000 | 250 | 855 | 200 | 350 | 250 | 150 | 300 | | 15000 | 13000 |
| Thrikaipetta | 400 | 400 | 1500 | 2000 | 300 | 500 | 1000 | | 1000 | 300 | 500 | 300 | 500 | 300 | 400 | 400 | 1500 | 20000 | 11000 |
| Kalathuvayal | 2100 | 1900 | 3090 | | 4040 | 2300 | 3960 | | 3880 | 2385 | 3200 | 1864 | 2500 | 1840 | 3522 | 2112 | 8850 | 11000 | |
| Kadachikunne | | | | | | | | | | | | | | | | | | 2506 | |
| **MANANTHAVADY** | | | | | | | | | | | | | | | | | | | |
| Alattil | 500 | 600 | 2000 | 1000 | 400 | 500 | 1000 | 1500 | 2000 | 700 | 700 | 600 | 1000 | 500 | 600 | 1140 | 8000 | 54000 | 17000 |
| Boys Town | | | | | | | | | | | | | | | | | | | |
| Elapeedika | 400 | 500 | 2000 | 750 | 400 | 400 | 750 | 500 | 1000 | 400 | 400 | 400 | 400 | 400 | 400 | 400 | 4000 | 30000 | 15000 |
| Karimani | 250 | 300 | 3721 | 800 | 200 | 250 | 350 | 300 | 250 | 200 | 250 | 300 | 300 | 200 | 250 | 200 | 1500 | 9500 | |
| Kuttimoola | 150 | 250 | 250 | 4036 | 200 | 200 | 250 | 2385 | 250 | 200 | 250 | 250 | 250 | 200 | 250 | 250 | 11590 | 5000 | 13000 |
| Man.Cathedral | | | | | | | | | | 12000 | | 13500 | | 11000 | | 13000 | 76170 | 90600 | 32000 |

| Parishes | Jesus Frater-nity | Bible Sun-day | Educa-tion Aid | Good Fri-day | Holy Child hood | Justice Sun day | Mission Sun day | Priest Wel-fare (Pesaha) | Semin-ary For-mation | Syro Mal. Day | Syro Mi Su nday | Peter's Pence | Cat. Sun-day | Commu nication Media | Anti Alcho holic | Youth Day | Sneha nidhi | Mutual Aid Fund | P.P.F |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| Man.Town | | 4000 | 5000 | | | 4000 | 4000 | | 5000 | | 4000 | 5000 | 4000 | 3000 | | 3000 | | 144000 | 19000 |
| Muthireri | 883 | 1435 | 4102 | 3040 | 1455 | 467 | 1742 | 1300 | 2635 | 1272 | 1610 | 6445 | 1498 | 1377 | 1000 | 1500 | 5015 | 10000 | 13000 |
| Parathottam | 200 | 200 | 500 | 2000 | 100 | 200 | 500 | 9500 | 1000 | 250 | 200 | 200 | 250 | 100 | 200 | 250 | 6900 | 50000 | 15000 |
| Peria | 200 | 500 | 2000 | | 200 | 200 | 500 | | 3000 | 300 | 300 | 400 | 500 | 300 | 200 | 500 | 1000 | 35000 | 13000 |
| Poroor | 1500 | 2000 | 4000 | | 1200 | 1200 | 5000 | | 6000 | 3000 | 3000 | 2000 | 3000 | 2000 | 1500 | 2000 | 1500 | 60000 | 30000 |
| Prasanthagiri | 150 | 250 | 2000 | 250 | 200 | 150 | 500 | 500 | 1000 | 150 | 250 | 250 | 250 | 150 | 250 | 250 | 1500 | | 13000 |
| Puthiyidom | 200 | 300 | | | 300 | 200 | 1000 | | 500 | 200 | 500 | | 300 | 500 | 200 | 300 | 5000 | | |
| Thalapuzha | 500 | 700 | 1250 | | 600 | 1000 | 1800 | 750 | 500 | 1000 | 500 | 750 | 500 | 700 | 1000 | | 10000 | | |
| Thavinjal | 900 | 1200 | 4000 | | 800 | 900 | 3000 | | 10000 | 1380 | 1200 | 800 | 2000 | 1000 | 900 | 1800 | | 75000 | 19000 |
| Valad | 200 | 200 | 1250 | 200 | 250 | 150 | 250 | 500 | 1000 | 200 | 200 | 150 | 200 | 200 | 200 | 200 | 1000 | | 13000 |
| Valiakolly | 250 | 400 | 1500 | 1000 | 250 | 400 | 450 | 1000 | 1100 | 300 | 300 | 250 | 400 | 500 | 350 | 450 | 5000 | 17000 | 13000 |
| Yavanarkulam | 717 | 481 | 5000 | | 484 | | 346 | | 4000 | 861 | 2231 | 516 | | 652 | 750 | 799 | | 25000 | 13000 |
| **MANIMOOLY** | | | | | | | | | | | | | | | | | | | |
| Bhoodanam | | | | | | | | | | | | | | | | | | | |
| Manimooly | | 5000 | | 42330 | 4500 | 5000 | 19640 | | | 4000 | 6000 | 7000 | | 5000 | | 6000 | 52850 | 135722 | 32000 |
| Munderi | 700 | 250 | | | 250 | 700 | 1500 | | | 600 | 250 | 400 | 700 | 250 | | 500 | 4000 | 28040 | |
| Narivalamunda | | 2000 | 10000 | | | | 2000 | 2400 | 2000 | | | | 2000 | | | | | 85000 | 14000 |
| Palankara | 1200 | 1500 | 5000 | 8000 | 1000 | 1500 | 2100 | 15000 | 5000 | 1500 | 2500 | 1400 | 2000 | 1200 | 1300 | 2000 | 17000 | 55800 | 19000 |

| Parishes | Jesus Frater-nity | Bible Sun-day | Educa-tion Aid | Good Fri-day | Holy Child hood | Justice Sun day | Mission Sun day | Priest Wel-fare (Pesaha) | Semin-ary For-mation | Syro Mal. Day | Syro Mi Su nday | Peter's Pence | Cat. Sun-day | Commu nication Media | Anti Alcho holic | Youth Day | Sneha nidhi | Mutual Aid Fund | P.P.F |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| Palemad | 5165 | 6050 | | | 5120 | 4830 | 4760 | | | 4790 | 4515 | 6480 | 5920 | 5650 | 4850 | | | 72515 | 17000 |
| Pathiripadam | 1000 | 1000 | 2500 | | 1000 | 1000 | 2000 | | 3000 | 1000 | 1000 | 1000 | 1500 | 1000 | 1000 | 1000 | 4000 | 50000 | 15000 |
| Thalanji | 1200 | 1500 | | | 1000 | 1000 | 2500 | | | 3000 | 3500 | 2680 | 3000 | 1000 | | 1500 | | 75000 | 21000 |
| Thalipadam | 500 | 750 | 2000 | 1000 | 450 | 500 | 300 | 2000 | 3000 | 500 | 1000 | 250 | 1000 | 300 | 450 | 400 | 3000 | 64200 | 17000 |
| Marutha | 300 | 300 | 1000 | | 200 | 200 | 300 | | 500 | 300 | 300 | 200 | 300 | 430 | 200 | 400 | | 16580 | 5500 |
| **MULLANKOLLY** | | | | | | | | | | | | | | | | | | | |
| Adikolly | 1000 | 1000 | 5000 | 10000 | 1000 | 1000 | 2000 | 4000 | 2500 | 1000 | 1000 | 2000 | 4500 | 1000 | 1000 | 1000 | 12000 | 98000 | 19000 |
| Amarakuni | | 650 | 1600 | | | | 2500 | 2500 | 900 | 600 | 800 | 1200 | 1000 | | | | 7000 | 50000 | 17000 |
| Irulam | 750 | 850 | 2000 | 1000 | 830 | 800 | 1000 | 1000 | 2000 | 1000 | 800 | 800 | 1000 | 750 | 1000 | 1000 | 2000 | 25000 | 17000 |
| Kabanigiri | 1750 | 1600 | 12000 | | 1550 | 1800 | 1600 | | 6000 | 1800 | 2000 | 1900 | 1750 | 1500 | 1900 | 1400 | | 20000 | 17000 |
| Marakav | 600 | 500 | 25000 | | 500 | 700 | 2200 | 10484 | | 800 | 1000 | 1500 | 1200 | 750 | 500 | 400 | 19290 | 106849 | 16000 |
| Marakkadav | | | | | | | | | 2500 | 1000 | | 1000 | | | | 2000 | 5000 | 45000 | 17000 |
| Mullenkolly | 2000 | 3500 | 40000 | 15000 | 1000 | 2500 | 5500 | 10000 | 20000 | 3000 | 2000 | 2500 | 3000 | 2000 | 1000 | 3000 | 60000 | 270000 | 32000 |
| Padichira | 3000 | 1000 | 3000 | | | 2000 | 4000 | | 3000 | 2000 | | 3000 | 1500 | | | 2000 | 10000 | 50000 | 21000 |
| Pattanikoop | 400 | 400 | 4000 | | 400 | 400 | 2500 | | 3000 | 400 | 500 | 400 | 750 | 400 | 500 | 500 | | | 17000 |
| Pulpally | 5000 | 5000 | 4000 | | 4000 | 6000 | 9000 | | 5000 | 4500 | 3000 | 5000 | 7000 | 4000 | 3000 | 5000 | | 56600 | |
| Seethamount | 2000 | 1000 | 2500 | | 1800 | 2000 | 4040 | | | 1833 | 1000 | 2340 | 2540 | | | | 13600 | 40000 | 12000 |
| Sisumala | 1500 | 1000 | 9000 | 4000 | 1000 | 2000 | 3000 | 2000 | 5000 | 1000 | 1000 | 1000 | 3500 | 1500 | 750 | 3000 | 10000 | | 19000 |
| Valanchary | | | | | | | | | | | | | | | | | | 1000 | |

| Parishes | Jesus Frater-nity | Bible Sun-day | Educ a-tion Aid | Good Fri-day | Holy Child hood | Justice Sun day | Mission Sun day | Priest Wel-fare (Pesaha) | Semin-ary For-mation | Syro Mal. Day | Syro Mi Su nday | Peter's Pence | Cat. Sun-day | Commu nication Media | Anti Alcho holic | Youth Day | Sneha nidhi | Mutual Aid Fund | P.P.F |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| **NADAVAYAL** | | | | | | | | | | | | | | | | | | | |
| Arinchermala | 1000 | | 6000 | 5000 | | 1000 | 2000 | 7000 | | 2000 | | 1250 | 1000 | 1500 | | 500 | 8500 | 37000 | 15000 |
| Chundakkara | 2500 | 2000 | 9350 | | 4000 | 3250 | 3000 | | 5000 | 3100 | 2750 | 3000 | 2500 | 2000 | | 2250 | 10000 | 100000 | 19000 |
| Cherukattoor | | | 5000 | 18000 | | | 3000 | | | | | | 2500 | 1000 | | | 40000 | 100000 | 30000 |
| Kalluvayal | 1600 | 1200 | 2000 | 8000 | 1200 | 1378 | 2200 | 5720 | 2200 | 1427 | 1500 | 2000 | 1100 | 1157 | 1100 | 2100 | 20000 | 50000 | 15000 |
| Kaniambetta | 1200 | 950 | 1000 | 2042 | 1138 | 1244 | 1262 | | 1000 | 560 | 1210 | 920 | 500 | 560 | 500 | 400 | | | 13000 |
| Kenichira | 500 | 500 | 5000 | | 500 | 500 | | | 10000 | 1000 | | 500 | | 500 | 500 | 500 | | 25000 | 17000 |
| Kurumbalakotta | 404 | 464 | 782 | 2042 | 376 | 410 | 1476 | 1370 | 806 | 517 | 1036 | 807 | 480 | 220 | 600 | 892 | 9240 | 15000 | 13000 |
| Nadavayal | 1750 | 3500 | 20000 | 4000 | 2000 | 1750 | 4230 | 8000 | 20000 | 3750 | 3575 | 2135 | 2720 | 2025 | 3500 | 2230 | 11600 | 200000 | 37500 |
| Neikuppa | 250 | 250 | 8000 | 3200 | 250 | 250 | 5000 | | | 250 | 250 | 250 | 250 | 250 | | 250 | | | |
| Panamaram | | | | | | | | | | | | | | | | | | | |
| Paralikunnu | | | | | 1000 | 1100 | 1000 | | 2500 | 1100 | | | | 900 | 800 | 1100 | | 10000 | 11000 |
| Valavayal | 1940 | 1140 | 2500 | 3000 | 1910 | 1455 | 3020 | 2830 | 14000 | 1420 | | 1348 | 1450 | 1350 | 1340 | 1420 | 9000 | 40000 | 15000 |
| **NILAMBUR** | | | | | | | | | | | | | | | | | | | |
| Chokkad | 800 | 1000 | 2000 | | 700 | 800 | 1700 | | | | 1200 | 1000 | 1700 | 900 | 900 | 1100 | | | 11000 |
| Edivanna | 700 | 1000 | 10000 | | 500 | 600 | 1500 | | 1000 | 1000 | 1000 | 500 | 2000 | 700 | 750 | 1000 | | 95104 | 19000 |
| Moolepadam | | | | | | | | | | | | | | | | | | 18500 | |
| Nilambur | 6000 | 5500 | 9000 | | 7000 | 6500 | 11000 | | 10000 | 8000 | 9500 | 7250 | 10000 | 6000 | 5000 | 7500 | 29400 | 179515 | 32000 |
| Pookkottumpadam | 500 | 400 | 1500 | | 300 | 500 | 1000 | | 1000 | | 1000 | 500 | 750 | 500 | 500 | 500 | | 48700 | 15000 |

| Parishes | Jesus Frater-nity | Bible Sun-day | Educ a-tion Aid | Good Fri-day | Holy Child hood | Justice Sun day | Mission Sun day | Priest Wel-fare (Pesaha) | Semin-ary For-mation | Syro Mal. Day | Syro Mi Su nday | Peter's Pence | Cat. Sun-day | Commu nication Media | Anti Alcho holic | Youth Day | Sneha nidhi | Mutual Aid Fund | P.P.F |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| Poolapadam | | | 10000 | | | | 8000 | | | | | | 7000 | 5000 | 5000 | 5000 | | 80000 | 19000 |
| Ruby Nagar | | 500 | 2300 | | 500 | 500 | | | 3000 | | | 500 | 3000 | 500 | | 1300 | 3000 | 58920 | 13000 |
| T.K.Colony | | | | | | | | | | | | | | | | | | 13340 | |
| Thelpara | | 300 | 3000 | | 400 | 300 | 300 | | | 300 | 300 | 300 | 500 | 300 | | | 5000 | | 17000 |
| Vadapuram | 800 | 800 | 8810 | 6030 | 1750 | 2000 | 1030 | 6060 | 3300 | 1830 | 2440 | 1760 | 2700 | 1150 | 110 | 2800 | 19210 | 75123 | 17000 |
| Vallikett | 993 | 1000 | 1004 | 2977 | 250 | 1257 | 1100 | 1290 | 1129 | | | | | 1043 | 939 | 1531 | 5860 | 28740 | 13000 |
| Muttiyel | | | | | | | | | | | | | | | | | | 15000 | |
| **PAYYAMPALLY** | | | | | | | | | | | | | | | | | | | |
| Appapara | | 400 | 750 | | | | 500 | | | | 500 | | 500 | | | 500 | 500 | 5000 | |
| Arattuthara | 1500 | 3000 | 5000 | 5000 | 2000 | 1500 | 3000 | 5000 | 90000 | 1500 | 3000 | 1500 | 3000 | 2000 | 2000 | 1500 | 6000 | 20000 | 15000 |
| Bavali | 150 | 100 | 250 | 350 | 100 | 100 | 1460 | | 350 | 150 | 200 | 150 | 300 | 150 | 200 | 300 | | | |
| Edyoorkunnu | 100 | 100 | 100 | 100 | 50 | 50 | 100 | 50 | 100 | 50 | 100 | 50 | 50 | 50 | 50 | 100 | 200 | 100 | |
| Kammana | 300 | 700 | 750 | | | 1000 | 1000 | 12805 | | 1200 | 1000 | 300 | 500 | 400 | 500 | 800 | 12110 | 25000 | 15000 |
| kartikulam | 275 | 325 | 4000 | 1500 | 305 | 290 | 350 | 1000 | 2500 | 300 | 325 | 275 | 350 | 305 | 310 | 300 | 2000 | 25000 | 15000 |
| Martin Nagar | | | | | | | 5000 | | 800 | | | | | | | | 7000 | | 19000 |
| Padamala | | | 1000 | | | 450 | 600 | 750 | | 800 | | | 660 | | 570 | 550 | 2000 | 10000 | 17000 |
| Panavally | 283 | 288 | 503 | | 475 | 530 | 1415 | | 1026 | 576 | 475 | 605 | 520 | 457 | 481 | 705 | | 50000 | 13000 |
| Payyampally | 6190 | 4230 | 5000 | 10000 | 5420 | 4820 | 5200 | 20000 | 5000 | 4150 | 5645 | 4000 | 4500 | 4200 | 5000 | 5350 | 10000 | 75000 | 32000 |
| Thrissilery | 600 | 500 | 4305 | | 500 | 800 | 1500 | | | 1000 | 500 | 1500 | 1200 | 1000 | 500 | 1500 | 6000 | | 13000 |

| Parishes | Jesus Fraternity | Bible Sun-day | Educ a-tion Aid | Good Fri-day | Holy Child hood | Justice Sun day | Mission Sun day | Priest Wel-fare (Pesaha) | Semin-ary For-mation | Syro Mal. Day | Syro Mi Su nday | Peter's Pence | Cat. Sun-day | Commu nication Media | Anti Alcho holic | Youth Day | Sneha nidhi | Mutual Aid Fund | P.P.F |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| **SULTHAN BATHERY** | | | | | | | | | | | | | | | | | | | |
| Ambalavayal | 1600 | 1500 | 6000 | | 1500 | 1400 | 3000 | | 10000 | 2000 | 1800 | 1700 | 2500 | 1500 | 1500 | 2500 | | 110000 | 17000 |
| Chithragiri | 400 | 1000 | 4000 | | 500 | 500 | 1000 | | 1000 | 1000 | 1000 | 1000 | 1500 | 1000 | 1000 | 1000 | | 10000 | 17000 |
| Chulliod | | | | | | | | | | | | | | | | | | | |
| kadalmad | 500 | 1000 | 1000 | | 500 | 800 | 1500 | 1500 | 1000 | 500 | 1000 | 500 | 1000 | 500 | 800 | 1000 | 10000 | 30000 | 17000 |
| Kallumukku | 200 | 200 | 6700 | 200 | 200 | 200 | 200 | 2790 | 200 | 200 | 200 | 200 | 200 | 200 | 200 | 200 | 900 | 15000 | 5500 |
| Karani | 741 | 855 | 1621 | | | 784 | 667 | | 1190 | 728 | 783 | 805 | 661 | 1044 | 794 | 862 | 2600 | 6745 | |
| Meenangadi | 350 | 250 | 1000 | 1000 | 300 | 250 | 2500 | 600 | 300 | 200 | 300 | 150 | 500 | 200 | 200 | 500 | 3500 | | |
| Moolankav | | | | | | | | | | | | | 2000 | 1500 | 1500 | 1500 | 4000 | 50000 | 11500 |
| Pazhoor | 1800 | 1100 | | | | 1300 | 2000 | | | 1000 | | 1000 | | 1000 | | 1500 | 10000 | 50000 | 17000 |
| S.Bathery | | 5200 | 17200 | | 3800 | 3800 | 12500 | | | 6000 | 6750 | 6010 | 7125 | 4170 | | 6450 | 25310 | 529420 | 32000 |
| Thomattuchal | 500 | 500 | 1000 | 500 | 500 | 500 | 500 | 500 | 2000 | 500 | 500 | 500 | 500 | 500 | | | 5000 | 36146 | 15000 |
| Vadakkanad | 300 | 300 | 1500 | 1500 | 300 | 400 | 250 | 2500 | 1500 | 150 | 300 | 300 | 250 | 300 | 400 | 400 | 3000 | 10000 | 13000 |
| Vakery | 2675 | | 6000 | 5197 | 1614 | 2195 | | 3683 | 2270 | 420 | 1860 | 2900 | | | | | 6460 | 30000 | 17000 |
| Cheengavallam | | | | | | | | | | | | | | | | | | 10000 | |
| **THARIOD** | | | | | | | | | | | | | | | | | | | |
| Chennalod | 2500 | 2500 | 5000 | | 2500 | 2500 | 3500 | | 10000 | 2500 | 2300 | 2000 | 2500 | 3000 | 3000 | 2000 | | 90000 | 19000 |
| kavummannam | 1010 | | 3500 | | 1025 | 1000 | 1100 | 5000 | | 1075 | 1050 | 1025 | 1100 | 1050 | | 1500 | 16000 | 30000 | 17000 |
| Kottathara | 1000 | 1750 | 4000 | 3000 | 2000 | 1450 | 4000 | 5000 | 4000 | 1500 | 2700 | 1600 | 2500 | 2500 | 1200 | 2500 | 10000 | | 17000 |
| Kurumbala | 500 | 410 | 4000 | 3000 | 310 | 300 | 780 | 3000 | 3000 | 1500 | 500 | 300 | 400 | 410 | 500 | 420 | 5000 | 40000 | 17000 |

| Parishes | Jesus Frater-nity | Bible Sun-day | Educa-tion Aid | Good Fri-day | Holy Child hood | Justice Sun day | Mission Sun day | Priest Wel-fare (Pesaha) | Semin-ary For-mation | Syro Mal. Day | Syro Mi Su nday | Peter's Pence | Cat. Sun-day | Commu nication Media | Anti Alcho holic | Youth Day | Sneha nidhi | Mutual Aid Fund | P.P.F |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| Kurumani | 1830 | 2400 | 2262 | | 2030 | 720 | 1835 | | 4518 | 1960 | | 1800 | 1700 | 1558 | 2535 | 1172 | 5730 | 30000 | 15000 |
| Mangalam | 300 | 500 | 3250 | | 300 | 400 | 700 | | 1000 | 400 | 500 | 300 | 500 | 300 | 300 | 300 | | 5000 | 13000 |
| Manjoora | 1000 | 1000 | 10305 | 1000 | 1000 | 1000 | 2000 | 5000 | 5105 | 2060 | 1000 | 2000 | 5000 | 5000 | 3000 | 3000 | 16000 | 30000 | 15000 |
| Puthuserikadav | 500 | 500 | 2500 | 750 | 500 | 500 | 2000 | 1000 | 2500 | 750 | 1000 | 500 | 750 | 500 | 500 | 750 | | | 15000 |
| Thariode | 1000 | 2000 | 9000 | | 500 | 1000 | 8715 | | 9560 | 1000 | 1200 | 1500 | 500 | 1200 | 1000 | 2000 | 32300 | 50000 | 27000 |
| Panthipoil | 250 | 300 | 1000 | 300 | 400 | 300 | 500 | | 500 | 500 | 250 | 250 | 500 | 400 | 500 | | | 15000 | |
| **NILGIRI** | | | | | | | | | | | | | | | | | | | |
| Arulnilayam | | 2000 | | 4000 | | 2000 | 2500 | 3000 | | 2000 | | 250 | 2000 | 2000 | | 2000 | 25810 | 20000 | 4000 |
| Bekki | 500 | 500 | 2000 | | 400 | 400 | 500 | 500 | 2000 | 500 | 700 | 500 | 750 | 400 | 400 | 500 | | | 13000 |
| Burliar | | | | | | | | | | | | | | | | | | | |
| Coonoor | 300 | 400 | 2500 | | 300 | 300 | 500 | | 2500 | 500 | 400 | 400 | 500 | 400 | 300 | 500 | 3000 | 50000 | 15000 |
| Dharmagiri | 500 | 1000 | 2500 | 2000 | 500 | 500 | 1000 | 1000 | 2500 | 1000 | 1000 | 1000 | 1000 | 500 | 1000 | 500 | 3000 | 25000 | 15000 |
| Kalpra | 700 | 700 | 11210 | 7410 | 800 | 800 | 800 | 3600 | 7500 | 700 | 800 | 800 | 800 | 700 | 800 | 750 | 28500 | 65000 | 17000 |
| Kayyunni | 1500 | 1500 | 10000 | 3000 | 2000 | 1500 | 2500 | 5000 | 5000 | 2000 | 1500 | 1500 | 2500 | 2000 | 2000 | 2000 | 25000 | 120000 | 30000 |
| Kunnalady | 200 | 200 | 1000 | | 200 | 200 | 250 | 2400 | 500 | 150 | 200 | 500 | 500 | 300 | 200 | 200 | | 40000 | 17000 |
| Machikolly | 730 | 960 | 3850 | | | 700 | 1000 | | 1000 | | 800 | 934 | 860 | 740 | | 1200 | | 25000 | 15000 |
| Manvayal | 100 | 200 | 500 | 600 | 100 | 100 | 150 | 250 | 500 | 100 | 200 | 100 | 200 | 100 | 300 | 200 | 14000 | | 17000 |
| Ootty | | | | | | | | | | | | | | | | | | | |
| Panamchira | 300 | 600 | 1100 | 600 | 700 | | 500 | | | 600 | 400 | | 700 | | 400 | 500 | 8000 | 15000 | |
| Vimalagiri | | | | | | | | | | | | | | | | | 9000 | 10000 | |

# വൈദികരുടെ മാസധ്യാനം

## നീലഗിരി റീജിയൻ

നീലഗിരി റീജിയനിലെ വൈദീകരുടെ ജൂലൈ മാസത്തെ മാസധ്യാനം ബക്കി ഇടവകയിൽ വച്ചു നടന്നു. ജൂബിയച്ചൻ ധ്യാന ചിന്തകൾ പങ്കുവെച്ചു. മിഷൻലീഗിന്റെ മേഖലാതല മത്സരങ്ങൾ ജൂലൈ 29-ന് നടക്കുമെന്നും അംഗത്വ നവീകരണം അതിനു മുമ്പ് പൂർത്തിയാക്കണമെന്നും മേഖലാ ഡയറക്ടർ അറിയിച്ചു. യുവജന കൺവെൻഷന് ഒരുക്കമായി സാധ്യത ലിസ്റ്റ് നിർമ്മിക്കണമെന്നും KCYM - ന്റെ അംഗത്വം നവീകരിച്ച് കലാമത്സരങ്ങൾക്കായുള്ള പേരുകൾ നൽകണമെന്നും KCYM ഡയറക്ടർ അറിയിച്ചു. മാതൃസംഘത്തിന്റെ മാഗസിന് വേണ്ടി എല്ലാ ഇടവകകളുടെയും സഹകരണം ഡയറക്ടർ ആവശ്യപ്പെട്ടു. AKCC യുടെ റാലിയിലെ സഹകരണം മേഖലാ ഡയറക്ടർ വിശകലനം ചെയ്തു

**ഫാ. ജയൻ മണ്ണുകുളം TOR**
റീജിയൻ സെക്രട്ടറി

## ചുങ്കക്കുന്ന് ഫൊറോന

ജൂലൈ മാസത്തിലെ വൈദീകരുടെ മാസധ്യാനം അടയ്ക്കാത്തോട് പള്ളിയിൽ വച്ച് നടത്തി. മാസധ്യാനത്തിന് എല്ലാ വൈദീകരും സന്നിഹിതരായിരുന്നു. പേരാവൂർ ഒ.സി.ഡി. ആശ്രമത്തിലെ തോമസച്ചൻ ധ്യാനചിന്തകൾക്ക് നേതൃത്വം നല്കി.

വിവിധ സംഘടനപ്രവർത്തനങ്ങളെക്കുറിച്ചുള്ള ചർച്ചകൾ ഉണ്ടായിരുന്നു. യുവജനദിനത്തിന് എല്ലാ യൂണിറ്റിൽ നിന്നും യുവജനങ്ങളെ ചുങ്കക്കുന്ന് ഫൊറോനാ പള്ളിയിലേയ്ക്ക് പറഞ്ഞയച്ച അച്ചന്മാർക്ക് ബഹുമാനപ്പെട്ട ഫൊറോന വികാരി നന്ദിപറഞ്ഞു. സുനിൽ മഠത്തിലച്ചൻ എല്ലാവർക്കും നന്ദി പറഞ്ഞ് അടുത്ത മാസധ്യാനത്തിനായി ശാന്തിഗിരിയിലേക്ക് ക്ഷണിച്ചു.

**ഫാ. സനോജ് ചിറ്ററയ്ക്കൽ**
സെക്രട്ടറി

## കല്പറ്റ ഫൊറോന

കല്പറ്റ ഫൊറോനയുടെ ജൂലൈ മാസത്തിലെ വൈദീക കൂട്ടായ്മ കല്പറ്റ വിൻസെന്റ് ഡി പോൾ ഫൊറോന ദേവാലയത്തിൽ വച്ച് 9-7-2019 ന് നടത്തപ്പെട്ടു. ഫാ. ജോയിസ് പീടികയിൽ സി.എസ്.ടി. ധ്യാന ചിന്തകൾ പങ്കുവച്ചു. ദിവ്യകാരുണ്യ സന്നിധിയിൽ നാഥനോടൊപ്പം കുമ്പസാരത്തിലൂടെയും ആരാധനയിലൂടെയും ഒന്നുചേർന്നു. തുടർന്ന് ബഹു. ജോസ് വടയാപറമ്പിലച്ചന്റെ നേതൃത്വത്തിൽ ക്രിയാത്മകമായി

ചർച്ചകൾ നടന്നു. തുടർന്ന് പ്രസ്തുത മീറ്റിംഗിൽ രൂപതാ അനുരഞ്ജന സമിതിയിലേയ്ക്കുള്ള അംഗമായി ബഹു. ഫാ. ഫ്രാൻസീസ് നെല്ലിക്കുന്നേൽ തിരഞ്ഞെടുക്കപ്പെട്ടു. വേദപാഠത്തിന്റെ സ്കോളർഷിപ്പ് പരീക്ഷയുടെ പേപ്പർ മറ്റ് ഫൊറോനകളിൽ മൂല്യനിർണ്ണയം നടത്താൻ തീരുമാനിച്ചു. ഓഗസ്റ്റ് 11 ന് +2 സംഗമവും സെപ്റ്റംബർ 1 ന് അദ്ധ്യാപകസംഗമവും നടത്താൻ തീരുമാനിച്ചു. സി.എം.എൽ: ജൂലൈ 28 ന് മേഖല മാനേജിംഗ് കമ്മറ്റി കൂടാനും ജൂലൈ 21 ന് സാഹിത്യമത്സരം കല്പറ്റയിലും, തെനേരിയിലും നടത്താൻ തീരുമാനിച്ചു. ഓരോ ഇടവകയും ഒരു പാവപ്പെട്ട കുടുംബത്തെ ദത്തെടുക്കാനും സഹായിക്കാനും തീരുമാനമായി. കെ.സി.വൈ.എം: ജൂലൈ 14 ന് 3-00 pm-ന് ശാഖാഭാരവാഹികളുടെ മീറ്റിംഗ് കല്പറ്റയിൽ വച്ച് കൂടുവാൻ തീരുമാനിച്ചു. ജില്ലാ പഞ്ചായത്തുമായി സഹകരിച്ച് ഡയാലിസിസ് രോഗികൾക്ക് സാമ്പത്തികസഹായം കൊടുക്കുവാനും കിഡ്നി രോഗനിർണ്ണയ ക്യാമ്പും ബോധവത്ക്കരണക്ലാസ്സും നടത്തുവാനും തീരുമാനിച്ചു. വേണ്ട എല്ലാ ക്രമീകരണങ്ങളും ചെയ്തു തന്ന പെരിയ ബഹുമാനപ്പെട്ട സോമി വടയാപറമ്പിലച്ചനും, ഫാ. ജിബിൻ വട്ടുകുളത്തിനും, കൈക്കാരന്മാർ എന്നിവർക്കും ബഹു. ഫാ. ജോസ് കുര്യനിപാടം CSSR നന്ദി അറിയിക്കുകയും അടുത്ത മാസധ്യാനം നടത്തുന്ന കുന്നംമ്പറ്റ ഇടവകയിലേയ്ക്ക് ക്ഷണിക്കുകയും ചെയ്തു.

**ഫാ. സന്തോഷ് കിഴക്കൻപുതുപ്പള്ളി**
സെക്രട്ടറി

## മാനന്തവാടി ഫൊറോന

മാനന്തവാടി ഫൊറോനയിലെ ജൂലൈ മാസത്തെ വൈദികരുടെ മാസധ്യാനം 9-ാം തീയതി ചൊവ്വാഴ്ച യവനാർകുളം ഇടവകയിൽ വെച്ച് നടന്നു. ഇടവക വികാരി ബഹു. മാത്യു പെരുമാട്ടിക്കുന്നേൽ അച്ചൻ എല്ലാവരേയും സ്വാഗതം ചെയ്തു സംസാരിച്ചു. മക്കിയാട് ധ്യാനകേന്ദ്രം അസി. ഡയറക്ടർ ബഹു. ജെറി മഠത്തിപ്പറമ്പിൽ അച്ചൻ ധ്യാനചിന്തകൾ പങ്കുവെച്ചു. ബഹു. ലിൻസൺ ചെങ്ങിനിയാടത്തച്ചൻ ആരാധനയ്ക്ക് നേതൃത്വം നൽകി. രൂപതാ അനുരഞ്ജന കമ്മിറ്റിയിലേയ്ക്ക് കത്തീഡ്രൽ വികാരി ബഹു. പോൾ മുണ്ടോളിക്കൽ അച്ചൻ തിരഞ്ഞെടുക്കപ്പെട്ടു. AKCC മാർഗ്ഗരേഖ വിതരണം ചെയ്തു. അടുത്ത മാസധ്യാനം WSSS- ന്റെ നേതൃത്വത്തിൽ തവിഞ്ഞാൽ ഇടവകയിൽ വെച്ച് ഓഗസ്റ്റ് 6-ാം തീയതി നടത്തുവാൻ തീരുമാനിച്ചു. ബഹു. പോൾ കൂട്ടാല അച്ചൻ എല്ലാവർക്കും നന്ദി പറഞ്ഞു.

**ഫാ. ജോർജ്ജ്കുട്ടി കണിപ്പിള്ളിൽ**
സെക്രട്ടറി

# കുടുംബകൂട്ടായ്മ

കുടുംബ കൂട്ടായ്മയുടെ നേതൃത്വത്തിൽ കൈക്കാരന്മാർക്കുള്ള സെമിനാർ നടന്നു വരുന്നു. ജൂൺ മാസം 29– ന് ദ്വാരകയിലും ജൂലൈ മാസം 14–ാം തിയ്യതി മണിമൂളി പാസ്റ്ററൽ സെന്ററിലുമായി രണ്ടു സെമിനാറുകൾ നടന്നു. 190 കൈക്കാരന്മാർ പങ്കെടുത്തു. അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് സെമിനാർ ഉദ്ഘാടനം ചെയ്തു. പെരിയ ബഹു. പോൾ മുണ്ടോളിക്കൽ അച്ചനും, ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ സാറും, പെരിയ ബഹു. ജോസ് മേച്ചേരി അച്ചനും ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ഏവർക്കും ഹൃദ്യമായ നന്ദി. അടുത്ത സെമിനാർ ആഗസ്റ്റ് 10–ാം തിയ്യതി രണ്ടാം ശനിയാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് 1.30 വരെയാണ് ക്രമീകരിച്ചിരിക്കുന്നത്. കഴിഞ്ഞ രണ്ടു സെമിനാറുകളിൽ പങ്കെടുക്കാത്ത എല്ലാകൈക്കാരന്മാരെയും വികാരിയച്ചന്മാർ മറക്കാതെ പറഞ്ഞയയ്ക്കുമല്ലോ. രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 75 രൂപ കൊടുത്തയയ്ക്കണേ. കൈക്കാരന്മാരുടെ സെമിനാറിൽ രൂപപ്പെട്ട ഒരു ആശയമാണ് കൈക്കാരന്മാർക്കുള്ള ധ്യാനം. അതനുസരിച്ച് നവംമ്പർ മാസം 8, 9,10 തിയ്യതികളിൽ (8–ന് 4 pm മുതൽ 10. ന് 4 pm വരെ) സിയോൻ ഡയറക്ടർ ബഹു. സോണി അച്ചന്റെ നേതൃത്വത്തിൽ കൈക്കാരന്മാർക്കുള്ള ആദ്യ ധ്യാനം ക്രമീകരിക്കുകയാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 125 പേർക്ക് ഈ ധ്യാനത്തിന് അവസരമുണ്ടാകും. വികാരി അച്ചന്മാർ അവരെ അതിന് പ്രോത്സാഹിപ്പിച്ച് പറഞ്ഞയയ്ക്കുമല്ലോ.

**ഫാ. പോൾ വാഴപ്പള്ളി**
ഡയറക്ടർ, കുടുംബകൂട്ടായ്മ

---

# ബൈബിൾ അപ്പോസ്റ്റലേറ്റ്

**ലോഗോസ് 2019**

ലോഗോസ് ക്വിസ് മത്സരത്തിനുള്ള registration July 31-ന് അവസാനിച്ചിരിക്കുകയാണല്ലോ. Register ചെയ്ത പേരുകളുടെ print out, registration fee യോടുകൂടി എത്രയും വേഗം രൂപതാ കേന്ദ്രത്തിൽ എത്തിക്കാൻ ബന്ധപ്പെട്ടവരെ വികാരിയച്ചന്മാർ അറിയിക്കുമല്ലോ. Print out എടുക്കുമ്പോൾ A,B,C,D ....... എന്നിങ്ങനെ ഗ്രൂപ്പ് തിരിച്ചുള്ള ലിസ്റ്റും ഒപ്പം at a glance എന്ന് കാണുന്ന option നിലെ ആകെ മത്സരാർത്ഥികളുടെ ലിസ്റ്റും നിർബന്ധമായും തരേണ്ടതാണ്.

**ഫാ. പോൾ വാഴപ്പള്ളി**
ഡയറക്ടർ ബൈബിൾ അപ്പസ്റ്റോലേറ്റ്

### ക്ലാസ്സ് ട്രെയിനിംഗ്

ജൂലൈ 21-ാം തീയതി മണിമൂളി പാസ്റ്ററൽ സെന്ററിൽ വച്ച് ക്ലാസ്സ് ട്രെയിനിംഗ് നടന്നു. മണിമൂളി പാസ്റ്ററൽ സെന്ററിൽ ആവശ്യമായ ക്രമീകരണങ്ങളൊരുക്കിയ ബഹു. ജോസ് മേച്ചേരി അച്ചനും മേഖലാ ഡയറക്ടേഴ്സ് റവ. ഫാ. അനിൽ മുഞ്ഞനാട്ട്, റവ. ഫാ. അഗസ്റ്റിൻ ചേമ്പാല മേഖലാ സെക്രട്ടറിമാരായ നിഷാന്ത് ആലുങ്കൽ (മണിമൂളി) ജോഷി കളരിക്കൽ (നിലമ്പൂർ) എന്നിവർക്കും ക്ലാസ്സുകൾക്ക് നേതൃത്വം നൽകിയ ശ്രീ. ബേബി ജോസഫ്, ശ്രീ. ബെന്നി ആന്റണി എന്നീ രൂപത ടീം അംഗങ്ങൾക്കും പ്രത്യേകമായ നന്ദി.

DCC 2019-2021 ബാച്ചിന്റെ പ്രഥമ സംഗമം സെപ്റ്റംബർ 10-ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നതാണ്. DCC യ്ക്ക് രജിസ്റ്റർ ചെയ്തിരിക്കുന്ന കുട്ടികളെ ബഹു. ഹെഡ്മാസ്റ്റേഴ്സ് ഈ വിവരം അറിയിക്കണം എന്നോർമ്മിപ്പിക്കുന്നു. രാവിലെ 9.30 ന് സംഗമം ആരംഭിക്കുന്നതാണ്.

### ക്ലാസ്സ് പരീക്ഷ

ഓഗസ്റ്റ് 25-ാം തീയതി ഞായറാഴ്ചയാണ് ആദ്യ സെമസ്റ്ററിലെ ക്ലാസ്സ് പരീക്ഷ നടത്തേണ്ട ദിവസം. നിർബന്ധമായും ഇടവകയിൽ ക്ലാസ്സ് പരീക്ഷ നടത്തുകയും അതിന്റെ മാർക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്യണം. ഈ പരീക്ഷയിൽ പാഠപുസ്തകം 60%, ഉപപാഠപുസ്തകം -20%, വിശുദ്ധ ഗ്രന്ഥഭാഗം (വചനവിളക്ക്)-5%, പൊതുവിജ്ഞാനം -5%, നമസ്കാരങ്ങൾ-10%, എന്ന രീതിയിൽ ചോദ്യ പേപ്പറുകൾ ഇടവകകളിൽത്തന്നെ തയ്യാറാക്കി പരീക്ഷ നടത്തണം. ഈ മാർക്കുകൾ തുടർമൂല്യനിർണ്ണയത്തിൽ (CE) ചേർക്കേണ്ടതാണ്.

## HDC ക്ലാസ്സ്

HDC ഒന്നാം വർഷക്കാരുടെ ക്ലാസ്സുകൾ സെപ്റ്റംബർ മാസത്തിലാണ് ആരംഭിക്കുന്നത്. സെപ്റ്റംബർ 9 ന് ദ്വാരകയിലും 14ന് മണിമൂളിയിലും വച്ച് ആദ്യക്ലാസ് നടത്തപ്പെടുന്നതാണ്. ആദ്യ ക്ലാസ്സിന് വരുമ്പോൾ കൊണ്ടുവരേണ്ട അസൈൻമെന്റിന്റെ വിഷയം താഴെ കൊടുക്കുന്നു. പത്ത് പേജിൽ കവിയാതെയുള്ള അസൈന്റ്മെന്റാണ് സമർപ്പിക്കേണ്ടത്.

**വിഷയം:** "മെച്ചപ്പെട്ട ഒരു ലോകം നിർമ്മിക്കാൻ ക്രിസ്തുവിന്റെ സൗഹാർദ്രസ്നേഹത്താൽ രക്ഷിക്കപ്പെട്ട", ക്രിസ്തുവിനോടൊത്ത് ജീവിക്കുക. 'ക്രിസ്തു ജീവിക്കുന്നു' എന്ന ഫ്രാൻസിസ് പാപ്പായുടെ അപ്പസ്തോലിക പ്രബോധനത്തെ അടിസ്ഥാനമാക്കി സമർത്ഥിക്കുക. 'ക്രിസ്തു ജീവിക്കുന്നു' എന്ന പുസ്തകം ബുക്ക്സ്റ്റാളിൽ ലഭ്യമാണ്.

HDC രണ്ടാം വർഷക്കാരുടെ അടുത്ത ക്ലാസ്സുകൾ ഓഗസ്റ്റ് 10 – ദ്വാരക, ഓഗസ്റ്റ് 23 – മണിമൂളി എന്നീ തീയതികളിൽ നടക്കുന്നതാണ്.

**Plus Two വിദ്യാർത്ഥി സംഗമം**

ഈ വർഷം Plus Two വിശ്വാസ പരിശീലനം നടത്തുന്ന വിദ്യാർത്ഥികളുടെ സംഗമം, കഴിഞ്ഞ വർഷങ്ങളിലേതുപോലെ തന്നെ മേഖലാ തലത്തിൽ ക്രമീകരിച്ചിരിക്കുന്നു. ജൂലൈ 14-ാം തീയതി ഞായറാഴ്ച കല്ലോടി മേഖലയിൽ നടന്നു. കല്ലോടി മേഖലയിൽ നടന്ന Plus Two സംഗമത്തിൽ ക്ലാസ്സുകൾക്ക് നേതൃത്വം നൽകിയ റവ. ഫാ. നോബിൾ പാറക്കലിനും ആവശ്യമായ ക്രമീകരണങ്ങളെല്ലാം സജ്ജമാക്കിയ കല്ലോടി മേഖല ഡയറക്ടർ റവ. ഫാ. ജോസ് കൊട്ടാരത്തിലിനും മേഖല സെക്രട്ടറി സജീഷ് മുക്കത്തിനും കല്ലോടി ഫൊറോന വികാരി റവ. ഫാ. അഗസ്റ്റിൻ പുത്തൻപുരക്കൽ അച്ചനും അസിസ്റ്റന്റ് വികാരി റവ.ഫാ. നിധിൻ പാലക്കാട്ടിനും കല്ലോടി ഇടവകയിലെ മതാധ്യാപകർക്കും ഹെഡ്മിസ്ട്രസിനും രൂപതാ മതബോധന കേന്ദ്രത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

ഓരോ മേഖലയ്ക്കും കലണ്ടറിൽ തന്നിരിക്കുന്ന തീയതികൾ ശ്രദ്ധിക്കുക. അതേ ദിവസം തന്നെ സംഗമം ക്രമീകരിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

ചുങ്കക്കുന്ന് ഫൊറോനയിലെ സംഗമം സെപ്റ്റംബർ 8 ന് ആയിരിക്കും.

**രൂപതാ വിസിറ്റ്**

ഇടവകയിലെ വിശ്വാസ പരിശീലന പ്രവർത്തനങ്ങളെ മനസ്സിലാക്കുന്നതിനും വിലയിരുത്തുന്നതിനുമായി രൂപതാ ടീം അംഗങ്ങൾ ഓഗസ്റ്റ് മാസം മുതൽ ഇടവകകളിൽ സന്ദർശനം നടത്തുന്നതാണ്.

ഓഗ്ഗസ്റ്റ് 18 -ാം തിയ്യതി മണിമൂളി നിലമ്പൂർ ഫൊറോനകളിൽ വിസിറ്റ് ഉണ്ടായിരിക്കുന്നതാണ്.

**ആദരാഞ്ജലികൾ**

റിപ്പൺ ഇടവകയിൽ കഴിഞ്ഞ 5 വർഷങ്ങളായി മതാധ്യാപികയായി സേവനം ചെയ്തുകൊണ്ടിരുന്ന പ്രിൻസി സാജു, ജൂലൈ 15 ന് പെട്ടെന്ന് മരണപ്പെട്ടു. ടീച്ചറിന്റെ വേർപാടിൽ ദുഃഖിതരായ

കുടുംബാഗംങ്ങൾക്കും റിപ്പൺ ഇടവകയിലെ മതാധ്യാപകർക്കും മാനന്തവാടി മതബോധന കേന്ദ്രത്തിന്റെ ആദരാഞ്ജലികളും പ്രാർത്ഥനകളും നേരുന്നു.

**സർവ്വേ ഫോറം**

മുഴുവൻ ഇടവകകളും survey form ഓഗസ്റ്റ് 15 -ാം തീയതിക്കു മുമ്പായി നമ്മുടെ പുതിയ site ലേക്ക് upload ചെയ്യേണ്ടതാണ്. (www.catechismmdy.in > Parish > survey)

**മന്ന**

പൊതുവിജ്ഞാനപുസ്തകം (മന്ന) സൈറ്റിൽ ലഭ്യമാണ്. (www.catechismmdy.in > Teachers Corner > General >Manna (pdf).

DCC യുടെ RESULT ഉം സൈറ്റിൽ ലഭ്യമാണ്.

**ഫാ. തോമസ് കാട്ടുതുരുത്തിയിൽ**

ഡയറക്ടർ, മതബോധനകേന്ദ്രം

# ചെറുപുഷ്പ മിഷൻലീഗ്

സ്നേഹിതരേ,

2019-2020 വർഷത്തിലെ താളാത്മകമായ, തീക്ഷണതയുള്ള മിഷൻ പ്രവർത്തനങ്ങൾക്ക് അഭിനന്ദനങ്ങൾ. വളരെ മനോഹരമായി 2019 ജൂലൈ 21 ന് ഉച്ചകഴിഞ്ഞ് വിവിധ മേഖലാ കേന്ദ്രങ്ങളിൽ വെച്ച് മികവാർന്ന പങ്കാളിത്തത്തോടെ മേഖല, രൂപത സാഹിത്യ മത്സരങ്ങൾ ക്രമീകരിച്ച മേഖലാ ഡയറക്ടേഴ്സിനും, ജോ. ഡയറക്ടേഴ്സിനും, ഭാരവാഹികൾക്കും, രൂപതാ എക്സിക്യൂട്ടീവ്, ടീം അംഗങ്ങൾക്കും ഹൃദ്യമായ അഭിനന്ദനങ്ങൾ.

100% വിജയം, Full A+ തുടങ്ങിയ വിജയ കഥകൾ ഒരുപാട് കേട്ട ദിവസങ്ങളാണല്ലോ കടന്നു പോയത്. വിജയം നേടിയ എല്ലാ മിടുക്കന്മാർക്കും, മിടുക്കികൾക്കും അഭിനന്ദനങ്ങൾ. ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ. ഈ വിജയകഥകൾ വായിച്ചപ്പോൾ മറ്റൊരു കാര്യം ഓർത്തുപോയി. കേരളം 100% സാക്ഷരത നേടിയ ഒരു സംസ്ഥാനമാണ് നിങ്ങൾക്ക് അറിയാമല്ലോ. പക്ഷേ, നമ്മൾ വഴിയിലൂടെ സഞ്ചരിക്കുമ്പോൾ വഴിവക്കിൽ Waste അലക്ഷ്യമായി വലിച്ചെറിഞ്ഞിട്ടിരിക്കുന്ന മനസ്സ് മടുപ്പിക്കുന്ന കാഴ്ച നമ്മൾ നിത്യം കാണുന്നില്ലേ? എന്റെ ഒരു സുഹൃത്തിന് വിദേശത്ത് ഒരു ഹോട്ടലിൽവച്ചുണ്ടായ ഒരു അനുഭവം എന്നെ ഒത്തിരി ചിന്തിപ്പിച്ചു. അവർ Order ചെയ്ത ഭക്ഷണം അവർക്ക് കഴിച്ചു തീർക്കാൻ സാധിച്ചില്ല. കുറേയേറെ ഭക്ഷണം അവർ പാഴാക്കി കളഞ്ഞു. ബില്ല് വന്നപ്പോൾ അവർ പാഴാക്കിയ ഭക്ഷണ സാധനങ്ങൾക്ക് പിഴ ആയി വലിയ ഒരു തുക ഇട്ടിരിക്കുന്നത് കണ്ടു. എന്റെ സുഹൃത്ത് ചോദിച്ചു. 'ഇത് ഞങ്ങൾ സ്വന്തം പൈസകൊണ്ട് വാങ്ങിയതാണ്. അത് പാഴാക്കികളയുന്നതിന് ഞങ്ങൾ എന്തിനാണ് പിഴ അടയ്ക്കുന്നത്'? അപ്പോൾ അവർ പറഞ്ഞു. 'ഇത് ഇവിടുത്തെ സർക്കാർ നിയമമാണ്. പിഴ അടച്ചില്ലെങ്കിൽ ഞങ്ങൾ പോലീസിനെ അറിയിക്കും' എന്ന്. പ്രിയമുള്ളവരെ, ഭക്ഷണവും വെള്ളവുമെല്ലാം ദൈവം നമുക്കെല്ലാവർക്കും വേണ്ടിയാണ് തന്നിരിക്കുന്നത്. പണം കൊടുത്തു വാങ്ങിയാലും അത് പാഴാക്കികളയാൻ നമുക്കവകാശമില്ല. പ്രത്യേകിച്ച്, ഭക്ഷണം കിട്ടാതെ അനേകം മനുഷ്യർ ഈ ലോകത്ത് മരിച്ചുകൊണ്ടിരിക്കുമ്പോൾ ചെറുപുഷ്പ മിഷൻലീഗിന്റെ' നല്ല അയൽക്കാരൻ' പദ്ധതിയിൽ (200-ഓളം കുടുംബങ്ങൾക്ക് ഭക്ഷണ സാധനങ്ങളടങ്ങുന്ന കിറ്റ്)

നമുക്കും പങ്കുകാരായി ജീവകാരുണ്യ പ്രവർത്തനങ്ങളോട് സഹ കരിക്കാം. മുകളിൽ ഉദ്ധരിക്കപ്പെട്ട ഈ രണ്ടു സംഭവങ്ങളും വിരൽ ചൂണ്ടുന്നത് നമ്മുടെ ഉള്ളിലെ സ്വാർത്ഥതയിലേയ്ക്കാണ്. സ്വാർത്ഥത മനുഷ്യനെ മനുഷ്യനല്ലാതാക്കി മാറ്റു സംഭവങ്ങൾ പത്രങ്ങളിലൂടെയും സമൂഹ മാധ്യമങ്ങളിലൂടെയും നാം ദിവസവും കേൾക്കുന്നു. വിദ്യാഭ്യാസം മാത്രമല്ല മനുഷ്യന് ആവശ്യം. ദൈവത്തിന്റെ ജ്ഞാനം കൂടി ഉണ്ടായാലേ സ്വാർത്ഥതയില്ലാത്ത നല്ല പൗരന്മാരും നല്ല മനുഷ്യരുമാകുവാൻ നമുക്ക് സാധിക്കൂ. ദൈവം എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

പ്രേഷിതാഭിവാദ്യങ്ങളോടെ,

**ഷിജു അച്ചൻ.**

**പ്രാർത്ഥനാ മലരുകൾ - 72 സ്വർഗ്ഗസ്ഥനായപിതാവേ..**

മിഷൻ പ്രയർ ബാങ്ക് ശേഖരണം– ചാന്ദാ രൂപത (നീലഗിരി മേഖലയിലെ ശാഖകൾ)

**ശാഖ പ്രസിഡന്റ് സെക്രട്ടറിമാരുടെ സംഗമം**

ശാഖ പ്രസിഡന്റ് സെക്രട്ടറിമാരുടെ സംഗമം ദ്വാരകയിൽ വച്ച് നടത്തപ്പെട്ടു. വിവിധ ശാഖകളിൽ നിന്നായി ഇരുന്നൂറോളം പ്രതിനിധികൾ പങ്കെടുത്തു. രൂപത പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ.സെബാസ്റ്റ്യൻ പാലംപറമ്പിൽ സംഗമം ഉദ്ഘാടനം ചെയ്തു. രൂപത വൈസ് പ്രസിഡന്റ് കുമാരി ആര്യ കൊച്ചുപുരയ്ക്കൽ അദ്ധ്യക്ഷത വഹിച്ചു. രൂപത എക്സിക്യൂട്ടീവ് അംഗങ്ങളായ ശ്രീ. സിനീഷ് ആപ്പുഴയിൽ, ശ്രീ. അരുൺ പേഴേക്കാട്ടിൽ, ശ്രീ. ബിനീഷ് തുമ്പിയാംകുഴിയിൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു. രൂപതാ സെക്രട്ടറി ടോംജോസ് പൂവക്കുന്നേൽ നന്ദി പറഞ്ഞു.

**രൂപതാതല ശാഖാ പ്രവർത്തനവർഷ ഉദ്ഘാടനവും സെന്റ് തോമസ് ദിനാചരണവും**

രൂപതാതല ശാഖാപ്രവർത്തന വർഷ ഉദ്ഘാടനവും സെന്റ് തോമസ് ദിനാചരണവും വാകേരി ശാഖയിൽവച്ച് നടത്തപ്പെട്ടു. രൂപത ഡയറക്ടർ റവ.ഫാ. ഷിജു ഐക്കരക്കാനായിൽ ഉദ്ഘാടനം ചെയ്തു, വാകേരി ശാഖാ ഡയറക്ടർ റവ.ഫാ.ലാൽ പൈനുങ്കൽ അനുഗ്രഹ പ്രഭാഷണം നടത്തി. വാകേരി ശാഖാ പ്രസിഡന്റ് എസ്പിൻ അദ്ധ്യക്ഷത വഹിച്ചു. രൂപത സെക്രട്ടറി ശ്രീ. ടോം ജോസ് പൂവക്കുന്നേൽ, റീജണൽ ഓർഗനൈസർ ശ്രീ. ജോസ് മാങ്കൂട്ടം, രൂപത എക്സിക്യൂട്ടീവ് അംഗം കുമാരി അഖില ആരംപുളിക്കൽ, ശാഖയിലെ ഭാരവാഹികൾ, മതാദ്ധ്യാപകർ, ഇടവക പ്രധിനിധികൾ തുടങ്ങിയവർ നേതൃത്വം നല്കി.

**മേഖല / രൂപത സാഹിത്യമത്സരം**

മേഖല / രൂപത സാഹിത്യമത്സരം ജൂലൈ 21 ഞായറാഴ്ച ഇരുപത്തിയൊന്ന് കേന്ദ്രങ്ങളിൽ വച്ച് നടത്തപ്പെട്ടു. ആയിരത്തിലേറെ അംഗങ്ങൾ പങ്കെടുത്തു. രൂപത എക്സിക്യൂട്ടീവ് ടീം അംഗങ്ങൾ നേതൃത്വം നൽകി.

മേഖല/രൂപത സാഹിത്യമത്സരത്തിന്റെ മേഖലാതലത്തിലുള്ള മൂല്യനിർണ്ണയം നടത്തി സൃഷ്ടികൾ ആഗസ്റ്റ് 15 ന് മുമ്പായി രൂപതാ ഓഫീസിൽ എത്തിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**പുരോഹിതൻ എനിക്കാര് ?**

ദൈവവിളി വർഷത്തോടനുബന്ധിച്ച് 'പുരോഹിതൻ എനിക്കാര്'? എന്ന വിഷയത്തിൽ ഓൺലൈൻ വീഡിയോ പ്രസംഗമത്സരം (4 മിനിറ്റ്) നടത്തുന്നു. ഒരു ശാഖയിൽ നിന്നും പരമാവധി 5 പേർക്ക് പങ്കെടുക്കാം. വീഡിയോ അയയ്ക്കുമ്പോൾ പേരും വീട്ടുപേരും ശാഖയുടെ പേരും അയയ്ക്കുക. ജൂലൈ 31 ന് മുമ്പായി രൂപത ഓഫീസിലേക്ക് വാട്സാപ്പ് (9188241017) ആയി എത്തിയ പ്രസംഗങ്ങളാണ് മത്സരത്തിന് പരിഗണിക്കുക

**നല്ല അയൽക്കാരൻ**

രൂപതയിലെ പാവപ്പെട്ട കുടുംബങ്ങളെ ഭക്ഷണവസ്തുക്കൾ നൽകി സഹായിക്കുന്ന നല്ല അയൽക്കാരൻ പദ്ധതി ഈ മാസം മുതൽ ആരംഭിക്കുന്നു. രൂപത, മേഖലകൾ, ശാഖകൾ എന്നീ തലങ്ങളിൽ സംയുക്തമായി ഇരുന്നൂറോളം കുടുംബങ്ങളെ ആണ് മാസം തോറും നല്ല അയൽക്കാരൻ പദ്ധതിവഴി സഹായിക്കുന്നത്. ശാഖകൾ, ശാഖാ പരിധിയിൽനിന്ന് ഒരു കുടുംബത്തെ ദത്തെടുക്കുന്നു. 2019 ആഗസ്റ്റ് മാസം മുതൽ 2020 മെയ് മാസം വരെ ആ കുടുംബത്തിന് ഭക്ഷണ സാധനങ്ങൾ അടങ്ങുന്ന കിറ്റ് നൽകുന്നു. മേഖലകൾ, മേഖല പരിധിയിൽ നിന്ന് 2 കുടുംബത്തെ ദത്തെടുക്കുന്നു. ഇതിൽ ഒരു കുടുംബത്തിന് മേഖലയും ഒരു കുടുംബത്തിന് രൂപതയും ഭക്ഷണ സാധനങ്ങൾ അടങ്ങുന്ന കിറ്റ് നൽകുന്നു. നല്ല അയൽക്കാരൻ പദ്ധതിയിൽപ്പെട്ട കുടുംബങ്ങളുടെ ലിസ്റ്റ് മേഖല ഭാരവാഹികൾ ജൂലൈ 31 ന് മുമ്പ് രൂപതാ ഓഫീസിൽ എത്തിക്കുമല്ലോ?

**കുഞ്ഞേട്ടൻ അനുസ്മരണവും സംസ്ഥാന മാനേജിംഗ് കമ്മറ്റിയും**

ഈ വർഷത്തെ കുഞ്ഞേട്ടൻ അനുസ്മരണവും സംസ്ഥാന മാനേജിംഗ് കമ്മറ്റിയും ആഗസ്റ്റ് മാസം 10-ാം തീയതി കുഞ്ഞേട്ടന്റെ ഇടവകയായ ചെമ്മലമറ്റം ശാഖയിൽ വച്ച് നടത്തപ്പെടുന്നു.

**ജോയിന്റ് ഡയറക്ടേഴ്സ് ദിനം**

അൽഫോൻസാമ്മയുടെ തിരുനാളായ ജൂലൈ 28 ഈ വർഷം മുതൽ ജോയിന്റ് ഡയറക്ടേഴ്സ് ദിനമായി ആചരിക്കുന്നു. രൂപത, മേഖല, ശാഖ തലങ്ങളിൽ സംഘടനയ്ക്കായി സേവനം ചെയ്യുന്ന എല്ലാ പ്രിയപ്പെട്ട സിസ്റ്റേഴ്സിനെയും ഓർത്ത് പ്രാർത്ഥിക്കാനായി നമുക്ക് ഈ ദിവസം ഉപയോഗപ്പെടുത്താം. അതോടൊപ്പം രൂപത ജോ.ഡയറക്ടർ റവ.സി. ടെസ്സി എസ്.എച്ചിനും വിവിധ മേഖല, ശാഖ ജോയിന്റ് ഡയറക്ടേഴ്സിനും ആശംസകൾ സ്നേഹത്തോടെ നേരുന്നു.

എല്ലാ ഇടവകാ വികാരിയച്ചൻമാർക്കും വി.ജോൺ മരിയ വിയാനിയുടെ തിരുനാൾ മംഗളങ്ങൾ സ്നേഹാദരപൂർവ്വം ആശംസിക്കുന്നു.

**കളർഫുൾ മത്സരങ്ങൾ**

ഈ വർഷം കളർഫുൾ മത്സരങ്ങൾ ആയതിനാൽ തയ്യാറെടുപ്പുകൾ നേരത്തേ നടത്തി എല്ലാവരും മത്സരങ്ങൾക്ക് ഒരുങ്ങേണ്ടതാണ്. മേഖലാമത്സരങ്ങൾ നടത്തുന്ന തീയ്യതികൾ മുൻകൂട്ടി തീരുമാനിച്ച് രൂപതയിൽ അറിയിക്കേണ്ടതാണ്. രണ്ടു മേഖലയിൽ കൂടുതൽ ഒരു ദിവസം മത്സരങ്ങൾ നടത്താതിരിക്കാൻ ശ്രദ്ധിക്കുമല്ലോ.

**മേഖല വാർത്തകൾ**

**കൽപ്പറ്റ**:- പ്രവർത്തനവർഷ ഉദ്ഘാടനം ഫാ. ടോണി താന്നിക്കൽ CMF നിർവ്വഹിച്ചു. ശ്രീ. സജി വട്ടയ്ക്കാമുകുളേൽ സാഹിത്യ ശിൽപശാല നയിച്ചു. പന്തക്കുസ്താ ഒരുക്ക ശുശ്രൂഷയും ദൈവവിളി സെമിനാറും നടത്തി.

**ശാഖാ വാർത്തകൾ**

*മുണ്ടേരി:-* പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ചെടികൾ നടുകയും എല്ലാ വീടുകളിലേയ്ക്ക് ചെടികൾ നൽകുകയും ചെയ്തു.

*പുതിയിടം:-* പഠനോപകരണ കാഴ്ച സമർപ്പണം നടത്തി. ഇടവകയിലെ അർഹരായ കുട്ടികൾക്ക് വിതരണം ചെയ്തു.

*വിമലഗിരി:-* പ്രവേശനോത്സവം നടത്തി. ഇടവകയിലെ ഓരോകുടുംബത്തിനും മുൻവൈദികരേയും, മേഖലയിലെ വൈദികരേയും പ്രാർത്ഥിക്കാൻ കൊടുത്തു.

*നെയ്ക്കുപ്പ:-* ദൈവവിളി ദിനാചരണവും, ആരാധനയും നടത്തി.

*നരിവാലമുണ്ട:-* ശാഖയിൽ പരിസ്ഥിതി ദിനത്തോടനുബന്ധിച്ച്, ബഹു. ബാബു പാറയിൽ അച്ചന്റെ നേതൃത്വത്തിൽ വൃക്ഷതൈ നട്ടു. എല്ലാ ഞായറാഴ്ചയും ആരാധന നടത്തുന്നു.

*തവിഞ്ഞാൽ:-* വിശുദ്ധരുടെ ജീവചരിത്രരചനാ മത്സരം നടത്തി. ഫാദേഴ്സ് ഡെ ആഘോഷത്തിൽ വേദപാഠാദ്ധ്യാപകരായ ഫാദേഴ്സിനെ ആദരിച്ചു.

*പോരൂർ:-* വൃക്ഷതൈകൾ നട്ടുകൊണ്ട് പ്രവർത്തനവർഷം ആരംഭിച്ചു. പഠനോപകരണങ്ങളുടെ കാഴ്ചസമർപ്പണം നടത്തി. പാവപ്പെട്ട കുട്ടികൾക്ക് വിതരണം ചെയ്തു.

*കുറുമ്പാല:-* പഠന സഹായം 2500 രൂപ നൽകി. ഒരു കുട്ടിക്ക് ഒരു വൈദികനെ വീതം പ്രാർത്ഥനയ്ക്കായി നൽകി.

*ഇടിവണ്ണ:-* 'വ്യക്തിത്വ വികസനം' എന്ന വിഷയത്തിൽ ഫാ. ഡൊമിനിക് വളകൊടിയിൽ ഏകദിന സെമിനാർ നടത്തി. ഇടവകയിലെ നിർദ്ധനരായ 17 കുട്ടികൾക്ക് 17595 രൂപയുടെ പഠനോപകരണങ്ങൾ വിതരണം ചെയ്തു.

*ചിത്രഗിരി:-* ജീസസ്സ് യൂത്തിന്റെ നേതൃത്വത്തിൽ CML അംഗങ്ങൾക്കായി ക്രിസ്റ്റീൻ ധ്യാനം നടത്തി. പരിസ്ഥിതി ദിനാചരണം നടത്തി.

*കയ്യൂന്നി:-* ഗൂഡല്ലൂർ രക്ഷാഭവൻ സന്ദർശിച്ച് പഠന സഹായം നൽകി. കുടുംബങ്ങളിൽ പ്രാർത്ഥിക്കാനായി വൈദികരെ നൽകി. പഠനോപകരണ കാഴ്ച വെയ്പ് നടത്തി.

*കൊട്ടിയൂർ:-* 20,000 രൂപയുടെ വിദ്യാഭ്യാസ സഹായം നൽകി. വിവിധ കലാപരിപാടികളോടെ ദുക്റാന തിരുനാൾ ആഘോഷിച്ചു.

*ഏലപ്പീടിക:-* പഠന സഹായം 3,000 രൂപ കൊടുത്തു. ദൈവവിളിക്കായി ആരാധന നടത്തി. പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് മരതൈകൾ നട്ടു.

*ചെന്നലോട്:-* 75-ാം പിറന്നാളും സമർപ്പണ ജീവിതത്തിന്റെ 50 വർഷവും പിന്നിട്ട Sr.Pauline SCV ക്ക് ആശംസകളും പ്രാർത്ഥനകളും നേർന്നു. വികാരി Fr. Sunny Madathil ന് ജന്മദിനാശംസകൾ നേർന്നു.

*കുറുമ്പാലക്കോട്ട:-* St. Thomas Day - ആഘോഷങ്ങൾക്കൊപ്പം CML, Catechism സംയുക്ത വാർഷികാഘോഷം നടത്തി.

*അപ്പപ്പാറ:-* ബൈബിൾ പ്രതിഷ്ഠ, പഠനോപകരണങ്ങൾ കാഴ്ച വെയ്പ്, പഠനോപകരണങ്ങളുടെ വിതരണം, പൂന്തോട്ടം വൃത്തിയാക്കൽ എന്നിവ നടത്തി.

*വാളവയൽ:-* വിയാനി സന്ദർശനം, ഒരു കുടുംബത്തെ ദത്തെടുത്ത് സഹായിക്കുന്നു, നിർദ്ധനരായ ഒരു കുടുംബത്തിന് പഠന സഹായം എന്നിവ ചെയ്തു.

*ചുങ്കക്കുന്ന്:-* ക്രിസ്റ്റീൻ ധ്യാനം നടത്തി. മാനന്തവാടി ഗവ. ആശുപത്രി സന്ദർശിച്ചു. നിർദ്ദനരായ കുഞ്ഞുങ്ങൾക്ക് പഠനോപകരണങ്ങളും യൂണിഫോമും നൽകി.

*കുഞ്ഞോം:-* പഠനത്തിൽ മികവു പുലർത്തിയ 8-ാം ക്ലാസ്സിലെ 4 വിദ്യാർത്ഥികൾക്ക് 1,000 രൂപ വീതം നൽകി. കുടുംബത്തെ ദത്തെടുത്തു. അഡ്വ. ജിജിൽ കിഴക്കരക്കാട്ടിന്റെ നേതൃത്വത്തിൽ സെമിനാർ നടത്തി.

*വാകേരി:-* പന്തക്കുസ്ത തിരുനാളിൽ ഫാ. ലാൽ പൈനുങ്കലിന്റെ നേതൃത്വത്തിൽ ജാഗരണ പ്രാർത്ഥന നടത്തി. പരി.കുർബാനയുടെ തിരുനാളിനോടനുബന്ധിച്ച് ദിവ്യകാരുണ്യപ്രദിക്ഷണം നടത്തി.
*കരിമ്പിൽ:-* ദൈവവിളി പ്രാർത്ഥനാദിനം, ആരാധന, മാതാവിന്റെ ഗ്രോട്ടോ വൃത്തിയാക്കൽ, Sunday Star, Birthday Wishing എന്നിവ നടത്തി.
*നടവയൽ:-* 'ദൈവവിളി വർഷാരംഭം' തിരി തെളിച്ച് ബഹു. വികാരിയച്ചൻ റവ.ഫാ. ബെന്നി മുതിരക്കാലായിൽ ഉദ്ഘാടനം ചെയ്തു. തുടർന്ന് ആരാധന നടത്തി. ദൈവവിളിക്കായ് പ്രാർത്ഥിക്കാൻ ഓരോ ഭവനത്തിനും വെഞ്ചിരിച്ച തിരികൾ നൽകി. പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി ഫല വൃക്ഷത്തൈ നട്ടു.
*വടക്കനാട്:-* S.S.L.C, +2, Full A+ കിട്ടിയ കുട്ടികളെ ആദരിക്കുകയും ക്യാഷ് അവാർഡ് നൽകുകയും ചെയ്തു. വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന ദൈവവിളി പ്രാർത്ഥന ഇടവകയിൽ ആരംഭിച്ചു. രൂപതയിലെ മുഴുവൻ വൈദികരേയും ഉൾപ്പെടുത്തി ഇടവകയിലെ ഓരോ കുടുംബത്തിനും വർഷം മുഴുവൻ പ്രാർത്ഥിക്കുന്നതിനായി 3 വൈദികരെ വീതം നൽകി.
*കാവുംമന്ദം:-* നിപ്പ ബോധവത്ക്കരണം, പ്രസംഗ പരിശീലനം, മാതാപിതാക്കൾക്ക് സെമിനാർ എന്നിവ നടത്തി.
*പാറത്തോട്ടം:-* പരിസ്ഥിതിയും വായനയും എന്ന വിഷയത്തെ ആസ്പദമാക്കി പ്രസംഗമത്സരം നടത്തി. ദൈവവിളിവർഷ പ്രാർത്ഥനാദിനം ആരാധന നടത്തി, എല്ലാവരും കുമ്പസാരിച്ച് വി. കുർബാന സ്വീകരിച്ചു.
*വിളമ്പുകണ്ടം:-* ശാഖാതല പ്രവർത്തനവർഷ ഉദ്ഘാടനത്തോടനുബന്ധിച്ച് ഡയറക്ടർ സജിയച്ചന്റെ നേതൃത്വത്തിൽ ശാഖാ ഭാരവാഹികളെല്ലാവരും നിലവിളക്ക് തെളിക്കുകയും, അംഗങ്ങളോട് ചേർന്ന് പഠനോപകരണങ്ങൾ കാഴ്ചവെയ്പ് നടത്തുകയും ചെയ്തു.
*ചാരിറ്റി:-* കൽപ്പറ്റ മേഖലയുടെ പ്രവർത്തനവർഷാരംഭം ചാരിറ്റി ശാഖയിൽ വെച്ച് ഫാ. ടോണി താന്നിക്കൽ നിർവ്വഹിച്ചു. മേഖല ഡയറക്ടർ ഫാ. ജോൺ പുളിന്താനം ദൈവവിളി സെമിനാർ നടത്തി. ലിസ്സ ടീച്ചർ സാഹിത്യശിൽപശാല നടത്തി.
*കൽപ്പറ്റ:-* ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ബഹു. സോമിയച്ചന്റേയും ജിബിയച്ചന്റേയും നേതൃത്വത്തിൽ പൂച്ചെടികളും വൃക്ഷത്തൈകളും നട്ടു.
*പുതുശ്ശേരി:-* ബഹു. ഡയറക്ടർ അച്ചൻ കുട്ടികളെ എഴുത്തിനിരുത്തികൊണ്ട് വിദ്യാരംഭം കുറിച്ചു. Social Media എന്ന വിഷയത്തെകുറിച്ച് ഫാ. മനോജ് MCBS സെമിനാർ നടത്തി.

*കരിമാനി:-* ഡയറക്ടർ ഫാ. ജിൽസ് ഞവരക്കാട്ടിന് കുഞ്ഞുമിഷനറി മാർ യാത്രാമംഗളങ്ങൾ നേർന്നു. പുതിയതായി ചാർജ്ജെടുത്ത ഫാ. ലിൻസൺ ചെങ്ങിനിയാത്തിനെ സ്വാഗതവും ചെയ്തു.
*ശിശുമല:-* കുട്ടികൾക്കായുള്ള ധ്യാനം, സീനിയേഴ്സ് സംഗമം എന്നിവ നടത്തി. ഭവന നിർമ്മാണത്തിനായി 25,000 - രൂപ നൽകി.
*കല്ലുവയൽ:-* ക്രിസ്റ്റീൻ ധ്യാനം, 10,12 - ക്ലാസ്സുകളിൽ ഫുൾ എ+ കിട്ടിയ വരെ അനുമോദിക്കൽ, പ്രവേശനോത്സവം, എഴുത്തിനിരുത്ത് എന്നിവ നടത്തി.
*തൃശ്ശിലേരി:-* 'വ്യക്തിത്വ വികസനം' എന്ന വിഷയത്തെ ആസ്പദമാക്കി ഏകദിന സെമിനാർ നടത്തി. പന്തക്കുസ്ത തിരുനാളിനോടനുബന്ധിച്ച് പ്രത്യേക ആരാധന നടത്തി.
*നെല്ലിയോടി:-* CML - അംഗങ്ങൾ ബഹു. വികാരിയച്ചന്റേയും മതാ ദ്ധ്യാപകരുടേയും നേതൃത്വത്തിൽ മാനന്തവാടി ഗവ. ആശുപത്രി സന്ദർശിക്കുകയും ഒരു നേരത്തെ ഭക്ഷണം തയ്യാറാക്കി നൽകുകയും ചെയ്തു.
*വെള്ളൂന്നി:-* പന്തക്കുസ്ത തിരുനാളിൽ പ്രത്യേക പ്രാർത്ഥന നടത്തി. വിശ്വാസപരിശീലനത്തിലെ മുഴുവൻ കുട്ടികൾക്കും പരിശുദ്ധാത്മാവിന്റെ ദാനങ്ങളും ഫലങ്ങളും എഴുതി പ്രാവിന്റെ ചിത്രം നൽകി.
*ഒലിവുമല:-* വൃക്ഷത്തൈ നട്ടു. പന്തക്കുസ്ത, പരിശുദ്ധത്രീത്വം എന്നീ തിരുനാളുകളിൽ ആരാധന നടത്തി. പരിശുദ്ധാത്മാവിലുള്ള ജീവിത ത്തെകുറിച്ച് Sr. Resita ക്ലാസ്സ് എടുത്തു.
*തെനേരി:-* വിദ്യാരംഭപ്രാർത്ഥന, രോഗി സന്ദർശനം, ഭവന സന്ദർശനം, പൊതുദിവ്യകാരുണ്യ സ്വീകരണം എന്നിവ നടത്തി. ഇടവകയിലെ മുഴു വൻ കുടുംബങ്ങൾക്കും ഓരോ വൈദികനെ പ്രാർത്ഥനക്കായ് നൽകി.

പുതിയ വർഷത്തിന്റെ പ്രവർത്തന പന്ഥാവിലേക്ക് എല്ലാവരും എത്തിച്ചേർന്നിരിക്കുന്നു. കളർഫുൾ മത്സരങ്ങൾക്കായി എല്ലാവരും തയ്യാറെടുക്കുന്നല്ലോ. മത്സരങ്ങളും പ്രവർത്തനങ്ങളുമെല്ലാം നമ്മിലുള്ള യഥാർത്ഥ മിഷൻ ചൈതന്യത്തെയാണ് പ്രഘോഷിക്കുന്നത് എന്ന ചിന്ത യോടെയാകട്ടെ നമ്മുടെ പ്രവർത്തനങ്ങൾ. നമ്മുടെ ഈ മിഷൻ കൂട്ടായ്മ നൽകുന്ന മാതൃക വളരെ വലിയ അളവിൽ നമ്മുടെ കുഞ്ഞു മിഷനറിമാരുടെ ജീവിതത്തിന് സാക്ഷ്യമാവട്ടെ എന്ന് ആശംസിക്കുന്നു.

**ടോം ജോസ് പൂവക്കുന്നേൽ**
രൂപതാ സെക്രട്ടറി

## ലൈഫ് ട്രെയിനിംഗ്

ലൈഫ് ട്രെയിനിംഗ് 2018-2019 ബാച്ചിലെ വിദ്യാർത്ഥികൾക്കു വേണ്ടിയുള്ള ട്രെയിനിംഗ് പ്രോഗ്രാം ജൂലൈ 5, 6 വെള്ളി, ശനി ദിവസങ്ങളിൽ പാസ്റ്ററൽ സെന്ററിൽ വെച്ച് നടന്നു. ട്രെയിനിംഗ് പ്രോഗ്രാമിൽ 40 വിദ്യാർത്ഥികൾ പങ്കെടുത്തു. വിദ്യാർത്ഥികൾ തങ്ങളുടെ പഠനനിലവാരത്തെയും, ആത്മീയജീവിതത്തെയും കുറിച്ച് വിലയിരുത്തി സംസാരിക്കുകയും ആവശ്യമായ തിരുത്തലുകൾ നല്കുകയും ചെയ്തു. ശനിയാഴ്ച്ച രാവിലെ ഫാ. ബിജു പുന്നക്കാപടവിൽ കുട്ടികൾക്കുവേണ്ടി ദിവ്യബലി അർപ്പിച്ച് പ്രാർത്ഥിച്ചു. തുടർന്ന് 2019 ബാച്ചിലെ വിദ്യാർത്ഥികൾക്ക് ജിയോഗ്രഫി വിഷയത്തിൽ ഷിജിൻ സാറും, 2018 ബാച്ചിന് കെമിസ്ട്രി വിഷയത്തിൽ കുമാരി നിനു ടീച്ചറും ക്ലാസ്സുകൾ നല്കി. ഈ രണ്ടു ദിവസത്തെ പ്രോഗ്രാമിന് സി.ആൻസി തോമസ്സ് സി.എം.സി, സി.ലിൻസി എസ്.സി.വി തുടങ്ങിയവർ നേതൃത്വം നല്കി. 2016-2017 ബാച്ചിലെ ലൈഫ് ട്രെയിനിംഗ് വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള ട്രെയിനിംഗ് പ്രോഗ്രാം ജൂലൈ 13,14 വെള്ളി, ശനി ദിവസങ്ങളിൽ ദ്വാരക യൂത്ത് മിനിസ്ട്രി ഓഫീസിൽവെച്ച് നടന്നു. വെള്ളിയാഴ്ച്ച വൈകുന്നേരം പ്രാർത്ഥനയോടെ ആരംഭിച്ച ട്രെയിനിംഗ് പ്രോഗ്രാമിൽ സി.ആൻസി തോമസ്സ് സി.എം.സി വിദ്യാർത്ഥികളെ കുമ്പസാരത്തിന് ഒരുക്കുകയും ചെറുപുഷ്പ മിഷ്യൻലീഗ് ഡയറക്ടർ ഫാ.ഷിജു ഐക്കരത്താഴത്ത് വിദ്യാർത്ഥികളെ കുമ്പസാരിപ്പിക്കുകയും തുടർന്ന് ഫാ. ലാൽ ജേക്കബ് പൈനുങ്കലിന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികൾ അവരുടെ പഠനനിലവാരത്തെയും പ്രാർത്ഥനാജീവിതത്തെയും കുറിച്ച് വിലയിരുത്തി സംസാരിക്കുകയും ആവശ്യമായ തിരുത്തലുകൾ നല്കുകയും ചെയ്തു. ശനിയാഴ്ച്ച രാവിലെ ഫാ. ലാൽ ജേക്കബ് പൈനുങ്കൽ വിദ്യാർത്ഥികൾക്കുവേണ്ടി ദിവ്യബലി അർപ്പിച്ച് പ്രാർത്ഥിച്ചു. തുടർന്ന് കണക്ക് വിഷയത്തിൽ ഷിജിൽ സാർ കുട്ടികൾക്ക് ക്ലാസ്സുകൾ നല്കി. പാരൻസ് മീറ്റിംഗ്: 2016-2017 ബാച്ചിലെ വിദ്യാർത്ഥികളുടെ മാതാപിതാക്കളുടെ കൂട്ടായ്മ ശനിയാഴ്ച്ച

ഉച്ചകഴിഞ്ഞ് 2.30 ന് ഫാ. ലാൽ ജേക്കബ് പൈനുങ്കലിന്റെ നേതൃത്വത്തിൽ യൂത്ത്മിനിസ്ട്രി ഓഫീസിൽ വെച്ച് നടന്നു. വിദ്യാർത്ഥികളുടെ ജീവിതനിലവാരത്തെകുറിച്ചും പ്രാർത്ഥന, പഠനം, എന്നീ വിഷയത്തെകുറിച്ചും മാതാപിതാക്കൾ വിലയിരുത്തി സംസാരിച്ചു. മാതാപിതാക്കൾ കുട്ടികളുടെ ജീവിതത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളെ കുറിച്ചും, അവരുടെ ജീവിത ശൈലിയിൽ വരുത്തേണ്ട മാറ്റങ്ങളെ കുറിച്ചും ഫാ. ലാൽ ജേക്കബ് മാതാപിതാക്കളോട് സംസാരിച്ചു. നാല് മണിയോടെ മീറ്റിംഗ് അവസാനിച്ചു. ടീം ധ്യാനം യൂത്ത് മിനിസ്ട്രി ടീം അംഗങ്ങളുടെ ധ്യാനം കോട്ടയം കളത്തിപടിയിൽ വെച്ച് ജൂലൈ 7 ഞായർ മുതൽ 11 -ാം തിയ്യതി വ്യാഴാഴ്ച്ച വരെ നടന്നു. ധ്യാനത്തിന്റെ ഈ അഞ്ചു ദിനങ്ങൾ വലിയ ദൈവാനുഭവത്തിന്റെയും ദൈവാനുഗ്രഹത്തിന്റെയും ദിനങ്ങളായിരുന്നു. ജെ. ബാന്റ് പാടാനും സംഗീതോപകരണങ്ങൾ വായിക്കാനും കഴിവുള്ള യുവജനങ്ങളുടെ ആത്മീയ പരിപാടിയായ ജെ.ബാന്റിന്റെ പ്രാക്ടീസ് എല്ലാ ഞായറാഴ്ച്ചയും യൂത്ത് മിനിസ്ട്രി ഓഫീസിൽ വെച്ച് നടക്കുന്നു.

**സി. ലിൻസി എസ്.സി.വി.**

സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

**സെന്റ് തോമസ് ഡേ അനുസ്മരണം**

കേരള കത്തോലിക്ക സഭയ്ക്ക് ക്രിസ്തു വിശ്വാസം പകർന്നു നൽകിയ മാർത്തോമാശ്ലീഹായുടെ അനുസ്മരണദിനമായ ദുക്റാനത്തിരുന്നാളിൽ, മാനന്തവാടി രൂപതയെ പ്രതിനിധീകരിച്ച് കെ.സി.വൈ.എം. നേതൃത്വ ഘടകം, കാക്കനാട് മൗണ്ട് സെന്റ് തോമസ് ദേവാലയത്തിൽ വച്ച് നടന്ന റാസകുർബാനയിലും തുടർന്ന് നടന്ന പൊതുസമ്മേളനത്തിലും പങ്കെടുത്തു. കെ.സി.വൈ.എം. രൂപതാ ഡയറക്ടർ റവ. ഫാ. അഗസ്റ്റ്യൻ ചിറയ്ക്കത്തോട്ടത്തിൽ, പ്രസിഡണ്ട് എബിൻ മുട്ടപ്പള്ളി, ജനറൽ സെക്രട്ടറി ജിഷിൻ മുണ്ടയ്ക്കാത്തടത്തിൽ, വൈസ് പ്രസിഡണ്ട് ഗ്രാലിയ അലക്സ്, ട്രഷറർ ജിയോ മച്ചുകുഴിയിൽ, കോഡിനേറ്റർ റ്റിബിൻ പാറയ്ക്കൽ, സെക്രട്ടറി റ്റോബി കൂട്ടുങ്കൽ, സംസ്ഥാന സെനറ്റ് അംഗങ്ങളായ ജിജോ പൊടിമറ്റം, അൽബിൻ അമ്പാറയിൽ, ജിജോ തോമസ് താന്നിവേലിൽ, രൂപതാ ആനിമേറ്റർ സി. സാലി ആൻസി CMC, ഓഫീസ് സെക്രട്ടറി സി. ഡാനി പീറ്റർ എസ്. എച്ച് എന്നിവർ പങ്കെടുത്തു.

**യുവജനദിനാചരണം – 2019**

നിത്യയൗവനത്തിനുടമയായ ഈശോ, യുവജനങ്ങൾക്ക് എന്നും മാതൃകയും പ്രചോദനവുമാണ്. അർത്ഥപൂർണ്ണമായ ഏതൊരുപ്രവർത്തനത്തിനും ഫലപ്രദമായ ഏതൊരു സാമൂഹ്യ ഇടപ്പെടലിനും ആഴമേറിയ നിശബ്ദതയും ധ്യാനവും ആവശ്യമാണ്. യുവത്വം യുവാക്കളുടെ മാത്രം അവകാശമല്ല, അത് മനുഷ്യവർഗ്ഗത്തിന്റ തന്നെ സമ്പത്താണ്. ഈവർഷം യുവജന സമ്പത്തിനെക്കുറിച്ച് ചിന്തിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തത് ചുങ്കക്കുന്ന് ഫൊറോനാ ദേവാലയത്തിൽ വച്ച് ജൂലൈ 7-ാം തിയ്യതി ആയിരുന്നു. ഉച്ചക്ക് 2 മണിക്ക് രൂപതാ പ്രസിഡണ്ട് എബിൻ മുട്ടപ്പള്ളി പതാക ഉയർത്തി. തുടർന്ന് നടന്ന പൊതുയോഗത്തിൽ രൂപതാ ആനിമേറ്റർ സി.സാലി ആൻസി CMC വചനപ്രതിഷ്ഠ നടത്തി. ജനറൽ സെക്രട്ടറി ജിഷിൻ മുണ്ടയ്ക്കാത്തടത്തിൽ സ്വാഗതം ആശംസിച്ചു. ആമുഖ പ്രഭാഷണത്തിൽ കെ.സി.വൈ.എം. രൂപതാ ഡയറക്ടർ റവ. ഫാ. അഗസ്റ്റ്യൻ ചിറയ്ക്കത്തോട്ടത്തിൽ ക്രമരഹിതവും, വിപ്ലവാത്മകവുമായ ലോകത്ത് പ്രതീക്ഷയുടെയും ധാർമ്മി

കതയുടെയും ദീപങ്ങളായ് യുവജനങ്ങൾ മാറണമെന്ന് സുചിപ്പിച്ചു. പ്രസിഡണ്ട് ശ്രീ.എബിൻ മുട്ടപ്പള്ളി അധ്യക്ഷനായിരുന്നു. ചുങ്കക്കുന്ന് ഫൊറോനാ വികാരി റവ. ഫാ. വിൻസന്റ് കളപ്പുരയിൽ യോഗം ഉദ്ഘാടനം ചെയ്തു. സ്റ്റേറ്റ് സിൻഡിക്കേറ്റ് മെമ്പർ ശ്രീ. ബിബിൻ ചെമ്പക്കര, മുൻ മേഖല കെ.സി.വൈ.എം. പ്രസിഡണ്ട് ശ്രീ. ഷനോജ് എം സെബാസ്റ്റ്യൻ, യൂണിറ്റ് പ്രസിഡണ്ട് ടെറിൻ കൊട്ടാരത്തിൽ എന്നിവർ ആശംസകൾ അർപ്പിച്ചു. രൂപതാ സെക്രട്ടറി ചിപ്പി കളമ്പുകാട്ട് ഏവർക്കും നന്ദിയർപ്പിച്ചു. റവ. ഫാ. അഗസ്റ്റ്യൻ ചിറയ്ക്കത്തോട്ടത്തിൽ യുവജന സെമിനാർ ക്ലാസ്സ് നയിച്ചു. വിവിധകലാപരിപാടികൾക്ക് ശേഷം യുവജനദിനാചരണത്തിന്റ ഏറ്റവും ശ്രേഷ്ഠമായ വി. കുർബാനയിൽ യുവജനങ്ങൾ സജീവമായി പങ്കെടുത്തു.

**പീസ് വാക്ക് - സമാധാന സന്ദേശ പദയാത്ര**

യുവജന ദിനാചരണത്തിന്റ ഭാഗമായി കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ ആഭിമുഖ്യത്തിൽ ചുങ്കക്കുന്നിൽ സമാധാന സന്ദേശ പദയാത്ര നടത്തി. മതത്തിന്റ പേരിലുള്ള ആക്രമണം, ഭീകരവാദം, വർഗീയവാദം എന്നിവയ്ക്കെതിരേയും മതേതരത്വം സംരക്ഷിക്കുക, സമാധാനം ഉറപ്പ് വരുത്തുക, എന്നീ മുദ്രാവാക്യങ്ങൾ ഉയർത്തിയാണ് പീസ് വാക്ക് നയിച്ചത്. ചുങ്കക്കുന്ന് ഫൊറോനാ വികാരി റവ. ഫാ. വിൻസന്റ് കളപ്പുര രൂപതാ പ്രസിഡണ്ടും ജാഥാ ക്യാപ്റ്റനുമായ എബിൻ മുട്ടപ്പള്ളിക്ക് പതാക കൈമാറി പദയാത്ര ഉദ്ഘാടനം ചെയ്തു. ചുങ്കക്കുന്ന് മേഖല പ്രസിഡണ്ട് ജിജോ താന്നിവേലി സ്വാഗതമാശംസിച്ചു. മുൻ രൂപതാ കെ. സി. വൈ. എം. പ്രസിഡണ്ട് അനീഷ് ഓമക്കര സമാധാന സന്ദേശ റാലിയെ അഭിസംബോധന ചെയ്ത് സമാധാനയുവത്വത്തിന്റെ ധീരമായ ചുവടുവെപ്പുകൾക്കായി പ്രചോദനം നൽകി സംസാരിച്ചു. കോഡിനേറ്റർ റ്റിബിൻ പാറയ്ക്കൽ നന്ദിയർപ്പിച്ചു. 250 ൽ അധികം യുവജനങ്ങൾ പദയാത്രയിലും യുവജന ദിനാചരണത്തിലും പങ്കെടുത്തു. യുവജനദിനാചരണവും, സമാധാന സന്ദേശ പദയാത്രയും മനോഹരമാക്കിത്തീർക്കാൻ പിന്നിൽ പ്രവർത്തിച്ച കെ. സി. വൈ. എം. ചുങ്കക്കുന്ന് മേഖല ഡയറക്ടർ റവ.ഫാ. വിൻസന്റ് കളപ്പുരയച്ചനും, സനോജ് ചിറ്ററക്കൽ അച്ചനും, ചുങ്കക്കുന്ന് മേഖലയിലെ ബഹു. വൈദീകർക്കും, ആനിമേറ്റർ സിസ്റ്റേഴ്സിനും, മേഖല, യൂണിറ്റ്, ഭാരവാഹികൾക്കും ചുങ്കക്കുന്ന് ഇടവകയ്ക്കും രൂപതാ സമിതിയുടെ നന്ദിയർപ്പിക്കുന്നു.

**അനുശോചനം**

ഭൂമിയിൽ നിന്നും അകാലത്തിൽ കൊഴിയുകയും സ്വർഗ്ഗത്തിൽ മാലാഖവൃന്ദങ്ങളോട് ഒന്നിക്കുകയും ചെയ്ത ചെന്നലോട് യൂണിറ്റിലെ ചക്കാലക്കുന്നേൽ അനൂപിനും പുൽപ്പള്ളിയിലെ അലോയ്സിനും ആദരാഞ്ജലികൾ. പ്രിയ സഹോദരങ്ങളുടെ ശവസംസ്ക്കാര ശുശ്രൂഷ കളിൽ കെ. സി. വൈ. എം. രൂപതാ ഡയറക്ടർ റവ. ഫാ. അഗസ്റ്റ്യൻ ചിറയ്ക്കത്തോട്ടത്തിൽ പങ്കുകൊള്ളുകയും അനുശോചനപ്രസംഗം നടത്തുകയും ചെയ്തു. കെ. സി. വൈ. എം. രൂപതാ പ്രസിഡണ്ട് ശ്രീ.എബിൻ മുട്ടപ്പള്ളി റീത്ത് സമർപ്പിക്കുകയും രൂപതാ നേതൃത്വത്തിൽ നിന്നും 7 അംഗങ്ങൾ പങ്കെടുക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. മുൻ രൂപതാ ആനിമേറ്റർ സി. സ്മിത നാൽപ്പാടിന്റെ വല്യമ്മ, ഇപ്പോഴത്തെ സംസ്ഥാന സിൻഡിക്കേറ്റംഗം ശ്രീ. ബിബിൻ ചെമ്പ ക്കരയുടെ വല്യമ്മ, മുൻ കെ. സി. വൈ. എം. രൂപതാ സെക്രട്ടറി ശ്രീ. സജി ഫിലിപ്പ് വട്ടയ്ക്കാമൂലയുടെ പിതാവ്, പയ്യംപള്ളി മേഖലാ വൈസ് പ്രസിഡണ്ട് ശ്രീമതി റോഷ്ണി പള്ളിക്കുന്നേലിന്റെ വല്യമ്മ, കെ. സി. വൈ. എം. സംസ്ഥാന സെക്രട്ടറി ശ്രീമതി റോസ് മോൾ ജോസിന്റെ പിതാവ് എന്നിവരുടെ വേർപാടിൽ രൂപതാകുടുംബം അനുശോചനം അറിയിച്ചു.

**അർദ്ധ വാർഷിക സെനറ്റ് ജൂലൈ 13**

2019 – ലെ അർദ്ധ വാർഷിക സെനറ്റ് 13-7-19 ന് ദ്വാരക എ. യു. പി. സ്ക്കൂളിൽ വച്ച് നടന്നു. 9 മണിക്ക് രജിസ്ട്രേഷൻ ആരംഭിച്ചു. 10 മണിക്ക് രൂപതാ പ്രസിഡണ്ട് എബിൻ മുട്ടപ്പള്ളി പതാക ഉയർത്തി. തുടർന്ന് നടന്ന വചനപ്രതിഷ്ഠയ്ക്ക് സി. സാലി സി.എം.സി നേതൃത്വം നല്കി. രൂപതാജനറൽ സെക്രട്ടറി ശ്രീ. ജിഷിൻ മുണ്ടക്കാത്തടത്തിൽ സ്വാഗതം ആശംസിച്ചു. രൂപതാ കെ. സി. വൈ. എം. ഡയറക്ടർ റവ.ഫാ. അഗസ്റ്റ്യൻ ചിറയ്ക്കത്തോട്ടത്തിൽ ആമുഖ പ്രഭാഷണത്തിൽ യുവജനങ്ങൾ ദൈവത്തിന്റെ ഇന്നിന്റെ സ്വപ്നങ്ങളാണ്, നാം ജിവിതത്തിൽ തളരുമ്പോൾ ദൈവം നിന്റെ കൂടെയുണ്ട് എന്ന ചിന്ത നൽകുന്നതിൽ ഈ യുവജന പ്രസ്ഥാനത്തിന്റ പങ്ക് പ്രസക്തമാണ് എന്ന് ഓർമ്മപ്പെടുത്തി. പ്രസിഡണ്ട് ശ്രീ. എബിൻ മുട്ടപ്പള്ളി അദ്ധ്യ ക്ഷത വഹിച്ചു. രൂപതാ പ്രൊക്കുറേറ്റർ റവ. ഫാ. ജിൽസൻ കോക്കണ്ടത്തിൽ യോഗം ഉദ്ഘാടനം ചെയ്തുകൊണ്ട് യുവാവായ ക്രിസ്തുവിന്റ ചൈതന്യവും പ്രസരിപ്പും ഡിജിറ്റൽ യുഗത്തിൽ ജീവി ക്കുന്ന സംഘടനാ അംഗങ്ങൾക്കും ആവശ്യമാണെ് ഓർമ്മപ്പെടുത്തി. ചുങ്കക്കുന്ന് മേഖല കെ. സി. വൈ. എം. ഡയറക്ടർ റവ. ഫാ. വിൻസന്റ് കളപ്പുരയിൽ, സ്റ്റേറ്റ് സിൻഡിക്കേറ്റ് അംഗം. ശ്രീ. ബിബിൻ ചെമ്പക്കരയും

ആശംസകൾ അർപ്പിച്ചു. 11 മേഖലകൾ റിപ്പോർട്ടിംഗിന് സന്നിഹിതരായിരുന്നു. രൂപതാജനറൽ സെക്രട്ടറി ശ്രീ. ജിഷിൻ മുണ്ടക്കാത്തടത്തിൽ രൂപതയുടെ അർദ്ധ വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. സെനറ്റ് റിപ്പോർട്ട് പാസ്സാക്കിയതിന് ശേഷം, രൂപതാ സെക്രട്ടറി റ്റോബി കൂട്ടുങ്കൽ നന്ദിയർപ്പിച്ചു. കെ. സി. വൈ. എം. വിഭാവനം ചെയ്ത തുടർപരിപാടികൾ ചർച്ച ചെയ്തു.

**സെനറ്റിന്റെ തീരുമാനങ്ങൾ**

1. ജൂബിലി കൺവെൻഷൻ ഒക്ടോബർ 7 ന് ദ്വാരകയിലും, ഒക്ടോബർ 8 ന് മണിമൂളിയിലും നടത്തുക. രജിസ്ട്രേഷൻ ഫീസ് 100 രൂപ ആയിരിക്കും.
2. നീലഗിരി റീജിയൻ സോണലുകളായി തിരിച്ച് പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുക.
3. ജൂബിലി ആഘോഷം നവംബർ 30-ന് നടത്തുക, അതിനായുള്ള പ്രവർത്തകസമിതി മേഖലാതലത്തിലും രൂപീകരിക്കുക.
4. ഓഗസ്റ്റ് 15-ന് മുമ്പായി യുവജന ദിനകളക്ഷൻ പൂർത്തികരിച്ച ശേഷം സാമ്പത്തിക പദ്ധതികൾ ക്രമീകരിക്കുക.

**രൂപതാ സിൻഡിക്കേറ്റിലേയ്ക്ക് പുതുതായി തിരഞ്ഞെടുക്കപ്പെട്ടവർ**

റവ. ഫാ. റോബിൻ പടിഞ്ഞാറയിൽ
റവ. ഫാ. ഷൈജു മുതിരക്കാലയിൽ
റവ. സി. സ്മിത എസ്.എ.ബി.എസ്.
ശ്രീ. അൽ ജോസ് ചൂരക്കുഴിയിൽ (ബത്തേരി)
ശ്രീ. വിനീഷ് മഠത്തിൽ (ചുങ്കക്കുന്ന്)

**ഓഗസ്റ്റ് മാസത്തിലെ രൂപതാ പരിപാടികൾ**

- ഓഗസ്റ്റ് 11 സാഹിത്യ മത്സരം
- ഓഗസ്റ്റ് 23-24 Anima- ആനിമേറ്റേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം
- ഓഗസ്റ്റ് 28 ഇന്ത്യൻ ക്രിസ്ത്യൻ രക്തസാക്ഷി ദിനാചരണം

**യൂണിറ്റ് തലത്തിൽ ചെയ്യാവുന്ന പ്രവർത്തനങ്ങൾ**

❖ ഓഗസ്റ്റ് കെ. സി. വൈ. എം പ്രവർത്തന മാസചരണം
❖ അംഗത്വം നവീകരണം പൂർത്തിയാക്കി സാഹിത്യ കലാ മത്സരങ്ങളിൽ പങ്കെടുപ്പിക്കുക
❖ മഴയാത്രകൾ, പഠനയാത്രകൾ എന്നിവ സംഘടിപ്പിക്കുക
❖ ക്രിസ്ത്യൻ രക്തസാക്ഷി ദിനാചരണഭാഗമായി പഠനശിബിരം നടത്തുക.
❖ ചർച്ചകൾ സംഘടിപ്പിക്കുക
❖ കാരുണ്യ ഭവന സന്ദർശനം നടത്തുക.

**മേഖല വാർത്തകൾ**

**തരിയോട് മേഖല**

ജൂൺ 7-ന് നടത്തിയ മേഖല അർദ്ധവാർഷിക സെനറ്റിന് കഴിഞ്ഞ ആറ് മാസത്തെ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. പ്രവർത്തനങ്ങൾ വിലയിരുത്തി. റൂഫിന്റ ഭാഗമായി നിർമ്മിച്ചുകൊണ്ടിരിക്കുന്ന കാവുംമന്ദം ഇടവകയിലെ ഭവനം മേഖല ഭാരവാഹികൾ സന്ദർശിച്ചു. മേഖല സെക്രട്ടറി സ്ഥാനത്തേയ്ക്ക് ശ്രീ. ഡെഡ്‌വിൻ പൈനാടത്തിൽ തെരഞ്ഞെടുക്കപ്പെട്ടു.

**ചുങ്കക്കുന്ന് മേഖല**

കെ.സി.വൈ.എം. ചുങ്കക്കുന്ന് മേഖല ഭാരവാഹികളായി തിരഞ്ഞെടുക്കപ്പെട്ടവർ:- സി. നോയൽ മരിയ എസ്.എ.ബി.എസ്. (ആനിമേറ്റർ), ശ്രീ. ജിജോ താന്നിവേലിൽ (പ്രസിഡണ്ട്), അർച്ചന നമ്പേലിൽ (വൈസ്പ്രസിഡണ്ട്), ശ്രീ. വിനീഷ് മഠത്തിൽ (സെക്രട്ടറി), ജോഷ്വൽ ഈന്തുങ്കൽ (ജോയിൻ സെക്രട്ടറി), ശ്രീ. ടെറിൻ കൊട്ടാരത്തിൽ (ട്രഷറർ), കാമിലോ കണ്ണന്താനം, വിമൽ കൊച്ചുപുരയ്ക്കൽ, ആൽബിൻ ഈന്തുങ്കൽ (കോഡിനേറ്റേഴ്സ്), ബിനിൽ മറ്റത്തിൽ, ജിസ്മി തോമസ് (സെനറ്റ് അംഗങ്ങൾ).

**മാനന്തവാടി മേഖല**

ജൂൺ 30-ന് മേഖല സെനറ്റ് കൂടി റിപ്പോർട്ട് അവതരിപ്പിച്ചു. മേഖല പ്രസിഡണ്ട് ജോബി അറയ്ക്കൽ അധ്യക്ഷനായിരുന്നു. മേഖല രക്ഷാധികാരി റവ. ഫാ. പോൾ മുണ്ടോളിക്കൽ ഉദ്ഘാടനം ചെയ്തു. മേഖല ഡയറക്ടർ റവ. ഫാ. ജോണി മലയിൽ മുഖ്യപ്രഭാഷണം നടത്തി. മേഖല സെക്രട്ടറി പ്രിൻസ് പാലമറ്റം റിപ്പോർട്ട് അവതരിപ്പിച്ചു. ജൂലൈ 7-ന് യുവജന ദിനത്തിൽ ഒരു ഇടവേളയ്ക്ക് ശേഷം കരിമാനി യൂണിറ്റ് പ്രവർത്തനം ആരംഭിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ഫ്രാൻസിസ് സി. എസ്.റ്റി. യ്ക്കും യൂണിറ്റിനും അഭിനന്ദനങ്ങൾ. അന്നേ ദിവസം പാറത്തോട്ടം യൂണിറ്റിലെ ആഘോഷങ്ങളിലും മേഖല ഭാരവാഹികൾ പങ്കെടുത്തു.

**കെ. സി. വൈ. എം. കൽപ്പറ്റ മേഖല ഭാരവാഹികളായി തിരഞ്ഞെടുക്കപ്പെട്ടവർ:-**

നെവിൻ പുല്ലുവയലിൽ (പ്രസിഡണ്ട്), അനുഗ്രഹ് അറയ്ക്കൽ (കോഡിനേറ്റർ).

**യൂണിറ്റ് വാർത്തകൾ**

**തരിയോട് യൂണിറ്റ്**

പരിസ്ഥിതിയെ കൂടുതൽ ഹരിതാഭമാക്കുവാൻ പരിസ്ഥിതി ദിന

ത്തോടനുബന്ധിച്ച് ബഹു. ഡയറക്ടർ ജെയിംസ് കുന്നത്തേട്ട് അച്ചന്റ നേതൃത്വത്തിൽ വൃക്ഷതൈകൾ നട്ടു. ജൂൺ ആദ്യവാരത്തിൽ അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു. വി. പൗലോസ് ശ്ലീഹായുടെ തിരുനാൾ ദിനത്തിൽ ബഹു. റവ. ഫാ. സന്തോഷ് ഒറവാറംതറയുടെ നേതൃത്വത്തിൽ ജാഗരണ പ്രാർത്ഥന നടത്തി. തിരുഹൃദയ തിരുനാൾ ദിനത്തിൽ ഇടവകയിൽ സേവനം ചെയ്യുന്ന സിസ്റ്റേഴ്സിന് തിരുന്നാൾ മംഗളങ്ങൾ നേർന്നു.

**കൊട്ടിയൂർ യൂണിറ്റ്**

ഇടവകയിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടും ബത്തെ കെ. സി. വൈ. എം. അംഗങ്ങൾ സന്ദർശിക്കുകയും വീടിന് വേണ്ട കാർപ്പറ്റ് വാങ്ങി നൽകുകയും, രോഗീസന്ദർശനം നടത്തുകയും രോഗിക്ക് ആവശ്യമായ സാമ്പത്തിക സഹായം നൽകുകയും ചെയ്തു.

**കല്ലോടി യൂണിറ്റ്**

കെ. സി. വൈ. എം. മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ നടന്ന പരിസ്ഥിതി ദിന പ്രവർത്തനങ്ങളിൽ കല്ലോടി യൂണിറ്റിൽ നിന്നും 50 യുവജനങ്ങൾ പങ്കെടുത്തു. മാനന്തവാടിയിൽ വച്ച് നടന്ന സമാ ധാന റാലിയിൽ 22 യുവജനങ്ങൾ പങ്കെടുത്തു. വി. അന്തോണീസിന്റ തിരുനാൾ ദിനത്തിൽ നാമഹേതുക തിരുനാൾ ആഘോഷിച്ച അസ്സി. വികാരി റവ. ഫാ. നിധിൻ പാലക്കാട്ടിന് ആശംസകൾ നേരുകയും നാമ ഹേതുക തിരുനാൾ സാദരം കൊണ്ടാടുകയും ചെയ്തു.

**കുറ്റിമൂല യൂണിറ്റ്**

ജൂൺ ആദ്യവാരത്തിൽ പുതുതായി ചാർജെടുത്ത ഡയറക്ടർ റവ. ഫാ. ജസ്റ്റിൻ മൂന്നാനാലിനെ സ്വാഗതം ചെയ്തു. പരിസ്ഥിതി ദിനത്തിൽ കെ. സി. വൈ. എമ്മിന്റ നേതൃത്വത്തിൽ പള്ളിപരിസരത്ത് വൃക്ഷത്തൈകൾ നടുകയും, പന്തക്കുസ്ത തിരുനാളിൽ ഡയറക്ടർ ജസ്റ്റിനച്ചൻ, ആനിമേറ്റർ സി. ദിവ്യ, കെ. സി. വൈ. എം. അംഗങ്ങൾ എന്നിവരുടെ നേതൃത്വത്തിൽ ഒരു മണിക്കൂർ ആരാധന നടത്തി. മേഖല അർദ്ധ വാർഷിക സെനറ്റിൽ യൂണിറ്റിൽ നിന്നും 5 അംഗങ്ങൾ പങ്കെടുത്തു.

**കരിമാനി യൂണിറ്റ്**

യുവജന ദിനത്തോടനുബന്ധിച്ച്, റവ.ഫാ.ലിൻസൺ ചെങ്ങിനിയാത്ത് ശാഖയിലെ വിവിധ സംഘടനാ പ്രതിനിധികളും ചേർന്ന് തിരിതെളിയിച്ച് യൂണിറ്റ് ഉദ്ഘാടനം ചെയ്തു. മാനന്തവാടി മേഖല ഡയറക്ടർ റവ. ഫാ. മാത്യു മലയിൽ ദിവ്യബലി അർപ്പിച്ച് പ്രാർത്ഥിക്കുകയും സന്ദേശം നൽകുകയും യുവജനങ്ങൾക്ക് വേണ്ടി

ക്ലാസ്സ് നയിക്കുകയും ചെയ്തു. പുതുതായി തിരഞ്ഞെടുക്കപ്പെട്ട യൂണിറ്റ് ഭാരവാഹികൾ: ജോസ്ന കപ്പലുമാക്കൽ (പ്രസിഡണ്ട്), ബിബിൻ മുള തൊട്ടിയിൽ (വൈസ്പ്രസിഡണ്ട്), ക്രിസ്റ്റി ഓരത്തേൽ (സെക്രട്ടറി), അനിറ്റ പുളിക്കൽ (ജോയിൻ സെക്രട്ടറി), ജിതിൻ വള്ളിക്കാവുങ്കൽ (ട്രഷറർ), ജിന്റോ സ്രാകത്ത് (കോഡിനേറ്റർ), ജോമിഷ മങ്കുഴി, അലൻ തെങ്ങടയിൽ (സെനറ്റ് അംഗങ്ങൾ) എന്നിവരാണ്.

**പാറത്തോട്ടം യൂണിറ്റ്**

കെ. സി. വൈ. എം. അംഗങ്ങൾ യൂണിറ്റ് ഡയറക്ടർ റവ. ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേലിന്റ നേതൃത്വത്തിൽ പുതിയ മാർഗ്ഗരേഖ തയ്യാറാക്കി. യുവജനങ്ങൾക്കായ് ഇംഗ്ലീഷ് കോച്ചിംഗ് ക്ലാസ്സ് ഡയറക്ടറച്ചന്റ നേതൃത്വത്തിൽ ആരംഭിച്ചു. ഇടവകയിൽ രോഗീ സന്ദർശനം നടത്തി ധനസഹായം നല്കി.

**കയ്യൂന്നി യൂണിറ്റ്**

പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ചേരമ്പാടി-ബത്തേരി റോഡ് കെ. സി. വൈ. എം. കയ്യൂന്നി യൂണിറ്റ് ഡയറക്ടർ റവ. ഫാ. തോമസ് മണക്കുന്നേലിന്റ നേതൃത്വത്തിൽ വൃത്തിയാക്കി. ആത്മജ്വാല ജാഗരണ പ്രാർത്ഥന യൂണിറ്റിന്റെ സഹായത്തോടെ വിജയമാക്കി മാറ്റി. തിരുഹൃദയത്തിരുനാൾ ദിനത്തിൽ വി. കുർബാനയിൽ പങ്കുചേരുകയും, ഇടവകയിൽ സേവനം ചെയ്യുന്ന സിസ്റ്റേഴ്സിന് തിരുനാൾ പ്രാർത്ഥനാംശകൾ നേരുകയും ചെയ്തു. കയ്യൂന്നിയിൽ വച്ച് നടത്തുന്ന സൗജന്യ മെഡിക്കൽ ക്യാമ്പിന് വേണ്ടക്രമീകരണങ്ങൾ ഒരുക്കുകയും ചെയ്തു.

**മക്കിയാട് യൂണിറ്റ്**

വൃദ്ധമാതാപിതാക്കളോടുള്ള സ്നേഹവും ബഹുമാനവും പരിഗണനയും മനസ്സിൽ സൂക്ഷിച്ചുകൊണ്ട് കെ. സി. വൈ. എം. അംഗങ്ങൾ മക്കിയാട് സ്കൊളാസ്റ്റിക് വൃദ്ധസദനം സന്ദർശിച്ച് പ്രാർത്ഥിച്ചു. ആത്മാവിന് സന്തോഷവും മനസ്സിന് ഉണർവും നൽകുന്ന കലാവിരുന്നൊരുക്കുകയും തുടർന്ന് മധുര പലഹാരം വിതരണം ചെയ്യുകയും ചെയ്തു. ഇത് വൃദ്ധമാതാപിതാക്കൾക്കും യുവജനങ്ങൾക്കും ദൈവാനുഗ്രഹത്തിന്റയും ദൈവിക പ്രചോദനങ്ങളുടെയും ദിനമായിരുന്നു. കഴിഞ്ഞ അധ്യായന വർഷത്തിൽ SSLC പരീക്ഷയ്ക്ക് ഫുൾ A+കിട്ടിയ കുട്ടികളെ ആദരിച്ചു. ഇടവകാംഗങ്ങളുടെ ജന്മദിനം, വിവാഹവാർഷികം, ജൂബിലി എന്നിവയോടനുബന്ധിച്ച് അവരെ അഭിനന്ദിച്ചു. ഇടവകയിൽ യൂത്ത് സർവ്വേ നടത്തി അംഗങ്ങളെ അംഗത്വലിസ്റ്റിൽ ഉൾപ്പെടുത്തി. കെ. സി. വൈ. എം-ന്റെ വാട്സ് ആപ്പ് ഗ്രൂപ്പ് ഉണ്ടാക്കി എല്ലാദിവസവും

ഓരോ ബൈബിൾ വചനം അയച്ച് വചനത്തിന്റ ശക്തിയിൽ ജീവിക്കാൻ പ്രചോദനം നൽകിവരുന്നു.

**പാതിരിപ്പാടം യൂണിറ്റ്**

പരിസ്ഥിതി ദിനത്തിൽ കെ. സി. വൈ. എം. ന്റെ നേതൃത്വത്തിൽ പള്ളിപരിസരത്ത് വൃക്ഷത്തൈകൾ നട്ടു. ചോക്കാടുള്ള ശാന്തിസദനം സന്ദർശിക്കുകയും, അവരെ ശ്രവിക്കുകയും, അവരോടൊപ്പം ചേർന്ന് കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു. കാപ്പിയും, മധുര പലഹാരങ്ങളും വിതരണം ചെയ്തു. പള്ളിയും പരിസരവും വൃത്തിയാക്കി. ജൂൺ 10 ന് ഡയറക്ടറച്ചന്റ ജന്മദിനത്തിൽ ആശംസകൾ അർപ്പിച്ചു. കേക്ക് വിതരണം ചെയ്തു.

**നരിവാലമുണ്ട യൂണിറ്റ്**

മണിമൂളി മേഖലാ അർദ്ധവാർഷിക സെനറ്റിൽ യൂണിറ്റിൽ നിന്നും ഭാരവാഹികൾ പങ്കെടുക്കുകയും റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. ജൂലൈ 6 ന് യുവജനങ്ങൾ ഗ്രോട്ടോ വൃത്തിയാക്കുകയും രോഗിസന്ദർശനം നടത്തുകയും ചെയ്തു. യുവജന ദിനത്തിൽ വി. ബലിയിൽ കാഴ്ചവയ്പ്പ്, അൾത്താരശുശ്രൂഷ, ഗാനശുശ്രൂഷ, ബൈബിൾവായന എന്നിവയ്ക്ക് യുവജനങ്ങൾ നേതൃത്വം നല്കി.

**തെനേരി യൂണിറ്റ്**

കെ. സി. വൈ. എം. അംഗങ്ങൾ മീറ്റിംഗ് കൂടി പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. യുവജനങ്ങളുടെ അഡ്രസ്സ് ശേഖരിച്ചു. മേഖല സെനറ്റിൽ 4 അംഗങ്ങൾ പങ്കെടുത്തു.

**ഇടിവണ്ണ യൂണിറ്റ്**

പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് കെ. സി. വൈ. എം. അംഗങ്ങൾ പള്ളിപരിസരത്ത് വൃക്ഷത്തൈകൾ നട്ടു. പള്ളിപരിസരം വൃത്തിയാക്കി. ലഹരി വിമുക്ത ഇടിവണ്ണ എന്ന ആശയം ഉൾക്കൊണ്ട് യുവജനങ്ങൾ തയ്യാറാക്കിയ ബാനറുകളും പ്ലക്കാർഡുകളും ഇടിവണ്ണ ടൗണിൽ സ്ഥാപിച്ചു.

**കണിയാരം യൂണിറ്റ്**

ജുലൈ 7 ലെ യുവജനദിനം യൂണിറ്റിൽ സമുചിതമായി ആഘോഷിച്ചു. ഡയറക്ടർ റവ. ഫാ. പോൾ മുണ്ടോളിക്കൽ, അസ്സി. ഡയറക്ടർ റവ. ഫാ. ജോർജ്ജുകുട്ടി കണിപ്പിള്ളിൽ, ആനിമേറ്റർ സി. വിജയ എസ്.എ.ബി.എസ്, യൂണിറ്റ് ഭാരവാഹികൾ എന്നിവരുടെ നേതൃത്വത്തിൽ വൃക്ഷത്തൈ നട്ടു. അന്നേദിവസം മധുരവും, ആശംസാ കാർഡുകളും വിതരണം ചെയ്തു.

**ജിഷിൻ മുണ്ടക്കാത്തടത്തിൽ**
കെ. സി. വൈ. എം ജനറൽ സെക്രട്ടറി

### വിവാഹത്തിനൊരുക്കമായുള്ള കോഴ്സ്

ദ്വാരക പാസ്റ്ററൽ സെന്ററിൽ ജൂലൈ 14 മുതൽ 17 വരെ നടന്ന MPC യിൽ 100 പേർ പങ്കെടുത്തു. ഇതിന്റെ വിജയത്തിനായി സഹ കരിച്ച എല്ലാ വൈദികർക്കും ടീം അംഗങ്ങൾക്കും നന്ദി.

### അടുത്ത മാസങ്ങളിലെ കോഴ്സുകൾ

ആഗസ്റ്റ് 11-14 - പാസ്റ്ററൽ സെന്റർ ദ്വാരക
സെപ്റ്റംബർ 01-04 - പാസ്റ്ററൽ സെന്റർ ദ്വാരക
ഒക്ടോബർ 01-04 - പാസ്റ്ററൽ സെന്റർ ദ്വാരക
ഒക്ടോബർ 25-28 - പാസ്റ്ററൽ സെന്റർ ദ്വാരക

### പ്രോ-ലൈഫ്

കെ.സി.ബി.സി. പ്രോ-ലൈഫ് മലബാർ റീജിയൺ മലാപ്പറമ്പ് ക്രൈസ്റ്റ് ഹാളിൽ സംഘടിപ്പിച്ച ട്രെയിനിംഗിൽ രൂപതയിൽനിന്നും 8 പേർ പങ്കെടുത്തു. വിവിധ ഇടവകകളിൽ പ്രോ-ലൈഫ് യൂണിറ്റിന്റെ നേതൃത്വത്തിൽ പ്രാർത്ഥനാ കൂട്ടായ്മകൾ സംഘടിപ്പിക്കുന്നു. തലപ്പുഴ ഇടവകയിലെ പാക്കാനിക്കുഴിയിൽ മനോജ്-സീമ ദമ്പതികളുടെ അഞ്ചാമത്തെ കുഞ്ഞിന് അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് ജൂലൈ 20 ന് മാമ്മോദീസ നൽകി. പ്രോ-ലൈഫ് രൂപതാ സമിതി അംഗങ്ങൾ തദവസരത്തിൽ സന്നിഹിതരായിരുന്നു.

### വിവാഹാർത്ഥികളുടെ സംഗമം

കെ.സി.ബി.സി. മലബാർ മേഖല പ്രോ-ലൈഫ് സമിതി സെപ്റ്റംബർ മാസം 12, 13 തിയ്യതികളിൽ ഒന്നാകാൻ എന്ന പേരിൽ വിവാഹാർത്ഥികളുടെ സംഗമം സംഘടിപ്പിക്കുന്നു. പങ്കെടുക്കേണ്ടവർ: 30 വയസ്സു കഴിഞ്ഞ അവിവാഹിതരായ പുരുഷന്മാർ, 25 വയസ്സുകഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾ, 50 വയസ്സിൽ താഴെപ്രായമുള്ള വിധവകൾ, വിഭാര്യർ, വിവാഹമോചിതർ. സംഗമദിവസം രജിസ്ട്രേഷൻ 1000-ത്തിൽകൂടിയാൽ 2 ദിവസമായി നടത്തുന്നതാണ്. അത് പങ്കെടുക്കുന്നവരെ മുൻകൂട്ടി അറിയിക്കുന്നതാണ്. **25 വയസ്സുകഴിഞ്ഞ പെൺകുട്ടികളെ ഇതിൽ പങ്കെടുക്കാൻ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്.** എങ്കിൽ മാത്രമേ ഇത് വിജയിക്കുകയുള്ളു. മാതാപിതാക്കളിൽ ആരെങ്കിലും പെൺകുട്ടികൾക്കൊപ്പം എത്തേണ്ടതാണ്. ആഗസ്റ്റ് 31

വരെയാണ് രജിസ്ട്രേഷൻ ഉള്ളത്. **സ്ഥലം:** കോഴിക്കോട് ചേവായൂർ പ്രസന്റേഷൻ സ്കൂൾ ഓഡിറ്റോറിയം. നിശ്ചിത രജിസ്ട്രേഷൻ ഫോറത്തിൽ പങ്കെടുക്കുന്നവരുടെ ബയോഡാറ്റ തയ്യാറാക്കേണ്ടതാണ്. ഇടവക വികാരിയച്ചന്റെ ഒപ്പും സീലും ഫോറത്തിൽ വേണം. രജിസ്റ്റർ ചെയ്യുന്നവരുടെ ഫോട്ടോയും ഫോറത്തോടൊപ്പം പിൻ ചെയ്യണം.

**മരിയൻ സിംഗിൾസ്**

ജൂലൈ 15-ന് രൂപതാ മീറ്റിംഗ് കൂടി. 15 പേർ പങ്കെടുത്തു. അടുത്ത മീറ്റിംഗ് ആഗസ്റ്റ് -19 ന്.

**മാതൃവേദി**

ജൂലൈ 29-30 തീയതികളിൽ തലശ്ശേരിയിൽ സംഘടിപ്പിച്ച അന്തർദേശീയ മാതൃവേദി ജനറൽബോഡിയിൽ രൂപതാ ഭാരവാഹികൾ, സെനറ്റംഗങ്ങൾ, അസോസിയേറ്റ് ഡയറക്ടർ ഫാ.ജോജോ കുടക്കച്ചിറ, രൂപതാ ആനിമേറ്റർ എന്നിവർ സംബന്ധിച്ചു. മാതൃവേദി അംഗങ്ങൾക്കായി ഈ വർഷം രചനാമത്സരങ്ങൾ നടത്തുന്നുണ്ട്.

**വിഷയം: കുടുംബസ്നേഹം:** വിശുദ്ധിയിലേക്കുള്ള വഴിയും വിളിയും. ഓരോ ഇനത്തിനും ആവശ്യമായവിഷയങ്ങൾ ഈ പൊതുവിഷയത്തിൽനിന്നും കണ്ടെത്തി നൽകേണ്ടതാണ്.

**ഇനങ്ങൾ:** കഥ; 3 പേജ്, കവിത; 30 വരികൾ, ഉപന്യാസം 5 പേജ്, (A4 size paper), ജലഛായം A3 സൈസ്പേപ്പറിൽ. ഒരാൾക്ക് 2 ഇനങ്ങളിൽ പങ്കെടുക്കാം. സമയം: കഥ കവിത; ഒരു മണിക്കൂർ, ഉപന്യാസം ജലഛായം; ഒന്നര മണിക്കൂർ. ജലഛായത്തിന് ആവശ്യമായ സാധനങ്ങൾ പങ്കെടുക്കുന്നവർ തന്നെ കൊണ്ടുവരേണ്ടതാണ്. ആഗസ്റ്റ്മാസത്തിൽ ഈ മത്സരങ്ങൾ മേഖലയിൽ നടത്തുക. മൂല്യനിർണ്ണയം കഴിഞ്ഞ് സെപ്റ്റംബർ 25 ന് മുമ്പായി ഒന്നാം സ്ഥാനം നേടിയവരുടെ മാത്രം ലിസ്റ്റ് അംഗത്വ നമ്പർ സഹിതം മാതൃവേദി രൂപതാ ഓഫീസിൽ എത്തിക്കണം. ഒറ്റ പ്രായവിഭാഗം മാത്രമേ ഉള്ളൂ.

**ചുങ്കക്കുന്ന്**

മതതീവ്രവാദം, ഭീകരപ്രവർത്തനം എന്നീ നിയോഗങ്ങളോടെ മേഖലനേതൃത്വത്തിൽ ചെയിൻ റോസറി നടത്തി. മേഖലയിലെ എല്ലാ ഇടവകകളിലും തിരുഹൃദയ ജപമാല, കുടുംബപ്രതിഷ്ഠ എന്നിവചൊല്ലി പ്രാർത്ഥിച്ചു. വണക്കമാസാചരണം നടത്തി. പരിസ്ഥിതി ദിനത്തിൽ 5 ഗവ. സ്ഥാപനങ്ങളിൽ വൃക്ഷത്തൈകൾ നട്ടു. അമ്മമാർക്ക് സ്വഭവനങ്ങളിലേക്ക് വൃക്ഷത്തൈകൾ കൊടുത്തുവിട്ടു. മഴക്കാലരോഗങ്ങളും പ്രതിവിധികളും എന്ന വിഷയത്തെ സംബന്ധിച്ച് അമ്മമാർക്കും മറ്റുള്ളവർക്കും ക്ലാസ്സ് കൊടുത്തു. 1000 രൂപ രോഗീസഹായം നൽകി. ലോഗോസ് ഒരുക്ക പരീക്ഷ നടത്തി. വിജയികൾക്ക് സമ്മാനങ്ങൾ നൽകി. ഭാരവാഹികൾ SH, SABS കോൺവെന്റുകൾ സന്ദർശിച്ച് കേക്ക് മുറിച്ച് തിരുന്നാൾ മംഗളങ്ങൾ നേർന്നു.

**കളത്തുവയൽ**

തിരുഹൃദയ വണക്കമാസാചരണം നടത്തി. പരിസ്ഥിതിദിനത്തിൽ കളത്തുവയൽ സംരക്ഷണസമിതിയോട് ചേർന്ന് റോഡിന്റെ ഇരുവശവും മരത്തൈകൾ നടുകയും വേലി നിർമ്മിക്കുകയും ചെയ്തു. എല്ലാ വിദ്യാർത്ഥികൾക്കുവേണ്ടി കരുണകൊന്തചൊല്ലി പ്രാർത്ഥിച്ചു. ചുള്ളിയോട് മേഴ്സി ഹോം സന്ദർശിച്ച് ഭക്ഷ്യവസ്തുക്കൾ നൽകി. സോപ്പുപൊടി നിർമ്മാണം നടത്തി. രോഗീസന്ദർശനവും ഭവനസന്ദർശനവും നടത്തി.

**ഇടിവണ്ണ**

തിരുഹൃദയജപമാല ചൊല്ലി പ്രാർത്ഥിച്ചു. പള്ളിയും പരിസരവും വൃത്തിയാക്കി. ആദ്യവെള്ളിയാഴ്ചകളിൽ നടക്കുന്ന വി. കുർബാനയിലും ആരാധനയിലും പങ്കെടുത്തു.

**മരകാവ്**

തിരുഹൃദയ വണക്കമാസാചരണം നടത്തി. നിർദ്ധനരായ വിദ്യാർത്ഥികൾക്ക് പഠനസഹായം നൽകി. ജൈവപച്ചക്കറി കൃഷിയിൽ സമ്മാനർഹരായവരെ തെരഞ്ഞെടുത്ത് സമ്മാനങ്ങൾ നൽകി ആദരിച്ചു. ഗർഭിണികളെ സന്ദർശിച്ച് പ്രാർത്ഥിച്ചു. പുതിയ ആനിമേറ്റർ സിസ്റ്റർ ആൻസിയെ സ്വാഗതം ചെയ്തു. ചികിത്സയിൽ കഴിയുന്ന വൈദീകർക്കുവേണ്ടി ജപമാല ചൊല്ലി പ്രാർത്ഥിച്ചു.

**കയ്യൂന്നി**

പരിസ്ഥിതി ദിനത്തിൽ റോഡുസൈഡിലെ കാടുവെട്ടി വൃത്തിയാക്കി. യുവജനങ്ങളോടൊപ്പം അമ്മമാർ ജാഗരണപ്രാർത്ഥനയിൽ പങ്കുചേർന്നു. തിരുഹൃദയതിരുന്നാൾ ആഘോഷിച്ചു. രോഗികൾക്കുവേണ്ടി പ്രാർത്ഥിച്ചു. ചികിത്സ സഹായമായി 1500 രൂപയും പഠനസഹായമായി ഒരു നിർദ്ധനവിദ്യാർത്ഥിക്ക് 1000 രൂപയും നൽകി. ബത്തേരി സ്നേഹതണൽ സന്ദർശിച്ച് 1000 രൂപ നൽകി.

**കൽപ്ര**

തിരുഹൃദയതിരുനാൾ ആഘോഷിച്ചു. പ്രാർത്ഥനാകാർഡുകൾ ഓരോ കുടുംബത്തിലും എത്തിച്ചു. രോഗികളെ സന്ദർശിച്ചു. ഭവനസന്ദർശനം നടത്തി. സെമിത്തേരിയും പള്ളിപ്പരിസരവും വൃത്തിയാക്കി. എലീശ്വ സന്ദർശനം നടത്തി.

**കൽപറ്റ**

വിദ്യാർത്ഥികൾക്കായി ആരാധന നടത്തി. ഭവനസന്ദർശനം, രോഗീസന്ദർശനം, നവോമി സംഗമം എന്നിവ നടത്തി. സ്നേഹസദൻ സന്ദശിച്ച് ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്തു. ഈ മാസത്തിലെ വിശുദ്ധരുടെ തിരുനാളുകൾ ആചരിച്ചു. 13 മണി ആരാധനയിൽ അമ്മമാർ സജ്ജീവമായി പങ്കെടുത്തു.

**വാഴവറ്റ**

നിപ്പ വൈറസ് രോഗത്തെ സമർപ്പിച്ച് അഖണ്ഡ ജപമാല നടത്തി. പരിസ്ഥിതി ദിനം ആചരിച്ചു. വയനാട് ജില്ലയിലെ ബെസ്റ്റ് നേഴ്സായി തെരഞ്ഞെടുക്കപ്പെട്ട മാതൃവേദി അംഗം പുഷ്പ പന്നിത്തുരുത്തേലനെ ആദരിച്ചു. മരിയൻ ക്വിസ്, ചക്കമഹോത്സവം എന്നിവ നടത്തി. വിജയികൾക്ക് സമ്മാനങ്ങൾ നൽകി ആദരിച്ചു. ബഹു. ജോസച്ചൻ മാധ്യമങ്ങളെക്കുറിച്ച് ക്ലാസ്സെടുത്തു. സ്നേഹസദൻ സന്ദർശിച്ചു. എല്ലാ ഭവനങ്ങളും തിരുഹൃദയത്തിന് പ്രതിഷ്ഠിച്ച് തിരുഹൃദയ രൂപം നൽകി. ജാഗരണ പ്രാർത്ഥന നടത്തി.

**ചുങ്കക്കുന്ന്**

തിരുഹൃദയതിരുന്നാളിനൊരുക്കമായി അമ്മമാർ പള്ളിയിൽ തിരുഹൃദയകൊന്ത ചൊല്ലി കേക്ക് മുറിച്ച് തിരുന്നാൾ ആഘോഷിച്ചു. പരിസ്ഥിതി ദിനാചരണത്തിൽ സെമിത്തേരി വൃത്തിയാക്കി. പള്ളിമുറ്റത്ത് വൃക്ഷതൈകൾ നട്ടു. എല്ലാഭവനങ്ങൾക്കും വൃക്ഷതൈകൾ വിതരണം ചെയ്തു. കുടനിർമ്മാണ പരിശീലനത്തിൽ 10 അമ്മമാർ പങ്കെടുത്തു. പുതിയ അദ്ധ്യായനവർഷത്തിൽ അമ്മമാർ ജാഗരണ പ്രാർത്ഥനയിൽ സജീവമായി പങ്കുചേർന്നു.

**കരിമാനി**

ബഹു. ഫാ. ജിൽസ് ഞവരക്കാട്ടിന് യാത്രയയപ്പ് നൽകി. പുതിയ ഡയറക്ടറായി സ്ഥാനമേറ്റെടുത്ത ഫാ. ലിൻസൻ ചെങ്ങിനിയാത്ത് സ്വാഗതം ചെയ്തു. ദുക്റാനതിരുനാളിന് തോമസ് നാമധാരികളെ ആദരിച്ചു. വികാരിയച്ചന്റെ നേതൃത്വത്തിൽ ഗവ. ഹോസ്പിറ്റൽ സന്ദർശിച്ച് 450 പേർക്ക് അന്നദാനം നൽകാൻ ഇടവകയിലെ 10 അമ്മമാർ സജീവമായി പ്രവർത്തിച്ചു.

**അമ്പായത്തോട്**

കണിച്ചാറിലെ ശിശുഭവൻ സന്ദർശിച്ച് അവരോടൊപ്പം ഏതാനും മണിക്കൂർ ചെലവഴിച്ചു, 3000 രൂപ സംഭാവന നൽകി. ഇടവകയിലെ 5 നിർദ്ധന കുടുംബങ്ങൾക്ക് കുടയും ബാഗും നൽകി. പരിസ്ഥിതിദിനത്തിൽ വൃക്ഷതൈകൾ നട്ടു. പരിസരം വൃത്തിയാക്കി. സെമിനാരി വിദ്യാർത്ഥികൾക്ക് ഒരമ്മ 10 രൂപവീതം അമ്മമാർ സംഭാവന നൽകി. പരി. കുർബാനയുടെ തിരുനാൾ ആഘോഷിച്ചു. ലഹരിവിരുദ്ധദിനത്തിൽ ലഹരിക്കടിമപ്പെട്ട വ്യക്തികൾക്കുവേണ്ടി ജപമാലചൊല്ലി പ്രാർത്ഥിച്ചു.

**ബത്തേരി**

സ്ഥലം മാറിപോകുന്ന ആനിമേറ്റർമാർക്ക് വാർഡുകളിൽ യാത്രയയപ്പ് നൽകി. പരിസ്ഥിതിദിനത്തിൽ വൃക്ഷതൈകൾ വിതരണം ചെയ്തു. സെമിനാരി വിദ്യാർത്ഥികൾക്ക് ഒരമ്മ പത്തുരൂപ വീതം ശേഖരിച്ച് മേഖലക്ക് നൽകി. തിരുഹൃദയതിരുന്നാൾ ദിനത്തിൽ 1 മണിക്കുർ

ദിവ്യകാരുണ്യ ആരാധന നടത്തി. വടക്കനാട് മതബോധന വിദ്യാർത്ഥി കൾക്ക് മേശയും ബഞ്ചും വാങ്ങാൻ അമ്മമാർ സഹായങ്ങൾ നൽകി. അമ്മമാരുടെ തട്ടുകട സജ്ജീവമായി പ്രവർത്തിച്ചുവരുന്നു.

**കാവുമന്ദം**

അമ്മമാർ ചക്ക, മാങ്ങ എന്നിവയുടെ മഹോത്സവം നടത്തി. വിജയികൾക്ക് സമ്മാനങ്ങൾ നൽകി ആദരിച്ചു. മാതാപിതാക്കൾക്ക് സെമിനാർ നടത്തി. തിരുഹൃദയ ജപമാലയിൽ അമ്മമാർ പങ്കുചേർന്ന് പ്രാർത്ഥിച്ചു.

**പുഴമുടി**

തിരുഹൃദയവണക്കമാസം ആചരിച്ചു. പോക്സോ നിയമത്തെ ക്കുറിച്ച് ശ്രീമതി ഗ്ലോറി ജോർജ്ജ് ക്ലാസ്സെടുത്തു. പരി. കുർബാനയുടെ തിരുനാളിന് നടത്തിയ ദിവ്യകാരുണ്യ ആരാധനയിൽ അമ്മമാർ പങ്കെടുത്തു. പരിസ്ഥിതി ദിനത്തിൽ ഒരമ്മ ഒരുമരത്തെ വീതം നട്ടു.

**പാറത്തോട്ടം**

തിരുഹൃദയജപമാല ചൊല്ലി പ്രാർത്ഥിച്ചു. നിർദ്ധനരായ കുട്ടി കൾക്ക് പഠനോപകരണങ്ങൾ നൽകി. രോഗീസന്ദർശനവും ഭവന സന്ദർശനവും നടത്തി.

**മുതിരേരി**

വികാരിയച്ചന്റെ നേതൃത്വത്തിൽ ഓസാനാം ഭവൻ സന്ദർശിച്ച് 11000 രൂപ സംഭാവന നൽകി. ചികിത്സയിൽ കഴിയുന്ന ഒരു നിർധന കുടുംബത്തിന് എല്ലാ മാസവും 2000 രൂപയുടെ ഭക്ഷ്യ സാധനങ്ങൾ വാങ്ങികൊടുക്കുന്നു.

**കുറുമ്പാല**

കിടപ്പുരോഗികളെ സന്ദർശിച്ചു പ്രാർത്ഥിച്ചു. വിദ്യാഭ്യാസ സഹായ മായി 1000 രൂപ നൽകി. സെമിനാരി വിദ്യാർത്ഥികൾക്ക് 8203 -രൂപ നൽകി. ഉന്നത മാർക്ക് വാങ്ങിയ കുട്ടികളെ അനുമോദിച്ചു. അമ്മമാരുടെ നേതൃത്വത്തിൽ 45 വാഴവിത്ത് നട്ടു.

**ബോസ്പാറ**

ബഹു. വികാരിയച്ചന്റെ നേതൃത്വത്തിൽ മാതൃവേദി പുതിയതായി ഉദ്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിച്ചു. ശ്രീമതി ഗ്രേസി ചിറ്റിനപള്ളി അമ്മമാർക്ക് സെമിനാർ നടത്തി. ഇടവകയിലെ എല്ലാ അമ്മമാരും മാതൃവേദിയിൽ അംഗത്വം എടുത്തു. വി. കുർബാന മദ്ധ്യേ കാഴ്ചവെപ്പ് നടത്തി ഫണ്ട് ശേഖരിച്ചു. മാതൃവേദിയംഗങ്ങൾ ഇടവക യിലെ എല്ലാ ഭവനങ്ങളും സന്ദർശിച്ച് ലോഗോസ് ക്വിസ്സിന് രജിസ്ട്രേ ഷൻ നടത്തി. എല്ലാ വാർഡുകളിൽ നിന്നും ഓരോ പ്രതിനിധികളെ മാതൃവേദിയിലേക്ക് തെരഞ്ഞെടുത്തു. തിരുഹൃദയതിരുനാളും പരി. കുർബാനയുടെ തിരുനാളും സമുചിതമായി ആഘോഷിച്ചു. എല്ലാ

വെള്ളിയാഴ്ചയും 1 മണിക്കൂർ ലോഗോസ് പഠനം നടത്തുന്നു. മാതൃവേദിയംഗമായിരുന്ന മേരി പുത്തൻപുരയുടെ നിര്യാണത്തിൽ അനുശോചനം അറിയിച്ച് വി. കുർബാന ചൊല്ലിച്ചു.

**പൂളപ്പാടം**

പാചകകലയിൽ അമ്മമാരുടെ വൈദഗ്ധ്യം തെളിയിക്കാൻ ചക്ക മഹോത്സവം നടത്തി. 41– തരം വിഭവങ്ങൾ നിർമ്മിച്ച സെന്റ് തെരേസ യൂണിറ്റ് സമ്മാനർഹരായി. നിർദ്ധനരായ 4 വിദ്യാർത്ഥികൾക്ക് പഠനസഹായം നൽകി.

**കല്ലുവയൽ**

ബഹു. വികാരിയച്ചൻ അനുദിന ബലിയർപ്പണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അമ്മമാരെ ബോധവതികളാക്കി. സിമിത്തേരിയും പള്ളി പരിസരവും വൃത്തിയാക്കി. വി. കുർബാനമധ്യേ നടത്തിയ കാഴ്ചസമർപ്പണത്തിനു ലഭിച്ച തുക സമരിറ്റൻ ഭവനത്തിന് നൽകി. ഭവനസന്ദർശനം, രോഗീസന്ദർശനം, തിരുഹൃദയ വണക്കമാസാചരണം എന്നിവ നടത്തി.

**കോട്ടത്തറ**

പന്തക്കുസ്തായ്ക്ക് ഒരുക്കമായി ഒരാഴ്ച ആരാധന നടത്തി. പരിസ്ഥിതി ദിനത്തിൽ മരത്തൈ നടുകയും കോളനി ശുചീകരണം നടത്തുകയും ചെയ്തു. സ്നേഹസദനം സന്ദർശിച്ചു. ഭവനസന്ദർശനം നടത്തി. ഒരു വിദ്യാർത്ഥിക്ക് വിദ്യാഭ്യാസ സഹായമായി 1000 രൂപ നൽകി. വി. അന്തോനീസിന്റെ തിരുനാൾ ദിനത്തിൽ പാച്ചോർ നേർച്ച നടത്തി. നവോമിസംഗമത്തിൽ 26 വിധവകളായ അമ്മമാർ പങ്കെടുത്തു. സംഗമത്തിൽ സ്നേഹവിരുന്ന് നടത്തി.

**കുറുമണി**

വിയാനിഭവൻ സന്ദർശിച്ച് സംഭാവനയായി 3000 –രൂപ നൽകി. മാനസിക പ്രശ്നങ്ങളും അവയ്ക്കുള്ള പ്രതിവിധികളും എന്ന വിഷയത്തെക്കുറിച്ച് അമ്മമാർക്ക് സി. റെജിൻ MSMI ക്ലാസ്സ് എടുത്തു. വൈദികവിദ്യാർത്ഥികളുടെ പഠന സഹായത്തിനായി 4300 രൂപ രൂപത കേന്ദ്രത്തിൽ എത്തിച്ചു. ഭവനസന്ദർശനം നടത്തി.

**കുഞ്ഞോം**

എല്ലാ ചൊവ്വഴ്ചയും അമ്മമാർ മദ്ധ്യസ്ഥ പ്രാർത്ഥന നടത്തുന്നു. ഭവനസന്ദർശനം, രോഗീസന്ദർശനം എന്നിവ നടത്തി. തിരുഹൃദയ ജപമാല ചൊല്ലി പ്രാർത്ഥിച്ചു. അദ്ധ്യാപകർ, വിദ്യാർത്ഥികൾ എന്നിവർക്കായി ചെയിൻ റോസറി നടത്തി. കുടുംബജീവിതത്തെകുറിച്ച് സി. ഷാലറ്റ് ക്ലാസ്സ് നയിച്ചു.

**ഫാ. ജോഷി മഞ്ഞക്കുന്നേൽ**

ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സീയോൻ വാർത്തകൾ

**ആദ്യവെള്ളി 5-7-19**

രാവിലെ 10 മണിക്ക് എൻഡറിംഗ് ആരംഭിച്ചു തുടർന്ന് കുരിശിന്റെ വഴിയും സ്തുതി ആരാധനയും നടത്തി. ടീം മീറ്റിംഗിൽ ഒരു മാസത്തെ ശുശ്രൂഷകൾ വിലയിരുത്തി. തുടർന്ന് ആദ്യശനി കൺവെൻഷനുള്ള ഒരുക്ക ശുശ്രൂഷകൾ നടത്തി. 6 മണിക്ക് ജാഗരണ പ്രാർത്ഥന നടത്തി. 10 മണിക്ക് സമാപിച്ചു.

**ആദ്യശനി കൺവെൻഷൻ (6-7-19)**

രാവിലെ 6 മണിക്ക് സഹനജപമാല ചൊല്ലി പ്രാർത്ഥിച്ചു. 8.45ന് പൊതുശുശ്രൂഷകൾ ആരംഭിച്ചു. ജപമാല പ്രദക്ഷിണം, സ്തുതി ആരാധന, എന്നിവയ്ക്ക് ശേഷം സീയോൻ ധ്യാനകേന്ദ്രം ഡയറക്ടർ റവ.ഫാ. സോണി വാഴകാട്ട് വചനപ്രഘോഷണവും അസി. ഡയറക്ടർ റവ. ഫാ. ജിന്റോ തട്ടുപറമ്പിൽ വി. ബലിയും അർപ്പിച്ചു. ലഘുഭക്ഷണ ത്തിനുശേഷം അഭിഷേക ആരാധനയ്ക്ക് റവ. ഫാ. സോണി വാഴകാട്ട് നേതൃത്വം നല്കി.

**രണ്ടാം ശനി - പൊതുസ്പിരിചൽ ഷെയറിംഗ് (13-7-2019)**

വെള്ളിയാഴ്ച വൈകിട്ട് 4 മുതൽ സ്പിരിചൽ ഷെയറിംഗിന് ഒരുക്കമായുള്ള ശുശ്രൂഷകർ പ്രാർത്ഥനാ കൂട്ടായ്മകൾ നടത്തി. രാത്രി 8 മണിയോടെ ശുശ്രൂഷകൾ സമാപിച്ചു. ശനിയാഴ്ച രാവിലെ 6 മണി മുതൽ ശുശ്രൂഷകർ പ്രാർത്ഥിച്ചൊരുങ്ങി. 9:30ന് പൊതുസ്പിരിചൽ ഷെയറിംഗ് ആരംഭിച്ചു. 60 പേർ പങ്കെടുത്തു.

**ജാഗരണം മൂന്നാം വെള്ളി (19-7-19)**

വൈകിട്ട് 6 മണിക്ക് കുരിശിന്റെ വഴി ആരംഭിച്ചു. തുടർന്ന് കരുണ ക്കൊന്ത, ജപമാല, മദ്ധ്യസ്ഥ പ്രാർത്ഥന, എന്നിവ നടത്തി. ബ്ര. ജോസ് മാളോല വചനപ്രഘോഷണവും തുടർന്ന് റവ. ഫാ. ജിന്റോ തട്ടുപറ മ്പിൽ വി. ബലിയും അർപ്പിച്ചു.

**താമസിച്ചുള്ള ആന്തരിക സൗഖ്യധ്യാനം (19-22)**

താമസിച്ചുള്ള 4 ദിവസത്തെ ആന്തരികസൗഖ്യ ധ്യാനത്തിന് റവ. ഫാ. സോണി വാഴകാട്ട്, റവ. ഫാ. ജിന്റോ തട്ടുപറമ്പിൽ, റവ. ഫാ. ബാബു മൂത്തേടത്ത്, ബ്ര. ജോസഫ് വട്ടക്കുന്നേൽ, ബ്ര. ബിജു വാകേരി, സി. ലിസ എസ്.കെ.ടി., സി. അന്ന എഫ്.സി.സി. എന്നിവർ നേതൃത്വം നല്കി.

**നാലാം ശനി - രോഗസൗഖ്യ ശുശ്രൂഷദിനം (27-7-19)**

രാവിലെ 9-30ന് സൗഖ്യശുശ്രൂഷകൾക്കുവേണ്ടിയുള്ള പ്രാർത്ഥന ആരംഭിച്ചു. ജപമാല, കുരിശിന്റെ വഴി, സ്തുതിയാരാധന, വി. കുർബാന, തൈലാഭിഷേകപ്രാർത്ഥന എന്നിവയ്ക്ക് റവ. ഫാ. ജിന്റോ തട്ടുപറമ്പിൽ നേതൃത്വം നല്കി.

**2019 ആഗസ്റ്റ് മാസത്തിലെ ശുശ്രൂഷകൾ**

| | | |
|---|---|---|
| 3-8-2019 ആദ്യശനി | - | ഏകദിനകൺവെൻഷൻ |
| 4-8-2019 ഞായർ -വ്യാഴം | - | സീയോൻ ശുശ്രൂകരുടെ ധ്യാനം |
| 9-8-2019 രണ്ടാം വെള്ളി | - | തൂവാനീസ സംഗമം |
| 10-8-2019 രണ്ടാം ശനി | - | പൊതുസ്പിരിചൽ ഷെയറിംഗ് |
| 16-8-2019 മൂന്നാം വെള്ളി | - | ജാഗരണ പ്രാർത്ഥന |
| 18-21 ഞായർ-ബുധൻ | - | ആന്തരികസൗഖ്യധ്യാനം |
| 24-8-2019 നാലാം ശനി | - | രോഗസൗഖ്യ ശുശ്രൂഷാദിനം |

**ഫാ. സോണി വാഴകാട്ട്**
ഡയറക്ടർ, സിയോൻ സി.ആർ.സി

# വിൻസെൻ്റ് ഡി പോൾ സൊസൈറ്റി

**പ്രിയപ്പെട്ട വിൻസെൻഷ്യൻ സഹോദരരെ,**

ഒരു ഓഗസ്റ്റ് മാസം കൂടി നമ്മുടെ മുന്നിലേക്ക് കടന്നു വരികയാണ്. കഴിഞ്ഞ വർഷം ഓഗസ്റ്റ് മാസം നമുക്ക് ദുഃഖങ്ങളുടെയും ദുരിതങ്ങളുടെയും കാലമായിരുന്നു. പ്രളയം തീർത്ത കഷ്ടതകളുടെ മുറിപ്പാടുകൾ ഇപ്പോഴും ഉണങ്ങിയിട്ടില്ല. കഴിഞ്ഞവർഷം പ്രളയമായിരുന്നെങ്കിൽ ഈ വർഷം ജൂൺ ജൂലൈ മാസങ്ങളിലെ വരൾച്ചയാണ് ദുരിതമായത്. കാലാവസ്ഥയുടെ ഈ വ്യതിയാനങ്ങൾ നമ്മെ ദുരിതത്തിലാഴ്ത്താറുണ്ട്. കാലാവസ്ഥയെമാത്രം ആശ്രയിച്ച് കൃഷികൾ നടത്തുന്ന ഒരു രാജ്യത്ത് ഇതിന്റെ ചെറിയ വ്യതിയാനങ്ങൾപോലും ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കാറുണ്ട്. ഈ കഷ്ടതകൾ നമ്മെ പലപ്പോഴും നിരാശരാക്കാറുണ്ട്. ദൈവത്തിന്റെ പദ്ധതിയെക്കുറിച്ച് നാം പലപ്പോഴും മറന്നുപോകുന്നു, അതുമല്ലെങ്കിൽ മറക്കുവാൻ ശ്രമിക്കുന്നു. ദൈവമക്കളായ നമ്മെ ദൈവം ഒരിക്കലും ഉപേക്ഷിക്കുകയില്ലെന്ന ഉറച്ചവിശ്വാസമായിരിക്കണം നമ്മെ നയിക്കേണ്ടത്. നാമെല്ലാവരും ദൈവം നല്കിയ ഒട്ടേറെ ദാനങ്ങൾ അനുഭവിക്കുന്നവരാണല്ലോ. ഈ ദൈവദാനങ്ങളുടെ ഫലങ്ങൾ നാം പൂർണമായി പുറപ്പെടുവിക്കുന്നുണ്ടോയെന്ന് ഇടക്കിടെ ആത്മശോധന നടത്തുന്നത് ഉചിതമായിരിക്കും. വിൻസെൻഷ്യൻ സഹോദരരായ നാം മററുള്ളവരെ കീഴടക്കേണ്ടത് സ്നേഹം കൊണ്ടായിരിക്കണം. സ്നേഹത്തിനു മുന്നിൽ തോൽക്കാത്തതായി യാതൊന്നും ലോകത്തിലില്ല. കരുണയുള്ള മനസ്സിൻ നിന്നുമാത്രമെ സ്നേഹത്തിന്റെ നീർച്ചാലുകൾ ഒഴുകുകയുള്ളു. കരുണ ദൈവീക ഭാവമാണ്. എല്ലാവർക്കും പരിശുദ്ധ കന്യകാമാതാവിന്റെ സ്വർഗാരോപണത്തിന്റെയും, സ്വാതന്ത്ര്യദിനത്തിന്റെയും, തിരുവോണത്തിന്റെയും ആശംസകൾ നേർന്നുകൊള്ളുന്നു.

**എ. സി. യോഗങ്ങൾ**

ഗൂഡല്ലൂർ എ. സി. യോഗം വിമലഗിരി സെന്റ് മേരീസ് പള്ളി ഹാളിൽ നടന്നു. എ. സി. പ്രസിഡൻറ് സി. വത്സമ്മ പീറ്റർ ഇളയച്ചാനി അധ്യക്ഷത വഹിച്ചു. എ.സി.ആത്മീയ ഉപദേഷ്ടാവ് റവ. ഫാ. ജോണി ഇലവുങ്കൽ ഉദ്ഘാടനം ചെയ്തു. സി. സി. മുൻ ആത്മീയ ഉപദേഷ്ടാവ് റവ. ഫാ. ജോസഫ് ചിററൂർ മുഖ്യസന്ദേശം നല്കി. ഓസാനാം ഭവൻ

സെക്രട്ടറി ബ്ര. വിൻസെൻറ് ജോൺ വടക്കുംചേരി, സി. സി.ജനറൽ സെക്രട്ടറി ബ്ര. ബാബു നമ്പുടാകം എന്നിവർ സംഘടനാപ്രവർത്തന ങ്ങൾ വിശദീകരിച്ചു. എ. സി. സെക്രട്ടറി ബ്ര.ബിജു കിഴക്കെമൊളിയേ ക്കൽ സ്വാഗതവും, ബ്ര. തങ്കച്ചൻ പാറേക്കാട്ടിൽ നന്ദിയും പറഞ്ഞു. എ.സി. വൈസ്പ്രസിഡന്റായി ബ്ര. തങ്കച്ചൻ ചൂരനോലിക്കലിനെ (ധർമ്മ ഗിരി-9442366169) തെരഞ്ഞെടുത്തു.

**കല്പറ്റ എ.സി.യോഗം**

കല്പ്പറ്റ ഡി പോൾ പള്ളിഹാളിൽ നടന്നു. എ.സി.പ്രസിഡന്റ് സി.സിസിലി പഴേമഠം അധ്യക്ഷത വഹിച്ചു. എ. സി.ആത്മീയ ഉപദേ ഷ്ടാവ് റവ. ഫാ. സോമി വടയാപറമ്പിൽ ഉദ്ഘാടനം ചെയ്തു. സി. സി. വൈസ് പ്രസിഡന്റ് ബ്ര. തോമസ് മാങ്ങൻ സംഘടനപ്രവർത്തന ങ്ങൾ വിശദീകരിച്ചു. ചുണ്ടക്കര എ.സി. പ്രസിഡൻറ് ബ്ര. തങ്കച്ചൻ മേപ്പാടത്ത് സന്ദേശം നല്കി. ബേബി പാറ്റാനി സ്വാഗതം ആശംസിച്ചു.

**ബത്തേരി എ.സി.യോഗം**

ബത്തേരി അസംപ്ഷൻ പള്ളി ഹാളിൽ നടന്നു. എ. സി. പ്രസി ഡന്റ് ബ്ര.ജോസ് മാത്യു മെഴുകനാൽ അധ്യക്ഷത വഹിച്ചു. സി.സി. വൈസ്പ്രസിഡന്റ് ബ്ര. അഗസ്റ്റിൻ കൊടിയംകുന്നേൽ ഉദ്ഘാടനം ചെയ്തു. സി. സി.ബോർഡ് അംഗങ്ങളായ ബ്ര. ഫ്രാൻസീസ് പുലിക്കോട്ടിൽ, ബ്ര. മത്തായി പുളിയിലക്കാട്ട്, സി.ബേബിമരിയ പുലി ക്കോട്ടിൽ എന്നിവർ പ്രസംഗിച്ചു.

**പാടിച്ചിറ എ.സി.യോഗം**

പാടിച്ചിറ സെന്റ് വിൻസെന്റ് ഡി പോൾ ഹാളിൽ നടന്നു. എ. സി. പ്രസിഡൻറ് ബ്ര. മാത്യു തറയിൽ അധ്യക്ഷത വഹിച്ചു. സി.സി. ജനറൽ സെക്രട്ടറി, ബ്ര. ബാബു നമ്പുടാകം ഉദ്ഘാടനം ചെയ്തു. എ. സി. സെക്രട്ടറി സി.ലീലാമ്മ വിളയാനിപ്പറമ്പിൽ പ്രവർത്തനറി പ്പോർട്ടും കണക്കുകളും അവതരിപ്പിച്ചു. ബേബി ചൂണ്ടനാൽ, വിൻസെന്റ് കട്ടിക്കാന എന്നിവർ പ്രസംഗിച്ചു.

**പുൽപ്പള്ളി എ.സി. യോഗം**

മുള്ളൻകൊല്ലി സെൻറ് മേരീസ് പള്ളി ഹാളിൽ നടന്നു. എ.സി. പ്രസിഡന്റ് ബ്ര. എ. കെ. ഇമ്മാനുവേൽ അധ്യക്ഷത വഹിച്ചു. സി.സി. ജനറൽ സെക്രട്ടറി ബ്ര.ബാബു നമ്പുടാകം സംഘടനപ്രവർത്തനങ്ങൾ വിശദീകരിച്ചു. എ.സി. സെക്രട്ടറി ബ്ര. അജി വിരിപ്പാമററം, ബ്ര. വിത്സൺ നെടുങ്കൊമ്പിൽ, തോമസ് കടുവനാൽ എന്നിവർ പ്രസംഗിച്ചു.

**ഭാരവാഹികൾ**

നടവയൽ സെന്റ് മേരീസ് കോൺഫ്രൻസിന് പുതിയ ഭാരവാഹികളെ

തെരഞ്ഞെടുത്തു. എ.സി. പ്രസിഡന്റ് ബ്ര. സണ്ണി തോമസ് ആലഞ്ചേരി അധ്യക്ഷത വഹിച്ചു. ബ്ര. ജോർജ്ജ് പറമ്പിൽ (പ്രസി.), ഇ.വി.ജെയിംസ് (സെക്രട്ടറി), പി.ജെ.തോമസ് (വൈ.പ്രസി.), കെ.കെ.ജോസ് (ജോ. സെക്ര.), കെ.യു. ജോസഫ് (ടഷറർ), കെ. ജെ. ദേവസ്യ (ഇന്റേണൽ ഓഡിററർ).

**ബത്തേരി സെൻറ് അൽഫോൻസ വനിതകോഫ്രൻസ് ഭാരവാഹികൾ**

സി. അന്നമ്മ ജോസ് വാദ്യപ്പള്ളിൽ (പ്രസി.), സി. ലില്ലി സണ്ണി നെടുങ്കല്ലേൽ (സെക്ര.), ബേബി മരിയ പുലിക്കോട്ടിൽ (വൈ.പ്രസി.), കുഞ്ഞമ്മ ജോസ് മണ്ണമ്പളാക്കൽ (ട്രഷറർ), ബേബി മത്തായി പുളിയിലക്കാട്ട് (ജോ.സെക്രട്ടറി).

**ഓസാനാംഭവൻ വാർത്തകൾ**

ഓസാനാം ഭവൻ സ്ഥാപക ചെയർമാൻ ബ്ര. സിറിയക് നെച്ചിക്കാട്ടിന്റെ ചരമ വാർഷികത്തോടനുബന്ധിച്ച് അദ്ദേഹത്തിന്റെ ഛായാചിത്രം ഓസാനാംഭവൻ ഹാളിൽ അനാശ്ചാദനം ചെയ്തു. നടവയൽ ഇടവക വികാരി റവ. ഫാ. ബെന്നി മുതിരക്കാല ഫോട്ടോ അനാശ്ചാദനം നിർവഹിച്ചു. റവ. ഫാ. ജോസഫ് നെച്ചിക്കാട്ട് ദിവ്യബലി അർപ്പിച്ചു. സ്ഥാപക പ്രസിഡന്റിന്റെ സ്മരണാർത്ഥം അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾ എല്ലാ വർഷവും ഒരുനേരം ഓസാനാംഭവനിലെ അംഗങ്ങൾക്ക് ഭക്ഷണം നല്കുന്നതിനായി ഒരു ലക്ഷം രൂപ നിക്ഷേപിച്ചു. നിക്ഷേപത്തിന്റെ രേഖകൾ ത്രേസ്യാമ്മസിറിയക് നെച്ചിക്കട്ട്, ഓസാനാംഭവൻ ചെയർമാൻ ജോർജ്ജ് ആക്കാന്തിരിയെ ഏല്പ്പിച്ചു. ഓസാനാംഭവൻ സെക്രട്ടറി വിൻസെൻറ് ജോൺ വടക്കുംചേരി, ട്രഷറർ ബാബു നമ്പുടാകം, നടവയൽ എ. സി. പ്രസിഡൻറ് സണ്ണിതോമസ് ആലഞ്ചേരി, എന്നിവർ ആശംസകളർപ്പിച്ച് പ്രസംഗിച്ചു.

**ഓസാനാംഭവനിൽ മാലിന്യസംസ്കരണ പ്ലാന്റ് (ഇൻസിനേറ്റർ) സ്ഥാപിച്ചു**

ഓസാനാംഭവനിലുണ്ടായിരുന്ന രാജു തങ്കപ്പൻ മുതുകുളം (പാടിച്ചിറ) കർത്താവിൽ നിദ്ര പ്രാപിച്ചു. കണിയാരം പൈലിയെ ഓസാനാം ഭവനിലെ പുതിയ അംഗമായി പ്രവേശിപ്പിച്ചു. ഓസാനാം ഭവനിലെ അപ്പച്ചന്മാർക്ക് ചൂടുവെള്ളം നല്കുന്നതിനായി കല്പ്പറ്റ സെന്റ് ജൂഡ് കോൺഫ്രൻസ് അംഗങ്ങൾ 40-ഫ്ളാസ്കുകൾ നല്കി. കല്പ്പറ്റ എ.സി പ്രസിഡൻറ് സി.സിസിലി പഴേമഠം, ബ്ര. മാത്യു കരിക്കേടത്ത്, ബ്ര. കുര്യൻ ആരിശ്ശേരി, ബ്ര. മാത്തുക്കുട്ടി പഴേമഠം എന്നിവർ ചേർന്ന് ഫ്ളാസ്കുകൾ കൈമാറി. ഓസാനാംഭവൻ ട്രഷറർ ബാബു നമ്പുടാകം ഏററുവാങ്ങി.

**ഓസാനാംഭവൻ സന്ദർശം**

ഓഗസ്റ്റ്-1-15-വാഴവററ എ.സി.യിൽപ്പെട്ട ബാലേശുഗിരി, മീനങ്ങാടി സെന്റ് ഫ്രാൻസീസ്, അമലോത്ഭവമാതാ വാഴവററ, സെൻറ് ഡൊമിനിക് സാവിയോ വാഴവററ, സെ.ജോർജ്ജ് കാക്കവയൽ, സെ. ജോസഫ്സ് തെനേരി, ക്രിസ്തുരാജ കരണി കോഫ്രൻസുകൾ. ഓഗസ്റ്റ് 16-30 കൊട്ടിയൂർ എ.സി.യിൽപ്പെട്ട സെ. സെബാസ്റ്റ്യൻ കൊട്ടിയൂർ, സെ. തോമസ് കൊട്ടിയൂർ, സെ.ജോസഫ്സ് അടയ്ക്കാത്തോട്, സെ. അൽഫോൻസ ചുങ്കക്കുന്ന്, ഫാത്തിമമാതാ ചുങ്കക്കുന്ന്, സെ.ജൂഡ് നെല്ലിയോടി, സെ. അൽഫോൻസ നെല്ലിയോടി, സെ. ചാവറ കുര്യാക്കോസ് ഏലിയാസ് പാൽച്ചുരം, സെ.അൽഫോൻസ ഒററപ്ലാവ് കോൺഫ്രൻസുകൾ.

പ്രാർത്ഥന ആശംസകളോടെ,

സ്നേഹപൂർവ്വം,

**റവ. ഫാ. അഗസ്റ്റിൻ പുത്തൻപുര**

സി.സി. ആത്മീയ ഉപദേഷ്ടാവ്

**ബ്ര. ജോർജ്ജ് ആക്കാന്തിരി**

സി.സി. പ്രസിഡന്റ്

**"മറിയം പറഞ്ഞു: എന്റെ ആത്മാവ് കർത്താവിനെ മഹത്വപ്പെടുത്തുന്നു (ലൂക്കാ 1 : 46)"**

ക്രിസ്തുവിൽ ഏറെ സ്നേഹിക്കപ്പെടുന്ന പ്രിയപ്പെട്ട ജീസസ് യൂത്ത് കുടുംബാംഗങ്ങളെ,

ആഗസ്റ്റ് മാസം നമ്മെ സംബന്ധിച്ച് വളരെയേറെ പ്രധാനപ്പെട്ട ഒരു മാസമാണല്ലോ. പരിശുദ്ധ ദൈവമാതാവിന്റെ മാദ്ധ്യസ്ഥം തേടി പ്രാർത്ഥിച്ച് ഒരുങ്ങികൂടുതൽ പഠിക്കുവാനും ജോലി ചെയ്യുവാനും പ്രാർത്ഥിക്കുവാനും ഉള്ളതീക്ഷണത ലഭിക്കുന്ന കാലഘട്ടമാണല്ലോ ഇത്. പ്രത്യേകി ച്ച് ഈ മാസം ആഗസ്റ്റ് 4-ാംതീയതി ഇടവക വൈദീകരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയവിയാനിയുടെ തിരുന്നാൾ നമ്മൾ ആഘോഷിക്കുന്നു. സഭയുടെ ചരിത്രത്തിൽ ആദ്ധ്യാത്മികതയോടു ചേർന്നു നിന്ന് സഭയെ വിശുദ്ധീകരിച്ച വി. വിയാനിയുടെ അനുഗ്രഹം ലഭിക്കുവാനായിട്ട് നമുക്കു പ്രാർത്ഥിക്കാം. നമ്മുടെയൊക്കെ ഇടവക വികാരി അച്ചന്മാരെ ഓർക്കാൻ അവർ വഴിയായി നമുക്കു ലഭിച്ച അനുഗ്രഹങ്ങളെ ഓർത്ത് പ്രാർത്ഥിക്കാൻ വികാരിയച്ചന്മാരെ സന്ദർശിക്കാൻ, അവരെ ബഹുമാനിക്കാൻ, ആദരിക്കാൻ, അവർക്കു വേണ്ടി പ്രാർത്ഥിക്കാൻ ഈ ദിവസം നമ്മെ ഓർമ്മിപ്പിക്കുന്നു. നമ്മുടെ ഇടവകകളിലെ ബഹുമാനപ്പെട്ട വികാരിയച്ചന്മാരെ സന്ദർശിക്കുവാനും അവരെ സ്നേഹിക്കുവാനും ഈ ദിവസം പ്രചോദനമാകട്ടെ എന്നു ഓർമ്മിപ്പിക്കുന്നു. രണ്ടാമതായി, ആഗസ്റ്റ് 15, പരിശുദ്ധ കന്യകമാതാവിന്റെ തിരുന്നാൾ ആഘോഷിക്കുന്ന ദിവസം. പരിശുദ്ധ അമ്മയുടെ പ്രത്യേകതകൾ നമുക്കറിയാം. അമ്മ ദൈവമാതാവായിരുന്നു, നിത്യകന്യകയായിരുന്നു, സഹരക്ഷകയായിരുന്നു, സ്വർഗ്ഗാരോപിതയായിരുന്നു, അമലോത്ഭവയായിരുന്നു. മറ്റൊരു സ്ത്രീയ്ക്കും ഇല്ലാത്ത പ്രത്യേകതകളാൽ പരിശുദ്ധ അമ്മ സർവ്വവും നന്മനിറഞ്ഞവളായിരുന്നു. ഈ അമ്മയുടെ ചൈതന്യത്താൽ നമുക്കും നിറയാം. എല്ലാ ജീവിത പ്രതിസന്ധികളേയും പരിശുദ്ധ അമ്മ അതിജീവിച്ചത് പ്രാർത്ഥനയിലൂടെയും ദൈവവിശ്വാസത്തിലൂടെയുമാണ് എന്ന് ദൈവവചനം സാക്ഷ്യപ്പെടുത്തുന്നു. ദൈവത്തിൽ ആനന്ദിക്കുന്ന, ദൈവത്തെ മഹത്വപ്പെടുത്തി പ്രാർത്ഥിക്കുന്ന പരിശുദ്ധ അമ്മയുടെ മനോഭാവം നമുക്കും ഉണ്ടാവട്ടെയെന്ന് നമുക്കു പരസ്പരം പ്രാർത്ഥിക്കാം. കൂടാതെ ആഗസ്റ്റ് 15 നമ്മൾ ഭാരതത്തിന്റെ

സ്വാതന്ത്ര്യ ദിനമായി ആഘോഷിക്കുകയാണ്. ഭാരതം സ്വതന്ത്രമായിട്ട് വർഷങ്ങൾ കഴിയുമ്പോഴും നമ്മുടെ സ്വാതന്ത്ര്യം എവിടെ നിൽക്കുന്നു. ഈ ഭൗതിക ജീവിതത്തിൽ യഥാർത്ഥ സ്വാതന്ത്ര്യം അനുഭവിക്കുവാൻ നമുക്കു കഴിയുന്നുണ്ടോ, അടിമത്തം നമ്മെ കീഴ്പ്പെടുത്തുന്നുണ്ടോ, ഈ പുതിയ തലമുറയുടെ പ്രതിസന്ധികളിൽ നമ്മൾ തളരുന്നുണ്ടോ എന്നും നമുക്കു ആത്മാർത്ഥമായി ഒന്നു ചിന്തിക്കാം, വിചിന്തനം ചെയ്യാം. മൂന്നാമതായി, ആഗസ്റ്റ് 28-ാം തീയതി എവുപ്രാസ്യാമ്മയുടെ തിരുന്നാൾ കത്തോലിക്കാ സഭ ആഘോഷിക്കുന്ന ഈ വേളയിൽ വിശുദ്ധയിൽ എരിഞ്ഞുതീർന്ന, പ്രാർത്ഥിച്ച, കഠിനാധ്വാനം ചെയ്ത എവുപ്രാസ്യാമ്മയുടെ ചൈതന്യത്തിൽ വളരാനായിട്ട് നമുക്കും ആഗ്രഹിക്കാം, പ്രാർത്ഥിക്കാം. ഏവർക്കും ഈദിവസങ്ങളുടെ അനുഗ്രഹങ്ങൾ ഉണ്ടാകട്ടെയെന്ന് ഹൃദയപൂർവ്വം പ്രാർത്ഥിക്കുന്നു. പരസ്പരം പ്രാർത്ഥിക്കുവാനും, കൂടുതൽ അധ്വാനിക്കുവാനുമുള്ള കൃപാവരം എല്ലാവർക്കും ലഭിക്കട്ടെ. നമുക്കു പ്രാർത്ഥനയിൽ പരസ്പരം ഓർക്കുകയും കൈകോർക്കുകയും ചെയ്യാം. ദൈവം നമ്മെ എല്ലാവരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

**ഫാ. ജെയ്മോൻ കളമ്പുകാട്ട്**

ചാപ്ലയിൻ, ജീസസ് യൂത്ത്, മാനന്തവാടി.

**കഴിഞ്ഞ മാസങ്ങളിൽ നടന്ന ശുശ്രൂഷകൾ/ പ്രോഗ്രാമുകൾ**

**കോറസ് - 2019**

ജീസസ് യൂത്ത് മുന്നേറ്റത്തിൽ അംഗങ്ങളായ സംഗീതത്തോടു താത്പര്യമുള്ള യുവജനങ്ങൾക്കായി ജൂലൈ 12 മുതൽ 14 വരെ തേവരയിൽ വെച്ച് നടത്തപ്പെട്ട പ്രോഗ്രാമിൽ അനില ഷാജി, അനീറ്റ സീതാമൗണ്ട്, ഷോബിദ എബ്രാഹം, ആൽബിദ സേവ്യർ എന്നിവർ പങ്കെടുത്തു. ഫുൾടൈമർഷിപ്പ് മാനന്തവാടി സോണിൽ നിന്നും ഫുൾടൈമർഷിപ്പിനായി ട്രയിനിംങിനുപോയ അബിദ കുര്യാക്കോസിന് കാഞ്ഞിരപ്പിള്ളി സോണിലും ആദസ്മരിയയ്ക്ക് മൈസൂർ സോണിലും ഒരു വർഷം ശുശ്രൂഷ ചെയ്യുവാനായി നൽകപ്പെട്ടു. പാരീഷ് മിനിസ്ട്രി കോർഡിനേറ്റേഴ്സ് മീറ്റിംഗ് എറണാകുളം എമ്മാവൂസ് ധ്യാന കേന്ദ്രത്തിൽ വെച്ചു നടത്തപ്പെട്ട കേരള പാരീഷ് മിനിസ്ട്രി കോർഡിനേറ്റേഴ്സ് മീറ്റിംങിൽ റിബിദ ബേബി പങ്കെടുത്തു. കമ്മിറ്റ്മെന്റ് സെറിമണി - തൃശൂർ ജൂൺ മാസം 28,29,30 തീയതികളിൽ തൃശൂർ ആബാധ്യാന കേന്ദ്രത്തിൽ വെച്ച് നടത്തപ്പെട്ട ജീസസ് യൂത്ത് മുന്നേറ്റത്തിനായി സ്ഥിര വാഗ്ദാനം നൽകാനായി തെരഞ്ഞെടുക്കപ്പെട്ടവർക്കായി നടത്തപ്പെട്ട ധ്യാനത്തിൽ ഈസോണിൽ നിന്നും ഡോ.ഡിനു ആൻ ഡൊമിനിക്ക് (കണിയാരം),

വിനു മാത്യു ചാത്തംകണ്ടത്തിൽ (തവിഞ്ഞാൽ, ലിജോ കുഴിയാനിമറ്റത്തിൽ (ചെറുകാട്ടൂർ), അനില ഷാജി കുമ്പളപ്പറമ്പിൽ (ഒഴുക്കൻമൂല), അമൽ സെബാസ്റ്റ്യൻ അരീപ്ലാക്കൽ (പോരൂർ) എന്നിവർ പങ്കെടുത്തു. ജീസസ് യൂത്ത് മുന്നേറ്റത്തിന്റെ ചരിത്രത്തിൽ ആദ്യമായി ലോകത്തിൽ തന്നെ സ്ഥിരമായി വാഗ്ദാനം നൽകിയ 62 പേരിൽ മാനന്തവാടി സോണിൽ നിന്നും ഇത്രയും പേർക്ക് കമ്മിറ്റ്മെന്റ് എടുക്കുവാൻ ദൈവത്തിന്റെ അനുഗ്രഹത്താൽ സാധിച്ചു. നടക്കാനിരിക്കുന്ന വിവിധ ശുശ്രൂഷകൾ/ പ്രോഗ്രാമുകൾ കേരള ക്യാമ്പസ് കോൺഫറൻസ് – 2019 കേരളത്തിലെ ക്യാമ്പസ്സുകളിൽ പഠിക്കുന്ന ജീസസ് യൂത്ത് അംഗങ്ങൾക്കായി എറണാകുളം തൃക്കാക്കര ഭാരത മാതാ കോളേജിൽവെച്ച് ആഗസ്റ്റ് 22 മുതൽ 25 വരെ ക്യാമ്പസ് കോൺഫറൻസ് നടത്തപ്പെടുന്നു.

**പരോക്കിയ – 2019**

ഓൾ കേരള പാരീഷ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ കേരളത്തിലെ ഇടവകകളിലുള്ള ജീസസ് യൂത്ത് ലീഡേഴ്സിനു വേണ്ടി ആഗസ്റ്റ് 9 മുതൽ 11 വരെ കറുകുറ്റി അസീസി ശാന്തി കേന്ദ്രത്തിൽ വെച്ച് ലീഡേഴ്സ് ട്രയിനിംങ് പ്രോഗ്രാം നടത്തപ്പെടുന്നു.

**ലീഡേഴ്സ് ഗ്യാതറിംങ്**

തീയതി : ആഗസ്റ്റ് 9 (രണ്ടാം വെള്ളി)

സമയം : വൈകുന്നേരം 6 മണി മുതൽ രാത്രി 11 മണി വരെ.

സ്ഥലം : സീയോൻ ചാപ്പൽ, ദ്വാരക.

**ഏകദിനയുവജന ശുശ്രൂഷ**

തീയതി : ആഗസ്റ്റ് 10 (രണ്ടാം ശനി)

സമയം: രാവിലെ 9 മണി മുതൽ വൈകുന്നേരം 3.30 മണിവരെ.

സ്ഥലം : സീയോൻ ചാപ്പൽ, ദ്വാരക.

**ഡോ. ഡിനു ആൻ ഡൊമിനിക്ക്**
സോണൽ കോ-ഓർഡിനേറ്റർ, ജീസസ് യൂത്ത്, മാനന്തവാടി.
ഫോൺ : 8281345039

**സാമ്പത്തിക സഹായം വിതരണം ചെയ്തു**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി SELAVIP ഇന്റർനാഷണലുമായി സഹകരിച്ച് തൊണ്ടർനാട്, ഇടവക ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കിയ ഭവനനിർമ്മാണപദ്ധതിയിൽ അംഗങ്ങളായ ഗുണഭോക്താക്കൾക്കുള്ള സാമ്പത്തികസഹായം വിതരണം ചെയ്തു. ഇടവക ഗ്രാമപഞ്ചായത്തിൽ 10 കുടുംബങ്ങൾക്ക് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ഉഷാവിജയൻ സാമ്പത്തികസഹായം നല്കി. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി അസോസിയേറ്റ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ അദ്ധ്യക്ഷത വഹിച്ചു. പ്രോഗ്രാം ഓഫീസർ ജോസ് പി.എ. വാർഡ് കൺവീനർ ബാലകൃഷ്ണൻ എന്നിവർ സംസാരിച്ചു. തൊണ്ടർനാട് ഗ്രാമപഞ്ചായത്തിൽ 20 കുടുംബങ്ങൾക്ക് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് പി.എ. ബാബു സാമ്പത്തികസഹായം നല്കി. വൈസ് പ്രസിഡണ്ട് സലോമി ഫ്രാൻസീസ് അദ്ധ്യക്ഷത വഹിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല, പ്രോഗ്രാം ഓഫീസർ ജോസ് പി.എ. എന്നിവർ സംസാരിച്ചു.

**നീർത്തടവികസനപദ്ധതിയിൽ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയും**

നബാർഡ് ഈ വർഷം മുതൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സമഗ്ര നീർത്തട വികസന പദ്ധതിയിൽ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയേയും ഉൾപ്പെടുത്തി. വയനാട്, കാസർഗോഡ്, പാലക്കാട് ജില്ലകളിൽ അടുത്ത നാല് വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന 52 നീർത്തടവികസന പദ്ധതികളിൽ രണ്ട് നീർത്തടവികസന പദ്ധതികൾ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ആണ് നടപ്പിലാക്കുന്നത്. വയനാട് ജില്ലയിലെ തൊണ്ടർനാട് ഗ്രാമപഞ്ചായത്തിലെ മട്ടിലയം, പൊർലോം നീർത്തടവികസനപദ്ധതികൾ ഈ മാസം ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് തിരുവനന്തപുരത്ത് നബാർഡ് ഓഫീസിൽ നടന്ന ആസൂത്രണ യോഗത്തിൽ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ് പി.എ. പങ്കെടുത്തു.

**തൈകൾ വിതരണം ചെയ്തു.**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി കാരിത്താസ് ഇന്ത്യയുമായി സഹകരിച്ച് നടപ്പിലാക്കി വരുന്ന സമഗ്രപുനരധിവാസ പദ്ധതിയുടെ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ട 100 കുടുംബങ്ങൾക്ക് കുരുമുളക്, കാപ്പി, തെങ്ങ്, കമുങ്ങ് എന്നിവയുടെ തൈകൾ വിതരണം ചെയ്തു. ഓരോ കുടുംബത്തിനും 9800 രൂപയുടെ വീതം തൈകളാണ് വിതരണം ചെയ്തത്. ബോയ്സ്ടൗണിൽ വച്ച് നടത്തിയ വിതരണം വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല ഉദ്ഘാടനം ചെയ്തു. അസോസിയേറ്റ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ് പി.എ. എന്നിവർ സംസാരിച്ചു.

## DDU-GKY

കേന്ദ്രഗ്രാമവികസന മന്ത്രാലയത്തിന്റെ കീഴിൽ ഗ്രാമങ്ങളിലെ 15നും 35നും ഇടയിൽ പ്രായമുള്ള യുവജനങ്ങളെ കൂടുതൽ അഭ്യസ്ഥ വിദ്യരാക്കുന്നതിനും തൊഴിൽ നേടിയെടുക്കാൻ പ്രാപ്തരാക്കുന്നതിനും വേണ്ടി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ വിവിധ കോഴ്സുകൾ നടത്തിവരുന്നു. കേരളത്തിൽ കുടുംബശ്രീ മിഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നു. ഈ കോഴ്സ് NCVT/SSC സർട്ടിഫിക്കറ്റും വിവിധ കമ്പനികളിൽ ജോലിയും നൽകുന്നതാണ് DDU-GKY, NULM എന്നീ പ്രൊജെക്റ്റ് ആണ് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പിൽ ആക്കുന്നത്.

ഫാബ്രിക്കേഷൻ, ബ്യൂട്ടീഷ്യൻ, ഇൻഡസ്ട്രിയൽ ഇലക്ട്രിഷ്യൻ എന്നീ കോഴ്സുകളിലേക്ക് പുതിയതായി അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. കുട്ടികൾക്ക് തികച്ചും സൗജന്യമായി താമസിച്ചു പഠിക്കുവാനുള്ള സൗകര്യവും ഈ കോഴ്സിന്റെ മറ്റൊരു പ്രത്യേകത ആണ്. പുതിയ ബാച്ചുകളുടെ ക്ലാസ്സുകൾ ജൂലൈയിൽ ആരംഭിച്ചു. മാനന്തവാടിയിലും ബോയ്സ് ടൗണിലുമായിട്ടാണ് ഈ കോഴ്സുകൾ ആരംഭിച്ചിരിക്കുന്നത്. തികച്ചും സൗജന്യമായ ഈ കോഴ്സിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രത്യേകതയാണ് പഠനസമയങ്ങളിലുള്ള സ്റ്റൈഫന്റ്. ഓരോ കുട്ടിക്കും ഹാജറിന് അനുസരിച്ച് ദിവസം 125 രൂപയോളം ലഭിക്കുന്നതാണ്. കോഴ്സ് പൂർത്തീകരിച്ച വിദ്യാർത്ഥികളുടെ പ്ലെയ്സ്മെന്റ് വിജയകരമായി പൂർത്തിയാക്കി. വിജയകരമായി പഠനം പൂർത്തിയാക്കുന്ന എല്ലാവർക്കും ജോലി വാഗ്ദാനം ചെയ്യുന്നു. ആധുനിക സജീകരണങ്ങളോട് കൂടിയ ക്ലാസ്സ് റൂമുകൾ വിദ്യാർത്ഥികൾക്ക് സ്പോക്കൺ

ഇംഗ്ലീഷ്, കമ്പ്യൂട്ടർ, പേഴ്സണാലിറ്റി ഡവലപ്മെന്റ് എന്നിവയിൽ പ്രത്യേക പരിശീലനം നല്കുന്നു. കൂടാതെ ഓരോ വിദ്യാർത്ഥികൾക്കും പഠനസമയങ്ങളിൽ കമ്പ്യൂട്ടർ/ടാബ്ലെറ്റ് എന്നിവയും കൊടുക്കുന്നതാണ്.

**സേവ് എ ഫാമിലി പ്ലാൻ**

'സേവ് എ ഫാമിലി പ്ലാൻ' കുടുംബോദ്ധാരണ പദ്ധതിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി തുടർന്നുകൊണ്ടിരിക്കുന്നു. ഈ വർഷത്തേയ്ക്കുള്ള പുതിയ അപേക്ഷകൾ സമർപ്പിച്ചുവരുന്നു. ആകെ 63 അപേക്ഷകൾ ഉള്ളതിൽ 18 അപേക്ഷകൾ സമർപ്പിച്ചുകഴിഞ്ഞു. അർഹരായ പുതിയ കുടുംബങ്ങളെ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ആഗ്രഹിക്കുന്നവർ WSSS ഓഫീസുമായി ബന്ധപ്പെടുക. ഗോൾഡൻ ജൂബിലി ഹൗസിംഗ് പ്രൊജക്ടിന്റെ ഭാഗമായി നടന്നുവരുന്ന ഭവന നിർമ്മാണ പദ്ധതിയിൽപ്പെട്ട കുടുംബങ്ങൾക്ക് അവരുടെ ആദ്യ 3 ഗഡുക്കളും ലഭിച്ചുകഴിഞ്ഞു. എല്ലാഭവനങ്ങളുടേയും തന്നെ നിർമ്മാണം പൂർത്തിയായി കൊണ്ടിരിക്കുന്നു. അവസാന ഗഡു നിർമ്മാണം പൂർത്തിയായതിന് ശേഷം ലഭിക്കുന്നതാണ്.

യുണൈറ്റഡ് വേ ബംഗളൂരു കാരിത്താസ് ഇന്ത്യ വഴി വയനാട് ജില്ലയിൽ പ്രളയത്തിൽ നാശനഷ്ടങ്ങൾ സംഭവിച്ച വിദ്യാലയങ്ങളും അംഗൻവാടികളും വീടുകളും നവീകരിക്കുന്നതിനുവേണ്ടി നടപ്പിലാക്കുന്ന പദ്ധതിയാണ് യുണൈറ്റഡ് വേ പ്രളയപുനരധിവാസ പദ്ധതി. ഈ പ്രോജക്ട് വൈത്തിരി, മാനന്തവാടി താലൂക്കുകളിൽ നടപ്പിലാക്കുന്നത് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ആണ്. 3 അംഗൻവാടികളും 4 ഗവൺമെന്റ് ലോവർ പ്രൈമറി സ്കൂളുകളും 10 വീടുകളും നവീകരിക്കുന്നതിനുപുറമെ 75 കുടുംബങ്ങൾക്ക് ജീവനോപാതി കണ്ടെത്തുന്നതിനുവേണ്ടി ആടുവളർത്തലിനും കോഴി വളർത്തലിനും സഹായങ്ങൾ നൽകി വരുന്നു. കൂടാതെ പ്രളയബാധിത പ്രദേശത്തുള്ള 5 അംഗൻവാടികൾക്ക് ലേർണിംഗ് ആന്റ് പ്ലേ മെറ്റീരിയലുകളും ഈ പ്രോജക്ടിലൂടെ നൽകുന്നു. തരിയോട്, പയിങ്ങാട്ടേരി, കരിമ്പിൽ, മക്കിയാട് എന്നീ ലോവർ പ്രൈമറി സ്കൂളുകളും, കുന്നുംമ്പറ്റ, അച്ചൂർ 16, അമ്മാറ എന്നീ അംഗൻവാടികളും, ചെറുകാട്ടൂർ, കൂടൽക്കടവ് എന്നീ പ്രദേശങ്ങളിലുള്ള 10 വീടുകളും ഈ പദ്ധതിയുടെ ഭാഗമായി നവീകരണപ്രവൃത്തികൾ നടന്നുക്കൊണ്ടിരിക്കുന്നു.

പുനരധിവാസ പദ്ധതിയുടെ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ട 25 കുടുംബങ്ങൾക്ക് 9000 രൂപയുടെ വീതം ആടുകളാണ് വിതരണം

ചെയ്തത്. കാവുംമന്ദം ലൂർദ്ദ്മാതാ ചർച്ചിൽ വച്ചുനടന്ന വിതരണം വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ റവ. ഫാ. പോൾകൂട്ടാല ഉദ്ഘാടനം ചെയ്തു. അസോസിയേറ്റ് ഡയറക്ടർ റവ.ഫാ. ജിനോജ് പാലത്തടത്തിൽ, കാവുംമന്ദം ഇടവക വികാരി റവ. ഫാ. ബിജു മാവറ, വെറ്റിനറി ഡോക്ടർ മുഹമ്മദ് കുട്ടി എന്നിവർ സംസാരിച്ചു.

**ജീവസ്**

ജീവസ് ജീവകാരുണ്യ മെഡിക്കൽ പദ്ധതി മാനന്തവാടി രൂപതയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി നടത്തുന്ന പദ്ധതിയാണ്. രൂപതയിൽ 2030 കുടുംബങ്ങൾ ഈ പദ്ധതിയിൽ അംഗത്വമെടുത്തിട്ടുണ്ട്.

നാളിതുവരെ 101 ക്ലയിറുക്കൾ കമ്പനികൾക്ക് നൽകി. അതിൽ 34 ക്ലയിറുക്കൾ പാസായി. ബാക്കിയുള്ളതിന്റെ നടപടികൾ നടന്നുവരുന്നു. ഇതുവരെ 1669001 രൂപ ഇൻഷുറൻസ് പരിരക്ഷയായി ലഭിച്ചു.

**ഫാ. പോൾ കൂട്ടാല**

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

ജൈവകാർഷിക മേഖലയ്ക്ക് ഉണർവ്വേകികൊണ്ട് ബയോവിൻ അഗ്രോ റിസർച്ചിന്റെ ജൈവ കൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി ജൂൺ മാസത്തിലും മികവുറ്റ പ്രവർത്തനങ്ങൾ കാഴ്ചവച്ചു.

**പരിസ്ഥിതി ദിനം ആചരിച്ചു**

കാമ്പസിൽ വൃക്ഷത്തൈ നട്ടുകൊണ്ട് ബയോവിൻ അഗ്രോ റിസേർച്ചിൽ ജൂൺ 5ന് പരിസ്ഥിതിദിനം ആചരിച്ചു. ബയോവിൻ ചെയർമാൻ അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ പരിസ്ഥിതിദിന സന്ദേശം നൽകി. റവ. ഫാ. ബിനു പൈനുങ്കൽ, ശ്രീ. ഷാജി ജോസ്, ശ്രീ. വിനീഷ് മാത്യു, ഫീൽഡ് കോർഡിനേറ്റർമാർ തുടങ്ങി സ്റ്റാഫ് അംഗങ്ങൾ പങ്കാളി കളായി.

**പുതിയ അംഗങ്ങൾ**

ബയോവിൻ അഗ്രോ റിസേർച്ചിലേയ്ക്ക് ശ്രീ. മിഥുൻ മോഹൻ (അഗ്രികൾച്ചറൽ എക്സ്റ്റഷൻ ഓഫീസർ) ശ്രീ. ഡെൽവിൻ ജോയ് (പ്ലാന്റ് മാനേജർ), ശ്രീ. തേജസ് (പ്രൊഡക്ഷൻ മാനേജർ), ശ്രീമതി ജിൻസി (റീജിണൽ ഫീൽഡ് കോർഡിനേറ്റർ ബയോ മുട്ടിൽ ICS), ശ്രീ. സൂരജ് (റീജിണൽ ഫീൽഡ് കോർഡിനേറ്റർ, WSSS നെല്ലാക്കോട്ട ICS) കുമാരി അനുഷ (ഫീൽഡ്. കോർഡിനേറ്റർ, സുഗന്ധഗിരി), നിതിൻ പാലമറ്റം (ക്വാളിറ്റി ട്രെയിനി) എന്നിവർ പുതിയ അംഗങ്ങളായെത്തു കയും ബയോവിനിൽ നിന്നും പിരിഞ്ഞു പോകുന്ന WSSS നെല്ലാക്കോട്ട ICS കോർഡിനേറ്റർ ആയിരുന്ന ശ്രീ. റോയ്സൺ, ക്വാളിറ്റി കൺട്രോൾ മാനേജർ ആയിരുന്ന കുമാരി നിഷിത എന്നിവർക്ക് യാത്രയയപ്പ് നൽകു കയും ചെയ്തു.

**കർഷകബന്ധു അവാർഡ് 2019**

മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന വോഫെയിലെ റീജിണൽ ഫീൽഡ് കോർഡിനേറ്റർക്കുള്ള പ്രഥമ പുരസ്ക്കാരത്തിന് WSSS അമ്പലവയൽ ICS റീജിണൽകോർഡിനേറ്ററായ ശ്രീ. എൽദോ എ. കെ. അതിരംപുഴയിൽ അർഹനായി. 25000 രൂപയും പ്രശസ്തി പത്രവു മാണ് അവാർഡ്. ശ്രീ. എൽദോ കഴിഞ്ഞ പതിനാലുവർഷങ്ങളായി ജൈവ സാക്ഷ്യപത്ര ലഭ്യതാ പദ്ധതിയിൽ സേവനം കാഴ്ചവയ്ക്കുന്നു. പുരസ്ക്കാരം വൊഫ വാർഷിക പൊതുയോഗത്തിൽ വച്ച് മാനന്തവാടി

നഗരസഭ ചെയർപേഴ്സൺ ശ്രീ. വി. ആർ പ്രവീജ് ശ്രീ. എൽദോയ്ക്ക് സമ്മാനിച്ചു.

**ജൈവ സാക്ഷ്യപത്രം പുതുക്കൽ**

കഫെയിൽ അംഗങ്ങളായിരുന്ന കർഷകരുടെ ജൈവസാക്ഷ്യ പത്രം പുതുക്കുന്നതിനുള്ള നടപടികൾ ICS കോർഡിനേറ്ററുടെ നേതൃത്വ ത്തിൽ നടന്നുവരുന്നു.

**ജൈവകൃഷി– ശാസ്ത്രീയരീതിയിൽ:** പരിശീലനശിബിരങ്ങൾ

കർഷകരെ ജൈവകൃഷിരീതിയുമായി ആഭിമുഖ്യമുള്ളവരാക്കു വാനും ജൈവവളങ്ങൾ ശാസ്ത്രീയരീതിയിൽ ഉണ്ടാക്കി കൃഷിയിട ങ്ങളിൽ ഉപയോഗിക്കാൻ പ്രാപ്തരാക്കുന്നതിനുമായി ബയോവിന്റെ ആഭിമുഖ്യത്തിൽ പഴൂർ, തോമാട്ടുചാൽ, കല്ലോടി, മഞ്ഞപ്പാറ, മക്കി യാട്, പയ്യമ്പള്ളി, പടിഞ്ഞാറത്തറ, ശിശുമല തുടങ്ങിയ സ്ഥലങ്ങളിൽ സെമിനാറുകൾ സംഘടിപ്പിക്കുകയും അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ ഓഫീസർ കുമാരി ലീമ ICS കോഡിനേറ്റർ ശ്രീ. സെബാസ്റ്റ്യൻ പി.ജെ. എന്നിവർ ക്ലാസ്സുകൾ നയിക്കുകയും ചെയ്തു. സെമിനാറുകൾക്കൊടു വിൽ ജീവാമൃതം നിർമ്മിക്കുന്നതിനായി കർഷകർക്ക് പ്രായോഗിക പരി ശീലനവും നൽകി. സെമിനാറുകളിൽ ബയോവിൻ അസ്സോസിയേറ്റ് ഡയറക്ടർ റവ. ഫാ. ബിനു പൈനുങ്കൽ, പ്രൊക്യൂർമെന്റ് മാനേജർ ശ്രീ. ഷാജി ജോസ് എന്നിവർ പങ്കെടുത്തു.

**കർഷക ഗ്രൂപ്പ് മീറ്റിംങ്ങുകൾ**

ചെറു കർഷക സംഘങ്ങളുടെ ശാക്തീകരണം ലക്ഷ്യമിട്ട് 184 ഗ്രൂപ്പുകൾ വിവിധ മേഖലകളിലായി ഒത്തുചേരുകയും യോഗങ്ങളിൽ റീജിണൽ കോർഡിനേറ്റർമാർ, അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ ഓഫീസർ എന്നിവർ പങ്കെടുക്കുകയും കർഷക ഭവനങ്ങളും കൃഷി യിടങ്ങളും സന്ദർശിക്കുകയും ചെയ്തു.

**പുതിയ അംഗത്വം**

പുതിയ വർഷം കർഷകരെ ജൈവകൃഷി രീതിയിലേയ്ക്ക് കൊണ്ടുവരിക എന്ന ഉദ്ദേശ്യത്തോട് കൂടി വിവിധ റീജിയനുകളിൽ നിന്നും 223 കർഷകരെ പദ്ധതിയിൽ ഉൾപ്പെടുത്തി. ഇതുവരെ പദ്ധതി യിൽ അംഗങ്ങളായ മുഴുവൻ കർഷകരേയും വിവിധ ICS കളുടെ ഭാഗ മാക്കി സാക്ഷ്യപത്രം ലഭ്യമാക്കുവാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. ജൂലൈ മാസത്തിൽ നടക്കുന്ന സർട്ടിഫിക്കേഷൻ ഏജൻസിയുടെ പരി ശോധനയോടെ മുഴുവൻ കർഷകരും സർട്ടിഫിക്കേഷനിൽ ഉൾപ്പെടും.

**വോഫ പതിനൊന്നാമത് വാർഷിക പൊതുയോഗം**

WSSS ഓർഗാനിക് ഫാർമേഴ്സ് ഫെയർട്രേഡ് അസോസ്സിയേ

ഷൻ (വൊഫ) 2018–19 വർഷത്തെ വാർഷിക പൊതുയോഗം 2019 ജൂൺ മാസം 21–ന് WSSS ഓഡിറ്റോറിയത്തിൽ വച്ച് ചേർന്നു. വോഫ ചെയർമാൻ അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ അധ്യക്ഷത വഹിച്ച യോഗം മാനന്തവാടി നഗരസഭ ചെയർമാൻ ശ്രീ. വി. ആർ പ്രവീജ് നിലവിളക്ക് കൊളുത്തി ഉദ്ഘാടനം ചെയ്തു. വോഫ എക്സിക്യൂട്ടീവ് അംഗം റവ. ഫാ. പോൾ കൂട്ടാല ചടങ്ങിന് സ്വാഗതമാശംസിച്ചു. ബയോവിൻ അസ്സോസ്സിയേറ്റ് ഡയറക്ടർ റവ. ഫാ. ബിനു പൈനുങ്കൽ ആശംസകളർപ്പിച്ചു. വോഫെയുടെ 2018–19 വർഷത്തെ പ്രവർത്തന റിപ്പോർട്ട്, വരവ്–ചെലവ് കണക്ക് എന്നിവ വൊഫ സെക്രട്ടറി ശ്രീ. ജോയ് പരിയാരത്ത് അവതരിപ്പിച്ചു. 2019–20 വർഷത്തെ ബജറ്റ് എന്നിവ FTDP വൊഫ ചെയർമാൻ ഫാ. ജോൺ ചൂരപ്പുഴയിൽ അവതരിപ്പിക്കുകയും യോഗം അംഗീകരിക്കുകയും ചെയ്തു. വോഫയിൽ നിന്നും നൽകുന്ന ഭവന നിർമ്മാണ പുന:രുദ്ധാരണ സഹായം, ചികിത്സ സഹായം, മികച്ച ഗ്രൂപ്പിനുള്ള (VFC) ഗ്രാന്റ് എന്നിവയ്ക്കുള്ള മാനദണ്ഡങ്ങൾ തീരുമാനിക്കുകയും ചെയ്തു. വോഫയിൽ പുതുതായി അംഗത്വമെടുത്ത 1806 കർഷകരുടെ അംഗത്വം യോഗം അംഗീകരിച്ചു. വൊഫ വൈസ് ചെയർമാൻ ശ്രീ. ചാക്കോ ചെറുപ്ലാവിന്റെ നന്ദിയോടെ യോഗം പിരിഞ്ഞു.

**കഫെ നാലാമത് വാർഷിക പൊതുയോഗം**

2019 ജൂൺ മാസം 22ന് മാനന്തവാടി WSSS ഓഡിറ്റോറിയത്തിൽ വച്ച് 2018–19 വർഷത്തെ കഫെ വാർഷിക പൊതുയോഗം നടത്തപ്പെട്ടു. ബയോവിൻ അസ്സോസ്സിയേറ്റ് ഡയറക്ടർ റവ. ഫാ. ബിനു പൈനുങ്കൽ ഉദ്ഘാടനം ചെയ്ത യോഗത്തിൽ കഫെ സെക്രട്ടറി ശ്രീ. പി. എ. ജോസ് സ്വാഗതമാശംസിക്കുകയും വൈ. ചെയർമാൻ ശ്രീ. ചന്തു എം.എം. അധ്യക്ഷത വഹിക്കുകയും ചെയ്തു. കഫെ ഉപദേഷ്ടാവ് അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ മുഖ്യപ്രഭാഷണം നടത്തി. തുടർന്ന് സെക്രട്ടറി സംഘടനയുടെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. കഫേ ട്രഷറി ശ്രീ. പി.എ. തോമസ് യോഗത്തിന് നന്ദി അർപ്പിച്ചു.

**സംഭരണം**

ഓർഗാനിക് സ്റ്റാറ്റസിൽ എത്തിയ വോഫയിൽ അംഗങ്ങളായ കർഷകരിൽ നിന്നും മെയ് മാസം ഉണക്കകാപ്പി കിലോയ്ക്ക് 88 രൂപ നിരക്കിൽ 36770 കിലോയും, ഞാലിപ്പൂവൻ വാഴക്കുല കിലോയ്ക്ക് 40 രൂപ നിരക്കിൽ 6401 കിലോയും, ചക്ക ഒന്നിന് 35 രൂപ നിരക്കിലും, മാങ്ങ കിലോ 20 രൂപ നിരക്കിൽ 700 കിലോയും, മുരിങ്ങ ഇല കിലോ 20 രൂപ നിരക്കിൽ 2170 കിലോയും, കുരുമുളക് കിലോയ്ക്ക് 410 രൂപ

നിരക്കിൽ 5100 കിലോയും സംഭരിച്ചു. പദ്ധതിയിൽ അംഗങ്ങളായ ഒന്ന്, രണ്ട്, മൂന്ന്, വർഷക്കാരിൽ നിന്നും കഫെയിൽ അംഗങ്ങളായ കർഷകരിൽ നിന്നുമായി 31000 കിലോ ഉണക്ക കാപ്പി കിലോഗ്രാമിന് 76 രൂപ നിരക്കിൽ സംഭരിച്ചു.

**ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ (സംസ്കരണം)**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പ്പന്നങ്ങളിൽ മൂല്യ വർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുക വഴി കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ മെയ് മാസത്തിലും കാപ്പി, മഞ്ഞൾ, കുരുമുളക്, വാഴപ്പഴം, മാങ്ങ, ചക്ക, മുരിങ്ങ ഇല തുടങ്ങിയവ സംസ്ക്കരിക്കുകയും ഇതിനായി 1030 തൊഴിൽ ദിനങ്ങൾ ഉപയോഗപ്പെടുത്തുകയും ചെയ്തു. മൂല്യ വർദ്ധിത ഉത്പ്പന്നങ്ങൾ ബയോവിൻ വഴി വിദേശ രാജ്യങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴ**
ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

**രൂപതാ എക്സിക്യൂട്ടീവ് യോഗം**

2019 മെയ് 29–ന് രൂപതാ എക്സിക്യൂട്ടീവ് യോഗം പാസ്റ്ററൽ സെന്ററിൽ ചേർന്നു. വയനാട്ടിലെ ജനങ്ങൾ അഭിമുഖീകരിക്കുന്ന വന്യമൃഗ ശല്യത്തിനെതിരെ ശാശ്വതപരിഹാരം ഉണ്ടാകണമെന്ന് ആവശ്യപ്പെട്ട് വയനാട് എം.പി. രാഹുൽ ഗാന്ധിക്ക് നിവേദനം കൊടുക്കുവാൻ രൂപതാ പ്രസിഡണ്ടിനെ യോഗം ചുമതലപ്പെടുത്തി. വയനാട് മെഡിക്കൽ കോളേജ്, രാത്രിയാത്രാനിരോധനം, കാർഷിക പാക്കേജ്, കർഷകരുടെ കടങ്ങൾ എഴുതി തള്ളുക തുടങ്ങിയ ആവശ്യങ്ങൾ കൂടി നിവേദനത്തിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചു.

എക്സിക്യൂട്ടീവ് യോഗതീരുമാനപ്രകാരം രാഹുൽ ഗാന്ധിയുടെ വയനാട് സന്ദർശനസമയത്ത് നേരിൽ കണ്ട് നിവേദനം സമർപ്പിച്ചു. രൂപതാ പ്രസിഡണ്ട് ഡോ. കെ. പി. സാജു ജെയിംസ് മറ്റത്തിൽ തുടങ്ങിയവർ നേതൃത്വം നല്കി.

**രൂപതാ പ്രവർത്തകസമിതി യോഗം മരകാവിൽ**

രൂപതാ പ്രവർത്തകസമിതിയോഗം 2019 ജൂൺ 16 ന് മരകാവ് ഇടവകയിൽ വച്ച് ചേരുകയുണ്ടായി. മരകാവ് ഇടവക വികാരി റവ. ഫാ. വിൻസെന്റ് പുതുശ്ശേരി ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ റവ.ഫാ. ആന്റോ മമ്പള്ളി മുഖ്യ പ്രഭാഷണം നടത്തി. ഡോ. കെ. പി. സാജു അധ്യക്ഷത വഹിച്ചു. രൂപതാ ജനറൽ സെക്രട്ടറി വർക്കി നിരപ്പേൽ വിഷയാവതരണം നടത്തി. കത്തോലിക്കാ കോൺഗ്രസിന്റെ പ്രവർത്തനങ്ങൾ സജീവമാക്കുന്നതിന്റെ ഭാഗമായി ഫൊറോനാ ടീം രൂപീകരിക്കുന്നതിനായി ഫൊറോനാ പ്രതിനിധികളുടെ യോഗം എത്രയും അടുത്ത നാളുകളിലായി കൂടുവാൻ തീരുമാനിച്ചു. ആദ്യ യോഗം മാനന്തവാടി ഫൊറോനയിൽ കത്തീഡ്രൽ പാരീഷ് ഹാളിൽ ചേരുന്നതിനു തീരുമാനിച്ചു. നേതൃത്വം നല്കുന്നതിനായി രൂപതാ പ്രവർത്തകസമിതി അംഗങ്ങളായ ജോസ് കുറുമ്പാലക്കാട്ട്, മോളി കരിമ്പനാക്കുഴി എന്നിവരെ ചുമതലപ്പെടുത്തി. യൂണിറ്റ്തല ശാക്തീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും തീരുമാനിച്ചു. അതിനായി പ്രവർത്തകസമിതി അംഗങ്ങളെ ഫൊറോനാതല ഉത്തരവാദിത്വങ്ങൾ ഏല്പ്പിച്ചു. മുള്ളൻകൊല്ലി ഫൊറോനാ സെക്രട്ടറി ശ്രീ. ജോർജ്ജ് കൊല്ലിയിൽ ഏവർക്കും നന്ദി അറിയിച്ചു സംസാരിച്ചു.

**മേഖലാ ഡയറക്ടർമാർ**

ചുങ്കക്കുന്ന് - ഫാ. ബാബു മാപ്ലശ്ശേരി
ദ്വാരക - ഫാ. ജോസ് തേക്കനാടി
കല്ലോടി - ഫാ. ബാബു കക്കാട്ടിക്കാലായിൽ
കല്പ്പറ്റ - ഫാ. സന്തോഷ് കിഴക്കൻപുതുപ്പള്ളി
മാനന്തവാടി - ഫാ. തോമസ് കുറ്റിക്കാട്ടുക്കുന്നേൽ
മണിമൂളി - ഫാ. സെബാസ്റ്റ്യൻ കീഴേത്ത്
മുള്ളൻകൊല്ലി - ഫാ. ജെയ്സ് പൂതക്കുഴി
നടവയൽ - ഫാ. ജിമ്മി മൂലയിൽ
നിലമ്പൂർ - ഫാ. ഡൊമിനിക് വളകുടിയിൽ
നീലഗിരി - ഫാ. മാത്യു പെരിയപ്പുറം
പയ്യമ്പള്ളി - ഫാ. ജോണി കല്ലുപുര
ബത്തേരി - ഫാ. സെബാസ്റ്റ്യൻ ഉണ്ണിപ്പിള്ളി
തരിയോട് - ഫാ. അലക്സ് കളപ്പുര

മുൻകാലങ്ങളിൽ കത്തോലിക്കാ കോൺഗ്രസിന് മേഖലാതലത്തിൽ നേതൃത്വം നല്കിയ ബഹു. വൈദീകർക്ക് രൂപതാ സമിതിയുടെ നന്ദിയും പുതിയതായി ഉത്തരവാദിത്വം ഏറ്റെടുത്ത മേഖലാ ഡയറക്ടർമാർക്ക് അഭിനന്ദനങ്ങളും വിജയാശംസകളും നേരുന്നു.

**AKCC (ഓൾ കേരള കാത്തലിക് കോൺഗ്രസ്)യുടെ മാനന്തവാടി മേഖല കമ്മറ്റിയുടെ പ്രവർത്തനം ആരംഭിച്ചു.**

30-6-2019ന് AKCC മാനന്തവാടി രൂപത പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ കത്തീഡ്രൽ പാരീഷ് ഹാളിൽ ചേർന്ന യോഗത്തിൽ ഫൊറോനയിലെ മുഴുവൻ ഇടവകകളിൽ നിന്നും 59-ഓളം പേർ പങ്കെടുത്തു. സംഘടനയുടെ ഉദ്ദേശ ലക്ഷ്യങ്ങളെക്കുറിച്ച് രൂപതാ ഡയറക്ടർ റവ. ഫാ. ആന്റോ മമ്പള്ളി വിവരിക്കുകയുണ്ടായി. വർത്തമാനകാലഘട്ടത്തിൽ സംഘടനയുടെ അനിവാര്യതയെക്കുറിച്ച് രൂപതാ പ്രസിഡണ്ട് ഓർമ്മിപ്പിച്ചു. ഫൊറോന വികാരി റവ. ഫാ. പോൾ മുണ്ടോളിക്കലിന്റെ ഉദ്ഘാടന പ്രസംഗത്തിൽ സമുദായത്തിന്റെ ഐക്യത്തിനും പുരോഗതിയ്ക്കും ശാക്തീകരണത്തിനുംവേണ്ടി സംഘടന പ്രവർത്തിക്കണമെന്ന് ആഹ്വാനം ചെയ്തു. തുടർന്ന് സംസാരിച്ച രൂപതാ സെക്രട്ടറി ശ്രീ. വർക്കി നിരപ്പേൽ സാർ ഏതെല്ലാം മേഖലകളിൽ സംഘടനയ്ക്ക് ഇടപെടാമെന്നും അങ്ങനെ സമുദായത്തിന്റെ ക്ഷേമത്തിനായി പ്രവർത്തിക്കണമെന്നും പറയുകയുണ്ടായി. പിന്നീട് മേഖലാ ഡയറക്ടർ റവ. ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേലച്ചന്റെ മുഖ്യപ്രഭാക്ഷണത്തിൽ മനുഷ്യനും

മനുഷ്യനും, മനുഷ്യനും പ്രകൃതിയും തമ്മിൽ നിരന്തര സംഘർഷം നിറഞ്ഞ ഈ കാലത്ത് "സത്യം, നീതി, ഉപവി" എന്നീ മുദ്രാവാക്യമുയർത്തി സമുദായത്തിനും സമൂഹത്തിനും, രാഷ്ട്രത്തിനും നന്മ ചെയ്ത് വളരാൻ AKCC സഹായകകരമാണെന്നും വിവിധങ്ങളായ പ്രശ്നങ്ങളിൽ സംഘടന ഇടപെട്ട് പരിഹാരമാർഗ്ഗങ്ങൾക്കുവേണ്ടി പരിശ്രമിക്കണമെന്നും ഉദ്ബോധിപ്പിച്ചു. പിന്നീട് യോഗത്തിലെത്തിയ മുഴുവൻ അംഗങ്ങളും പരിചയപ്പെടുകയും മേഖലാ കൗൺസിൽ അംഗങ്ങളേയും ഭാരവാഹികളേയും തിരഞ്ഞെടുക്കുകയും ചെയ്തു.

**മാനന്തവാടി മേഖലാ ഭാരവാഹികൾ**

റവ.ഫാ.തോമസ് കുറ്റിക്കാട്ടുക്കുന്നേൽ Phone: 9447347565 (ഡയറക്ടർ)
ശ്രീ. കുര്യാക്കോസ് ആനിമൂട്ടിൽ Phone: 9961964696 (പ്രസിഡണ്ട്)
ശ്രീമതി അഡ്വ. ഗ്ലാഡീസ് ചെറിയാൻ Phone: 9495787808 (വൈസ്പ്രസിഡണ്ട്)
ശ്രീ. ജോണി പീക്കുന്നേൽ Phone: 8589952172 (സെക്രട്ടറി)
ശ്രീ. ഷീന ആന്റണി മുണ്ടാടൻ Phone: 9562464134 (ജോ. സെക്രട്ടറി)
ശ്രീ. ഷാജി വള്ളിക്കാവുങ്കൽ Phone: 9349953435 (ട്രഷറർ)

**കൗൺസിൽ അംഗങ്ങൾ**

1. ജോയി ആലയ്ക്കാത്തടത്തിൽ - 9447336603
2. ഒ.എം. ബാബു ഓലിയക്കൽ - 9744696842
3. ജോൺ കൊമ്പിക്കര - 9605239645
4. റോയി ജോൺ താഴത്തേൽ - 9447863404
5. ഷിനോ മാളികതടത്തിൽ - 9744271434
6. ജോയിക്കുട്ടി തുള്ളക്കുളത്തിൽ - 9496053362
7. ഷാജി മൂഴിയാങ്കൽ - 9947409353
8. ബാബു കുമ്പളപ്പള്ളി - 9747117669
9. കുര്യാക്കോസ് ഏറത്ത് - 9744667252
10. ജോസ് വട്ടക്കുന്നേൽ - 8157022928
11. ബേബി കുറുമുട്ടത്ത് - 9497395171
12. ഷൈജു കൊച്ചുപറമ്പിൽ - 9656953677
13. സജി കാട്ടാംകോട്ടിൽ - 9656501134

3-7-19 ന് മാനന്തവാടി കത്തിഡ്രൽ പാരീഷ്ഹാളിൽ ചേർന്ന AKCC യുടെ മാനന്തവാടി മേഖലാ കൗൺസിൽ യോഗത്തിൽ പ്രസിഡണ്ട് ശ്രീ. കുര്യാക്കോസ് ആനിമൂട്ടിൽ അദ്ധ്യക്ഷത വഹിച്ചു. തുടർന്ന് രൂപതാ ഡയറക്ടർ റവ. ഫാ. ആന്റോ മമ്പള്ളി പ്രവർത്തന മാർഗ്ഗരേഖ

പ്രകാശനം ചെയ്തു. പിന്നീട് മേഖലാ ഡയറക്ടർ റവ. ഫാ. തോമസ് കുറ്റിക്കാട്ടുക്കുന്നേൽ പ്രവർത്തനമാർഗ്ഗരേഖ വിശദീകരണത്തിൽ കാർഷിക, സാമൂഹ്യക്ഷേമ, വിദ്യാഭ്യാസം - തൊഴിൽ സമുദായ സംരക്ഷണം, ശാക്തീകരണം, കൂട്ടായ്മ എന്നീ മേഖലകളായി തിരിച്ച് പ്രസ്തുത മേഖലകളിലെ പ്രശ്നങ്ങളിൽ ഇടപെട്ട് പരിഹാരം ഉണ്ടാക്കുവാനും നിർദ്ദേശിക്കുവാനും സംഘടനാപ്രവർത്തകരോട് ആഹ്വാനം ചെയ്തു.

ജൂലൈ മാസം അംഗത്വമാസമായി ആചരിക്കുവാനും എല്ലാ ഇടവകകളിലും AKCC യൂണിറ്റുകൾ രൂപീകരിക്കുവാനും തീരുമാനമായി.

**വർക്കി നിരപ്പേൽ**
രൂപതാ ജനറൽ സെക്രട്ടറി

**ആസ്പിരേഷണൽ ഡിസ്ട്രിക്റ്റ് പദ്ധതി**

ജില്ലാ ആസൂത്രണ സമിതി ഭവനിൽ വെച്ച് ജൂലൈ 8-ന് നടത്തിയ ആസ്പിരേഷണൽ ഡിസ്ട്രിക്റ്റ്പദ്ധതി അവലോകന യോഗത്തിൽ സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പിള്ളി പങ്കെടുക്കുകയും റേഡിയോമാറ്റൊലിയുടെ പ്രൊജക്ട് അവതരിപ്പിക്കുകയും ചെയ്തു. ആദിവാസി സാക്ഷരതാ പദ്ധതി രണ്ടാംഘട്ടം നടത്തിപ്പുമായി ബന്ധപ്പെട്ട യോഗത്തിൽ റേഡിയോമാറ്റൊലി സ്റ്റേഷൻ ഡയറക്ടർ റവ.ഫാ. ബിജോ കറുകപ്പിള്ളി പങ്കെടുക്കുകയും സംസ്ഥാന സാക്ഷരതാ മിഷൻ അസിസ്റ്റന്റ് ഡയറക്ടർ അയ്യപ്പൻ നായരുമായി കൂടിക്കാഴ്ച്ച നടത്തുകയും ചെയ്തു.

**EWTN Global Catholic Network**

റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പിള്ളി അമേരിക്കയിലെ അലബാമയിൽ പ്രവർത്തിക്കുന്ന Global Catholic Network Bb Eternal World Television Network ആസ്ഥാനം സന്ദർശിക്കുകയും മാനേജ്മെന്റുമായി ചർച്ചനടത്തുകയും ചെയ്തു.

**ഗ്രാമമാറ്റൊലി**

വെള്ളമുണ്ട പഞ്ചായത്തിലെ 7/4 ൽ ഗ്രാമമാറ്റൊലി സംഘടിപ്പിച്ചു. പ്രോഗ്രാം ഡയറക്ടർ ഫാ. ജസ്റ്റിൻ മാത്യു, റെനീഷ് ജോർജ്ജ്, ഗ്രീഷ്മ മന്മഥൻ എന്നിവർ നേതൃത്വം നല്കി.

**സന്ദർശനം**

മേഘാലയിൽ നിന്നും കർഷകരുടെ സംഘം ജൂൺ 26-ന് റേഡിയോ മാറ്റൊലി സന്ദർശിച്ചു. കമ്മ്യൂണിറ്റി റേഡിയോയുടെ പ്രവർത്തനങ്ങളെക്കുറിച്ച് പഠിക്കുന്നതിന് ഇടവക വൈദികരായ ഫാ. ജോയ്, ഫാ. സാബു, ഫാ. വിൽസൺ എന്നിവർ ഫാ. സെബാസ്റ്റ്യൻ പുത്തേനോടൊപ്പം റേഡിയോ മാറ്റൊലി സന്ദർശിച്ചു.

**ഇന്റേൺഷിപ്പ്**

മൈസൂർ സെന്റ് ഫിലോമിനാസ് കോളേജ് എം.സി.ജെ വിദ്യാർത്ഥി അമൽ ജോയ് ഒരു മാസത്തെ ഇന്റേൺഷിപ്പ് പൂർത്തിയാക്കി.

**റേഡിയോ പ്രക്ഷേപണങ്ങളിലൂടെ**

തത്സമയ ഫോൺ ഇൻ: ജീവിതമാകട്ടെ നമ്മുടെ ലഹരി എന്ന

വിഷയത്തിൽ ജൂൺ 26-ന് തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. മാനന്തവാടി എക്സൈസ് റേഞ്ച് ഇൻസ്പെക്ടർ ടി. ഷറഫുദ്ദീൻ ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നല്കി.

ജൂൺ 21 ലോകസംഗീത ദിനത്തോടനുബന്ധിച്ച് പ്രത്യേക സല്ലാപം ലൈവ് ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. ജില്ലാ ആശുപത്രിയിൽ ഏർപ്പെടുത്തിയിരിക്കുന്ന അത്യാധൂനിക സേവനങ്ങളും ചികിത്സാ രീതികളും എന്ന വിഷയത്തിൽ ജൂലായ് 9-ന് തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. ജില്ലാ ആശുപത്രി സൂപ്രണ്ട് ഡോ. വി. ജിതേഷ് ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നല്കി. ജൂലായ് 19- ന് കർക്കിടകം ആരോഗ്യസംരക്ഷണം ആയുർവ്വേദത്തിലൂടെ എന്ന വിഷയത്തിൽ തത്സമയ ഫോൺ ഇൻ പരിപാടിസംഘടിപ്പിച്ചു. മാനന്തവാടി പ്രാണ ആയുർവ്വേദിക്സിലെ ഡോ. ലിഷിത സുജിത് ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നല്കി.

**ആശാകിരണം**

റേഡിയോമാറ്റൊലി പ്രക്ഷേപണം ചെയ്യുന്ന പുതിയ ആരോഗ്യ ബോധവത്കരണ പരിപാടി ആശാകിരണം എന്ന പേരിൽ ആരംഭിച്ചു. ക്യാൻസർ വരാതെ എങ്ങനെ സൂക്ഷിക്കാം പ്രോസ്റ്റേറ്റ് ഗ്രന്ഥിയിലെ ക്യാൻസർ കാരണങ്ങൾ, ലക്ഷണങ്ങൾ, പ്രതിവിധികൾ എന്നീ വിഷയത്തിൽ ചീരാൽ ആരോഗ്യ ഹോമിയോപ്പതി സ്പെഷ്യാലിറ്റി ക്ളിനിക്കിലെ ഡോ. അരുൺ കുമാർ, സ്തനാർബുദം എന്നാലെന്ത് എങ്ങിനെ തിരിച്ചറിയാം എന്ന വിഷയത്തിൽ ചീരാൽ ആരോഗ്യ ഹോമിയോപ്പതി സ്പെഷ്യാലിറ്റി ക്ളിനിക്കിലെ ഫിസിഷ്യൻ ഡോ. ശ്രുതി എന്നിവർ വിവരങ്ങൾ പങ്കുവെച്ചു.

**കാലികം**

വെള്ളമുണ്ട അൽകറാമ ഡയാലിസ് സെന്റർ, കുടുംബശ്രീ അഗ്രോ ഫെസ്റ്റ് ഞാറ്റുവേല, നൂല്പ്പുഴ പഞ്ചായത്തിലെ മാലിന്യസംസ്കരണം, കല്പറ്റ മണിയങ്കോട് ഗ്രീൻ ഗോൾഡ് കാപ്പി സംസ് കരണയൂണീറ്റ്, സ് പെഷ്യൽ സ് കൂളുകളുടെ പ്രവർത്തനങ്ങൾ, എടത്തന കുറിച്യതറവാടിന്റെ നാട്ടിയെക്കുറിച്ചുള്ള പരിപാടി, പ്ലാസ്റ്റിക് മാലിന്യസംസ്കരണത്തിനായി എടവകപഞ്ചായത്ത് സ്വീകരിച്ചിരിക്കുന്ന നൂതന മാർഗ്ഗങ്ങൾ, ദേശീയ മത്സ്യകർഷകദിനം, മാനന്തവാടി ഗവ. കോളേജ് അക്കാദമിക്ബ്ളോക്ക് ഉദ്ഘാടനം, കൽപ്പറ്റ നഗരസഭ സജ്ജമാക്കിയ ഫീക്കൽ സ്ലഡ്ജ് ട്രീറ്റ്മെന്റ് പ്ലാന്റ്, തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിലെ കാർഷിക കർമസേന, ജില്ലാപഞ്ചായത്ത് നടപ്പിലാക്കുന്ന ജലബഡ്ജറ്റ്, മേപ്പാടി ഗ്രാമപഞ്ചായത്ത് നടപ്പിലാക്കുന്ന പ്രീമിയർ സ്കിൽസ് ഫുട്ബോൾ

പരിശീലനം, മൈക്രോഫിനാൻസ് രംഗത്ത് മികച്ച പ്രവർത്തനം കാഴ്ച്ച വെക്കുന്ന കുടുംബശ്രീ സി. ഡി. എസിനുള്ള സംസ്ഥാന അവാർഡ് നേടിയ പൂതാടി സി. ഡി. എസ് എന്നിവ കാലികത്തിൽ പ്രക്ഷേപണം ചെയ്തു.

**ശ്രുതിലയതാളം**

പഴയകാല സിനിമാഗാനങ്ങളെയും ചരിത്രവും പരിചപ്പെടുത്തുന്ന പുതിയ പരിപാടി ആണ് ശ്രുതിലയതാളം.

**നേരും പൊരുളും**

മഴക്കാലരോഗങ്ങളും ജാഗ്രതയും, ഇന്ത്യയുടെ ബഹിരാകാശ നേട്ട ങ്ങൾ, കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക്, വായനയുടെ പ്രാധാന്യം, പകർച്ച വ്യാധിനിയന്ത്രണം, ജലക്ഷാമം നേരിടാൻ പുതിയ വഴികൾ, വൈദ്യുതി നിരക്ക് വർദ്ധനവ്, സ്കൂൾ വാഹനങ്ങളിൽ സ്വീകരിക്കേണ്ട മുൻകരുതലുകൾ എന്നീ വിഷയങ്ങൾ നേരും പൊരുളും ചർച്ച ചെയ്തു.

**പാനൽ ചർച്ച**

കുരുന്ന് ബാല്യങ്ങൾ വിടരട്ടെ എന്ന പേരിൽ പാനൽ ചർച്ച സംഘ ടിപ്പിച്ചു. ചൈൽഡ് ലൈൻ ജില്ലാ പ്രൊജക്ട് ഡയറ്ക്ടർ ദിനേശൻ സി.കെ, കേരള ലേബർ മൂവ്മെന്റ് സംസ്ഥാന പ്രസിഡന്റ് സെബാസ്റ്റ്യൻ പാലംപറമ്പിൽ ജില്ലാ ലേബർ ഓഫീസർ പി. പി സന്തോഷ് കുമാർ, ബച്ച്പൻ ബചാവോ ആന്തോളൻ സ്റ്റേറ്റ് കോർഡി നേറ്റർ പ്രസ്റിൻ കെ. ജില്ലാ ശിശുസംരക്ഷണ ഓഫീസർ മനിത മൈത്രി ചൈൽഡ് റെസ്ക്യൂ ഓഫീസർ സ്റ്റെഫി എന്നിവർ ചർച്ചയിൽ പങ്കെടുത്തു. റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി മോഡറേറ്ററായിരുന്നു.

**മനസൗഖ്യ**

കുട്ടികളിലെ പെരുമാറ്റ വൈകല്യങ്ങൾ, ബാധകളുടെ ശാസ്ത്ര വശം, ഷോക്ക്, ചികിത്സ എന്നീ വിഷയങ്ങൾ കല്പറ്റ ജനറൽ ആശുപത്രിയിലെ കൺസൾട്ടന്റ് സൈക്യാട്രിസ്റ്റ് ഡോ.ജോസ്റ്റിൻ ഫ്രാൻസിസ് വിശദീകരിച്ചു.

**അരങ്ങ്**

പ്രണയപൂ എന്ന ആൽബത്തിലെ ഗാനങ്ങളും പാലാ സ്വദേശി സിജിത അനിൽ രചിച്ച ലളിതഗാനങ്ങളും, അഞ്ചുകുന്ന് സ്വദേശികളായ അനിത, ചന്ദ്രൻ എന്നിവർ ആലപിച്ച ഗാനങ്ങൾ അരങ്ങിൽ പ്രക്ഷേ പണം ചെയ്തു.

**ധന്യമീ ജീവിതം**

കമ്മന സ്വദേശികളായ വർഗ്ഗീസ്, വി.വി മത്തായി, പാതിരിച്ചാൽ

കുമപ്പൻ മുണ്ടക്കൽ, ജോസഫ് ചക്കാലക്കുടിയിൽ എന്നിവരുടെ അനുഭവങ്ങൾ ധന്യമീജീവിതം പരിപാടിയിൽ പങ്കുവെച്ചു.

**ജീവിത വളയം:**

7/ 4 സ്വദേശി സനൽ കുമാർ, ഒഴുക്കൻമൂല സ്വദേശി അനൂപ് എന്നീ ഡ്രൈവർമാരുടെ ജീവിതാനുഭവങ്ങൾ പരിപാടിയിൽ പങ്കുവെച്ചു.

**ഓട്ടോറിക്ഷ**

കല്പറ്റ, കൈനാട്ടി, ബത്തേരി, കരണി ഓട്ടോറിക്ഷ സ്റ്റാന്റിലെ ഡ്രൈവർമാരുടെ അനുഭവങ്ങൾ പങ്കുവെച്ചു.

**പൊൻപുലരി**

തരിയോട് പഞ്ചായത്തിലെ ദർശനകുടുംബ ശ്രീയുടെ ഏയ്ഞ്ചൽ പലഹാരയൂണീറ്റ്, പുനർജ്ജനി കുടുംബ ശ്രീയിലെ പുതുമ ജെ. എൽ. ജി ഗ്രൂപ്പിന്റെ മഴമറപച്ചക്കറി കൃഷി , ഉഷസ്സ് കുടുംബ ശ്രീയിലെ അമൃത ജെ. എൽ.ജി ഗ്രൂപ്പിന്റെ പ്രവർത്തനങ്ങൾ, സയനോര കുടുംബശ്രീയിലെ സംഗമം ജെ. എൽ.ജി ഗ്രൂപ്പിന്റെ മഴമറപച്ചക്കറി കൃഷി എന്നീ സംരംഭങ്ങളെ പൊൻപുലരിയിലൂടെ പരിചയപ്പെടുത്തി.

**ജാലകം**

കുടുംബശ്രീ വയനാട് ജില്ലാ മിഷനും, മാനന്തവാടി നഗരസഭയും സംയുക്തമായി മാനന്തവാടിയിൽ സംഘടിപ്പിച്ച താളും തകരയും ഭക്ഷ്യമേളയെക്കുറിച്ചുള്ള റേഡിയോ റിപ്പോർട്ട്.

**ക്ഷീരവാണി**

വാളാട് സ്വദേശി വയലിൽപുളിയാനിക്കൽ സെബാസ്റ്റ്യൻ, പഴേരി സ്വദേശി അബു എന്നിവർ ക്ഷീരമേഖലയിലെ അനുഭവങ്ങൾ പങ്കുവെച്ചു.

**വയൽനാട്**

വെള്ളമുണ്ട സ്വദേശി ജയപ്രകാശ് എന്ന കർഷകന്റെ കൃഷി അനുഭവങ്ങൾ പങ്കുവെച്ചു.

**മയിൽപ്പീലി**

ആലുങ്കൽത്താഴെ, കമ്മന എന്നീ അംഗൻവാടികളിലെ കൊച്ചുകൂട്ടുകാരുടെ വിവിധ പരിപാടികൾ പങ്കുവെച്ചു.

**ഹോമിയോകെയർ**

മൈഗ്രേൻ കാരണങ്ങളും പ്രതിവിധികളും എന്ന വിഷയത്തിൽ ചീരാൽആരോഗ്യ ഹോമിയോപ്പതി സ്പെഷ്യലിറ്റി ക്ലിനിക്കിലെ ഡോ. അരുൺകുമാർ വിവരങ്ങൾ പങ്കുവെച്ചു.

**കുടുംബവേദി**

ദൈവത്തിന് തെറ്റുപറ്റുകയില്ല, സമ്മർദ്ദങ്ങൾ അകറ്റാം ആരോഗ്യം നേടാം, കുട്ടിക്കാലം ആരോഗ്യകരമാകട്ടെ എന്നീ വിഷയങ്ങൾ കുടുംബവേദിചർച്ച ചെയ്തു.

**സ്മരണാഞ്ജലി**

വൈക്കം മുഹമ്മദ് ബഷീറിനെ അനുസ്മരിച്ചു.

**മാറ്റൊലി ടാക്കീസ്**

കായംകുളം കൊച്ചുണ്ണി, വടക്കുനോക്കിയന്ത്രം, മീശമാധവൻ എന്നീ സിനിമകൾ പ്രക്ഷേപണം ചെയ്തു.

**ചിത്രവിശേഷം**

ഉണ്ട, വിജയ് സൂപ്പറും പൗർണമിയും, തമാശ, സത്യം പറഞ്ഞാൽ വിശ്വസിക്കുമോ.

**ആയുർകെയർ**

വെരിക്കോസ് വെയ്നിനേക്കുറിച്ച് മാനന്തവാടി പ്രാണ ആയുർവേദിക്സിലെ ഫിസിഷ്യൻ ഡോ. ലിഷിത സുജിത്, ആമവാതവും ആയുർവേദവും എന്ന വിഷയത്തിൽ സുൽത്താൻ ബത്തേരി സെന്റ് പോൾസ് ആയുർവേദിക്സിലെ ഡോ. അനർഘ എന്നിവർ വിവരങ്ങൾ പങ്കുവെച്ചു.

**എഴുത്തരങ്ങ്**

അനിയൻ, അമ്മ, കനലോർമ്മകൾ, ഹൃദയത്തിലെ ചുവപ്പ്, ഞാനാരാമോൻ, സൂര്യകാന്തി എന്നീ കവിതകളും നക്ഷത്രകണ്ണുള്ള രാജകുമാരി, അലമൊഴുകും സങ്കീർത്തനം, അമ്മച്ചിപ്ലാവ്, അയാൾ എന്നീ കഥകളും ഞാനെന്നകുട്ടി എന്ന ഓർമ്മക്കുറിപ്പും എഴുത്തരങ്ങിൽ പ്രക്ഷേപണം ചെയ്തു.

**പ്രത്യേക പരിപാടികൾ**

ഡ്രീംസ്റ്റു ലോർഡ്സ് : ലോകകപ്പ് ക്രിക്കറ്റിന്റെ പ്രതിദിന അവലോകനം.

**സഹജയോഗ**

ജൂൺ 21 അന്തർദേശീയ യോഗദിനത്തോടനുബന്ധിച്ച് സഹജയോഗ ജില്ലാ കോർഡിനേറ്റർ എൻ. കെ. സുരേഷുമായി നടത്തിയ അഭിമുഖം യോഗാധ്യാപകൻ ബിനോ ബേബിയുമായി നടത്തിയ അഭിമുഖവും ഇതോടനുബന്ധിച്ച് പ്രക്ഷേപണം ചെയ്തു.

**വായിച്ചുമുന്നേറാം**

ജൂൺ 18 മുതൽ ജൂലായ് 7 വരെ വായനാപക്ഷാചരണത്തിന്റെ ഭാഗമായി പ്രത്യേക പുസ്തക അവലോകന പരിപാടി.

**സംരക്ഷണത്തിന് ഒരു അംഗീകാരം**

ഊർജ്ജഭവനം റിയാലിറ്റി ഷോയെക്കുറിച്ച് എനർജി മനേജ്മെന്റ് പി. ആർ. ഓ. ബീന പി.യുമായി നടത്തിയ അഭിമുഖം.

**ആരോഗ്യം നാട്ടുവൈദ്യത്തിലൂടെ**

വെള്ളമുണ്ട 7/4 ൽ നാട്ടുവൈദ്യചികിത്സ നടത്തുന്ന ലക്ഷ്മിയുമായുള്ള അഭിമുഖം.

**വർണശോഭിതം ഡബ്ള്യൂ. എം. ഓ.**

വെള്ളമുണ്ട ഡബ്ള്യൂ. എം. ഓ. സ്കൂൾ വിദ്യാർത്ഥികൾ അവതരിപ്പിച്ച വിവിധ പരിപാടികൾ.

**ജീവിതമാകട്ടെ നമ്മുടെ ലഹരി**

ജൂൺ 26 ലോക ലഹരി വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി എക്സൈസ് ഇന്റെലിജന്റ്സ് ബ്യൂറോ പ്രിവന്റീവ് ഓഫീസർ പി. ആർ. ബാബുരാജ് നടത്തിയ പ്രഭാഷണം.

**യുവതാരം**

അന്താരാഷ്ട്ര യുവജനനൈപുണ്യദിനത്തോടനുബന്ധിച്ച് ഒരാഴ്ച വിവിധ മേഖലകളിൽ കഴിവു തെളിയിച്ചവരെ പരിചയപ്പെടുത്തി.

**കർക്കിടകം**

കർക്കിടക മാസാചരണത്തിന്റെ ഭാഗമായി ഒരുമാസം രാമായണ പാരായണം പ്രക്ഷേപണം ചെയ്തു.

**ഫാ. മനോജ് കാക്കോനാൽ**
അസി. ഡയറക്ടർ

# ജയിൽ മിനിസ്ട്രി

*“ഞാൻ വന്നിരിക്കുന്നത് നീതിമാന്മാരെ വിളിക്കാനല്ല, പാപികളെ പശ്ചാത്താപത്തിലേക്കു ക്ഷണിക്കാനാണ്* ” (ലൂക്ക 5:32).

പലവിധ കാരണങ്ങളാൽ ദൈവസ്നേഹവും സഹോദര സ്നേഹവും അനുഭവിക്കാൻ കഴിയാതെ ജയിലുകളിൽ കഴിയുന്നവരെ ഓർക്കാം, പ്രാർത്ഥിക്കാം. യേശുസാഹോദര്യകൂട്ടായ്മയിലെ അംഗങ്ങൾ, പ്രത്യേകിച്ച് എസ്. എച്ച്, എഫ്. സി. സി സിസ്റ്റേഴ്സ്, തടവറ സന്ദർശന ത്തിലൂടെയും കൗൺസിലിംഗിലൂടെയും ജയിലുകളിൽ കഴിയുന്നവർക്ക് പുതിയ ദിശാബോധം നൽകുന്നു. ജൂൺ 2-ന് മാനന്തവാടി സ്നേഹദീപം ട്രസ്റ്റിന്റെ നേതൃത്വത്തിൽ വൈത്തിരി സബ്ബ് ജയിൽ സന്ദർശിക്കുകയും കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു. റവ. ഫാ. ബെന്നി പാറാനിയിൽ O. Praem, സി. സെലിൻ SABS എന്നിവർ നേതൃത്വം നല്കി. പരിപാടികൾ അവതരിപ്പിച്ച എല്ലാവർക്കും നന്ദി.

ഈ വർഷം മാനന്തവാടി ജില്ലാ ജയിലും വൈത്തിരി സബ്ബ് ജയിലും സന്ദർശിക്കുവാനും കലാപരിപാടികൾ അവതരിപ്പിക്കാനും ആഗ്രഹമുള്ളവർ അറിയിക്കുമല്ലോ.

**ഫാ. ജോൺ പുളിന്താനത്ത്**
ഡയറക്ടർ, ജീസസ് ഫ്രട്ടേണിറ്റി

**June-July**

1. ACCA Orientation Programme was conducted by the Department of Commerce for II$^{nd}$ & III$^{rd}$ year commerce students on 17/06/2019. The programme was led by Mr.Shone Babu, Strategic manager of ISDC.
2. Department of Commerce conducted an Alumni interaction programme on 19/6/19. Mr Ansar Usman, Department of Commerce, interacted with our III$^{rd}$ year B.Com students.
3. ''Reading Week'' was celebrated with great enthusiasm from 19$^{th}$ to 25$^{th}$ June. Department of English conducted an essay competition & quiz competition on Reading Day and Department of Commerce organized memory Test, debate, poster making, cartoon competition, quiz competition etc.
4. International Yoga Day was observed on 21$^{st}$ June. The programme was formally inaugurated at 7.45 am by Dr Maria Martin Joseph, Principal, Mary Matha College. 142 NCC cadets from GVHSS Mananthavady, Government College Mananthavady and Mary Matha College participated in the event. Capt. Dr Rajeev Thomas, Mr. Henri Maria Das and officials from Excise Department, Volley ball players of Indian Navy, Coach Mr Sheejith were also present .
5. NCC Cadets, who were assigned Loksabha election duty in April 2019, were congratulated by the Sub Collector in a special meeting which was held at the Municipal Town Hall on 22$^{nd}$ June 2019.
6. An Orientation programme was conducted for the newly inducted Assistant Professors of the college on 25$^{th}$ June. Dr Jose K M, Rtd. Principal, N M S M Govt. College, Kalpetta was the resource person.

7. IQAC conducted a model PSC Test for the II$^{nd}$ Year and III$^{rd}$ year students of the college. The class toppers in the model PSC test were felicitated by Fr. George Myladoor, Manager of our college.
8. The First year Degree classes commenced on 26$^{th}$ June for the academic year 2019-20.
9. Vimukthi club organzed an awareness campaign on the hazards of drug abuse, they also screened a short film produced and directed by the students as a part of the National Anti Drug Day.
10. Department of Mathematics observed 'National Statistics Day' on 1$^{st}$ July 2019. A seminar was conducted on the topic 'Statistics - History & Future'. Sammuel, a II$^{nd}$ year Bsc Computer Science student, made a presentation on Statistics- future and scope, as a part of 'Statistics Day' celebration.
11. Department of Computer Science organized a lecture and Hands-on Training on 'JavaScript Game Development by Mr.Shobi P P, Alumni, Full stack Developer, Yahaal. Com, Kuwait.
12. PTA representative Council meeting was held on 4$^{th}$ July to select new members to the Executive committee 2019-20. Mr Sudhakaran P K was elected as the Vice President of PTA.
13. Conducted Inter Departmental Volley Ball tournament in the college indoor court. .
14. Induction and orientation programme for the first year students was conducted on 8$^{th}$, 9$^{th}$ and 10$^{th}$ of July by IQAC. Orientation program for parents also conducted on 8$^{th}$ July 2019.
15. Students of our college attended the AICUF state election camp held at AICUF Center Thiruvananthapuram, from 5$^{th}$ to 7$^{th}$ of July. Mr Melvin was elected as the state joint secretary of AICUF Kerala.
16. Cultural Programme "Magneto" was organized to identify the talents as well as entertainment.
17. Mr.Arun Johney (2019 Chemistry batch) who qualified JAM and got admission in NIT Suratkal was felicitated in the college.

He thereafter motivated the students and gave them tips and guidelines for the JAM preparation.

18. P N Panicker Foundation in collaboration with Department of Higher Education, MHRD and National Digital Library India organized a half day seminar cum workshop for our students to popularize the digital library as learning resource.

**Dr Maria Martin Joseph**
Principal

മാനന്തവാടി രൂപത എഡ്യൂക്കേഷണൽ ഏജൻസിക്ക് കീഴിലുള്ള എല്ലാ വിദ്യാലയങ്ങളിലും ഈ വർഷം ആരംഭം മുതൽ ധാരാളം മികവാർന്ന പഠന പാഠ്യേതര പ്രവർത്തനങ്ങൾ നടന്നു. എല്ലാ വിദ്യാലയങ്ങളിലും സന്മാർഗ്ഗപാഠം ക്ലാസുകൾ ജൂൺ 10-ാം തീയതി തന്നെ ആരംഭിച്ചു.

**ടീച്ചേഴ്സ് ഗിൽഡ്**

കോർപ്പറേറ്റിന് കീഴിലുള്ള അധ്യാപകരുടെ കൂട്ടായ്മയായ കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെ മലബാർ മേഖലാ സംഗമം കണ്ണൂരിൽ നടന്നു. അതിന് മുന്നോടിയായി എക്സിക്യൂട്ടീവ് മീറ്റിംഗ് മാനന്തവാടി രൂപതാ കോർപ്പറേറ്റ് ഓഫീസിൽ വെച്ച് നടന്നു. കോർപ്പറേറ്റ് മാനേജർ ഫാ. ജോൺ പൊൻപാറക്കൽ അദ്ധ്യക്ഷത വഹിച്ചു. മലബാർ മേഖലയിലെ എല്ലാ രൂപതാ കോർപ്പറേറ്റുകളിൽ നിന്നുമുള്ള അദ്ധ്യാപകർ പങ്കെടുത്ത സംഗമത്തിൽ വിദ്യാഭ്യാസ മേഖല അഭിമുഖീകരിക്കുന്ന നിരവധി പ്രശ്നങ്ങൾ ചർച്ച ചെയ്തു.

**സ്കൂൾ പ്രവർത്തന റിപ്പോർട്ട്**

**പുതിയിടംകുന്ന് സെന്റ് പോൾസ് എൽ. പി. സ്കൂൾ**

പ്രവേശനോത്സവം - സ്കൂൾ മാനേജർ റവ. ഫാ. തോമസ് പെരുമാട്ടിക്കുന്നേൽ പൊതു സമ്മേളനം ഉദ്ഘാടനം ചെയ്തു. വർണ്ണാഭമായ പ്രവേശനോത്സവ റാലിയും നടത്തി.

വായനാദിനം -ജൂൺ 19-ന് നടത്തിയ വായനാദിനാചരണത്തിൽ വാർഡ് മെമ്പർ ശ്രീ. മനു കുഴിവേലിൽ മുഖ്യാഥിതിയായിരുന്നു. അന്നേദിവസം നല്ലൂർനാട് സർവ്വീസ് സഹകരണ ബാങ്ക് 5000 രൂപയുടെ ലൈബ്രറി പുസ്തകങ്ങൾ സ്കൂളിന് സമ്മാനിച്ചു. വായനാമത്സരം, ക്വിസ്, ആസ്വാദനകുറിപ്പ് തയ്യാറാക്കൽ മുതലായവയും നടത്തി.

അന്താരാഷ്ട്ര യോഗദിനം സ്കൂൾ തലത്തിൽ വിപുലമായ പരിപാടികളോടെ നടത്തി. അതിനോടനുബന്ധിച്ച് യോഗാക്ലാസ്സും പരിശീലനവും ഉണ്ടായിരുന്നു.

ലഹരിവിരുദ്ധവാരാചരണത്തിന്റെ ഭാഗമായി എക്സൈസ് വകുപ്പിന്റെ സഹകരണത്തോടെ അധ്യാപകരും രക്ഷിതാക്കളും ആദിവാസി കോളനികൾ സന്ദർശിച്ച് ലഹരിവിരുദ്ധബോധവൽക്കരണം നടത്തു

കയും ലഘുലേഖകൾ വിതരണം ചെയ്യുകയും ചെയ്തു. ലഹരി വിരുദ്ധ റാലിയും നടത്തി.

**ബത്തേരി അസംപ്ഷൻ എ. യു. പി. സ്കൂൾ**

പ്രവേശനോത്സവം: 2019-20 വർഷത്തെ പ്രവേശനോത്സവം മാനേജർ റവ. ഫാ. ജെയിംസ് പുത്തൻപറമ്പിൽ ഉദ്ഘാടനം ചെയ്തു. ഈ വർഷം 290 വിദ്യാർത്ഥികൾ സ്കൂളിൽ പ്രവേശനം തേടി.

CCTV: കുട്ടികളുടെ സുരക്ഷിതത്വവും അച്ചടക്കവും മെച്ചപ്പെടുത്തുതിന്റെ ഭാഗമായി 2 ലക്ഷം രൂപ ചിലവിൽ CCTV യും ഇൻവർട്ടറും സ്ഥാപിച്ചു.

ശിശുസൗഹൃദക്ലാസ്സുകൾ: ഈ അധ്യായനവർഷം എൽ. പി. വിഭാഗത്തിന് പുതിയ 105 ഡസ്കും ബഞ്ചും നിർമ്മിച്ചു. 4.25 ലക്ഷം രൂപ ചെലവാക്കിയാണ് 1 മുതൽ 3 വരെ ക്ലാസ്സുകൾ ശിശു സൗഹൃദമാക്കിയത്.

**വായനാവർഷം**

പുസ്തകവിതരണം, പുസ്തകശേഖരണം, വിവിധമത്സരങ്ങൾ, പുസ്തകറാലി, പത്രവാർത്ത ക്വിസ് എന്നീ പരിപാടികളോടെ വായനാ വർഷാചരണത്തിന് തുടക്കം കുറിച്ചു.

**ലഹരിവിരുദ്ധ വാരാചരണം**

ലഹരിക്കെതിരെ വിദ്യാർത്ഥിമതിൽ, വിദ്യാർത്ഥികളുടെ ലഹരി വിരുദ്ധപ്രതിജ്ഞ, ലഹരിവിരുദ്ധ ക്ലബ് രൂപികരണം, ബോധവൽക്കരണ ക്ലാസുകൾ, ക്വിസ്, കൊളാഷ്, പ്രസംഗം, മോണോ ആക്ട് മത്സരങ്ങൾ, ലഹരി വിരുദ്ധ സന്ദേശം, കവിതാ രചന മത്സരം എന്നീ പരിപാടികളോടെ ലഹരി വിരുദ്ധ വാരാചരണം നടത്തി.

**നെൽവിത്തുകളുടെ ശേഖരണവും കൃഷിയും**

വിത്തുകളുടെ സംരക്ഷണവും പ്രചരണവും ലക്ഷ്യമാക്കി വിവിധ വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ആയി 47 ഇനം പരമ്പരാഗത നെൽവിത്തുകൾ ശേഖരിച്ചു. ഗ്രോ ബാഗുകളിൽ സ്ക്കൂൾ പരിസരത്ത് നെല്ല് കൃഷി ചെയ്യുന്നു.

**ടോയ്ലറ്റ് കോംപ്ലക്സ്**

സുൽത്താൻ ബത്തേരി മുൻസിപ്പാലിറ്റി 7. 5 ലക്ഷം രൂപ ചിലവിൽ നിർമ്മിച്ചു നൽകിയ ടോയ്ലറ്റ് കോംപ്ലക്സിന്റെ ഉദ്ഘാടനം മുൻസിപ്പൽ ചെയർമാൻ ശ്രീ. ടി. എൽ. സാബു നിർവഹിച്ചു.

**ഫാ. ബിജു പൊൻപാറയ്ക്കൽ**

കോർപ്പറേറ്റ് മാനേജർ

# Pastoral Centre Programme



## August 2019

| | | |
|---|---|---|
| 2 | - | Department of Youth Ministry |
| 3 | - | Zion CRC |
| 4-8 | - | Zion Retreat |
| 9 | - | Department of Youth Ministry |
| 10 | - | Kudumba Koottayma : Seminar for Trustees |
| | - | Catechism |
| | - | KCYM |
| | - | Department of Youth Ministry |
| 11-14 | - | Marriage preparation course |
| 12 | - | Catechism |
| 16-19 | - | Zion Retreat |
| 23-24 | - | Anima KCYM: Animators' Training Programme |
| 24 | - | Catechism |
| | - | CML |

**Fr. Paul Vazhappilly**
Director, Pastoral Centre

# Bishop's Programme



***August 2019***

*01 Thu .................. Engaged*
*02 Fri .................. Out of Station*
*03 Sat .................. Dwaraka: Vianney Day*
*04 Sun .................. Makkiyad: OSB Monastery*
*05 Mon - 10 Sat ..... KCBC - Retreat*
*12 Mon .................. Visitors' Day*
*13 Tue -14 Wed ...... Out of Station*
*15 Thu -16 Fri ....... Kunnoth Seminary*
*17 Sat - 31 Sat ....... Kakkanad: Syro-Malabar Synod*

## *September 2019*

*01 Sun .................. Vallikettu*
*02 Mon .................. Out of Station*
*04 Wed .................... Visitors' Day*
*05 Thu -06 Fri ........ Out of Station*
*07 Sat ..................... Thalappuzha: Blessing of Church*
*08 Sun ..................... Puthurvayal: Pastoral Visit*
*11 Wed -12 Thu ...... Pro-life Meeting*
*13 Fri ...................... Out of Station*
*15 Sun - 20 Fri ........ Priests' Annual Retreat - 1st Batch*
*22 Sun - 27 Fri ........ Priests' Annual Retreat - 2nd Batch*

• • •